ദീപനാളം
സത്യപ്രകാശമേ നയിച്ചാലും
ESTD-1968
കലാസാംസ്കാരിക ദേശീയവാരിക
2021 മേയ് 6 | ദീപം 54 | നാളം 9 | Published from : PALA | പേജ് 20 | വില 6 രൂപ | www.deepanalam.org

# ദൈവസ്വരത്തിനു കാതോർക്കാൻ ഒരു മഹാമാരിക്കാലം



**തൊണ്ണൂറ്റഞ്ചിന്റെ നിറവിലെത്തിനില്ക്കുന്ന പാലാ രൂപതയുടെ മുൻ അധ്യക്ഷൻ മാർ ജോസഫ് പള്ളിക്കാപറമ്പിൽ കൊവിഡ് മഹാമാരി സൃഷ്ടിച്ചിരിക്കുന്ന ആഗോളപ്രതിസന്ധിയെ ആത്മീയ കാഴ്ചപ്പാടിൽ വിലയിരുത്തുന്നു.**

വർത്തമാനം

**ഫാ. കുര്യൻ തടത്തിൽ**

കൊവിഡ് മഹാമാരി ലോകമെമ്പാടും പടർന്നുപിടിച്ചിട്ട് ഏതാണ്ട് ഒന്നര വർഷത്തോളമായി. കർഫ്യൂ, ലോക്ഡൗൺ വഴിയുള്ള നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടും രോഗം പലയിടങ്ങളിലും അതിതീവ്രമായി വളരുകയാണ്. കഴിഞ്ഞ വർഷം സമ്പൂർണ ലോക്ഡൗൺ വന്നപ്പോൾ എല്ലാം ശുഭമാകുമെന്നു പ്രതീക്ഷിച്ചവരാണ് നമ്മൾ. അക്കാലത്ത് കൊവിഡ് പ്രതിരോധയജ്ഞത്തിലെ മികവിന്റെ പേരിൽ ലോകം മുഴുവൻ പേരെടുത്ത ഒരു സംസ്ഥാനമായിരുന്നു കേരളം. അതുപോയിട്ട് ഇന്ന് ഇന്ത്യ കൊവിഡ് വ്യാപനത്തിൽ മറ്റെല്ലാ രാജ്യങ്ങളെക്കാളും മുമ്പിൽ നില്ക്കുന്നു, ഇന്ത്യയിൽത്തന്നെ ഏറ്റവും കൂടുതൽ കൊവിഡ് രോഗികളുള്ളത് മഹാരാഷ്ട്രയിലും. നമ്മുടെ കേരളവും പ്രതിദിനക്കണക്കിൽ ഒട്ടും പിന്നിലല്ല. ഈ മഹാമാരിയുടെമുമ്പിൽ നാം പകച്ചുനില്ക്കുന്നു.

മുമ്പും ഇത്തരം മഹാമാരികൾ മാനവരാശിയുടെമേൽ പതിച്ചിട്ടുണ്ട്. 18-ാം നൂറ്റാണ്ടിൽ യൂറോപ്പിലെ ജനങ്ങളിൽ പകുതിയോളംപേർക്കു ജീവഹാനി ഉണ്ടാക്കിയ ബ്ലാക്ക് ഡെത്ത് അതിലൊന്നാണ്. ഒന്നാം ലോകമഹായുദ്ധത്തിനുശേഷം യൂറോപ്പിലാകെ സ്പാനിഷ് ഫ്ളൂ പടർന്നുപിടിച്ചു. ലക്ഷക്കണക്കിനാളുകൾക്കു ജീവഹാനിയുണ്ടായി. പക്ഷേ, ഈ മഹാമാരികളൊക്കെ ലോകത്തിന്റെ ചിലയിടങ്ങളിൽ ഒതുങ്ങിനിന്നു. എന്നാൽ, കൊവിഡ്-19 ഒരു രാജ്യത്തോ സംസ്ഥാനത്തോ ഭൂഖണ്ഡത്തിലോ മാത്രമല്ല, ലോകമാസകലം വ്യാപിച്ചിരിക്കുകയാണ്.

എന്താണിതിനു കാരണമെന്നു ചോദിച്ചാൽ നമുക്കു മറുപടിയില്ല. ആളുകളുടെ ഈ അവസ്ഥ കാണുമ്പോൾ വളരെ വേദനയുണ്ട്. മനുഷ്യന്റെ അഹന്തയ്ക്കു കിട്ടിയ ചെറിയൊരു അടിയാണിതെന്ന് എനിക്കു തോന്നുന്നു. നമ്മൾ ലോകംമുഴുവൻ കീഴടക്കിയിരിക്കുകയാണ്. ശാസ്ത്ര സാങ്കേതികരംഗത്തും മറ്റു നിരവധി മേഖലകളിലും നാം കൈവരിച്ച നേട്ടങ്ങൾക്കു കണക്കില്ല. ചന്ദ്രനിൽ കാലുകുത്തിയിട്ട് അരനൂറ്റാണ്ടു പിന്നിട്ടിരിക്കുന്നു. ഇപ്പോൾ ചൊവ്വയിലുമെത്തിയിരിക്കുന്നു. അജയ്യനാണെന്നു സ്വയം അഹങ്കരിക്കുകയാണ് മനുഷ്യൻ. എന്നാൽ, നഗ്നനേത്രങ്ങൾകൊണ്ടു കാണാൻ പോലുമാവാത്ത ഒരു ചെറിയ വൈറസ് മനുഷ്യനെ കീഴടക്കിയിരിക്കുകയാണ്.

ദൈവം മനുഷ്യനു നല്കിയിരിക്കുന്ന ഒരു പരീക്ഷണമാണിതെന്നു മനസ്സിലാക്കണം. കൊവിഡ് മഹാമാരിയുടെ വ്യാപനം ഒരുവർഷം പിന്നിട്ടിട്ടും അതിന് ഒരു പ്രതിവിധി കണ്ടെത്താൻ മനുഷ്യനോ അവന്റെ ശാസ്ത്രത്തിനോ കഴിഞ്ഞിട്ടില്ല. ദൈവത്തിനുമാത്രമേ ഈ വ്യാധി നിയന്ത്രിക്കാൻ സാധിക്കുകയുള്ളൂ. ദൈവത്തിലാശ്രയിക്കുക മാത്രമേ മനുഷ്യനു കരണീയമായിട്ടുള്ളൂ. മനുഷ്യൻ അവന്റെ കണ്ടുപിടിത്തങ്ങളിലും നേട്ടങ്ങളിലും മാത്രം പലപ്പോഴും ആശ്രയിച്ചുനില്ക്കുന്നു. അതിനപ്പുറത്ത് ദൈവത്തിലാശ്രയിക്കുക. പ്രാർത്ഥനയിൽ അഭയം പ്രാപിക്കുക. ദൈവത്തിന് അസാദ്ധ്യമായി ഒന്നുമില്ലെന്ന് ഉറച്ചുവിശ്വസിക്കുക. ശാസ്ത്രത്തിനു പരിമിതികളുണ്ട്. അവർക്ക് ആകെ ചെയ്യാൻ പറ്റുന്നത് പ്രതിരോധ വാക്സിൻ കണ്ടെത്തുക എന്നതു മാത്രമാണ്. പക്ഷേ, ഏത് എത്രത്തോളം ഫലപ്രദമാണ് എന്നതുപോലും അവന്റെ നിയന്ത്രണത്തിനപ്പുറമാണ്. ശാസ്ത്രത്തിലുള്ള അമിതവിശ്വാസവും അഹങ്കാരവും കൈവിട്ടിട്ട് മനുഷ്യൻ ദൈവത്തിൽ പരിപൂർണമായി ആശ്രയിക്കണം.

കൊവിഡ് ബാധയുടെ ആദ്യകാലങ്ങളിൽ ഇതിനെക്കുറിച്ചു കേട്ടത്, ചൈന കണ്ടെത്തിയ ഒരു ജൈവായുധമാണ് ഇതെന്നാണ്. അതിന്റെ വാസ്തവമെന്തെന്ന് നമുക്കറിയില്ല. വർഷകാലത്തും തണുപ്പുകാലത്തുമാണ് ഈ രോഗം വർദ്ധിക്കുന്നതെന്ന് യൂറോപ്പിലുള്ളവർ വിശ്വസിച്ചു. ചൂടുകാലമാകുമ്പോൾ രോഗബാധ കുറയുമെന്നുതന്നെയാണ് കരുതിയിരുന്നത്. എന്നാൽ, എല്ലാ കാലാവസ്ഥയിലും രോഗബാധ വർദ്ധിച്ചുവരികയാണ്. ശാസ്ത്രത്തിന്റെ എല്ലാ നിഗമനങ്ങളും മാറ്റേണ്ടിവന്നിരിക്കുന്നു. കൊവിഡ് 19 എന്ന മഹാവ്യാധിയുടെ യഥാർത്ഥ കാരണമെന്തെന്നുപോലും കണ്ടെത്താൻ ഇനിയും ശാസ്ത്രത്തിനു കഴിഞ്ഞിട്ടില്ല.

ഈ മഹാവ്യാധി എന്നവസാനിക്കുമെന്നോ മാനവരാശിയുടെ ഭാവി എന്തായിരിക്കുമെന്നോ ഒരു നിശ്ചയവുമില്ലാത്ത അവസ്ഥയാണിന്ന്. രോഗവ്യാപനം രൂക്ഷമായ സാഹചര്യത്തിൽ പല വിദേശരാജ്യങ്ങളും ഇന്ത്യാക്കാർക്കു പ്രവേശനാനുമതി നിഷേധിച്ചിരിക്കുകയാണ്. വിദേശരാജ്യങ്ങളിൽ തൊഴിലെടുത്തു ജീവിച്ചിരുന്ന കോടിക്കണക്കിനാളുകളുടെ ജീവിതം ഇതുമൂലം വഴിമുട്ടിയിരിക്കുന്നു. അവധിക്കു നാട്ടിലേക്കു വന്ന പ്രവാസികൾക്ക് തിരികെപ്പോകാനും സാധിക്കാതെ വന്നിരിക്കുന്നു. അവരെ തൊഴിലുടമകൾ തിരിച്ചെടുക്കാനും തയ്യാറാകുന്നില്ല.

മനുഷ്യന്റെ പരിമിതികളെ അംഗീകരിക്കുന്നതിനുള്ള അവസരമായി നമുക്ക് ഈ മഹാമാരിയെ കണക്കാക്കാം. എങ്കിൽ മാത്രമേ പരിധികളും പരിമിതികളുമില്ലാത്ത ദൈവത്തിലേക്കു നമുക്കു തിരിയാനാവൂ. കൊറോണാ വൈറസിനെതിരായുള്ള വാക്സിൻ കണ്ടുപിടിച്ച 2021 ശാസ്ത്രയുഗമായി പ്രഖ്യാപിക്കണമെന്നുവരെ ചിലർ അഭിപ്രായപ്പെടുകയുണ്ടായി. മനുഷ്യർക്ക് ദൈവം നിരവധി കഴിവുകൾ കനിഞ്ഞനുഗ്രഹിച്ചിട്ടുണ്ട്. മനുഷ്യന്റെ എല്ലാ കണ്ടുപിടിത്തങ്ങളും ദൈവത്തിന്റെ അനുഗ്രഹങ്ങളാണ്. മനുഷ്യൻ നിരവധി നേട്ടങ്ങൾ കൈവരിക്കുന്നുമുണ്ട്. എന്നാൽ, അവയ്ക്കൊക്കെയും പരിമിതികളുണ്ട്. ശാസ്ത്രയുഗമെന്നു പ്രഖ്യാപിക്കാൻമാത്രം നേട്ടങ്ങൾ കൊയ്യാൻ മനുഷ്യന് നാളിതുവരെയും സാധിച്ചിട്ടുണ്ടെന്നു ഞാൻ കരുതുന്നില്ല. അത് മനുഷ്യന്റെ അഹന്തയിൽനിന്നു രൂപമെടുത്ത ഒരു പ്രസ്താവനയായി മാത്രമേ ഞാൻ കരുതുന്നുള്ളൂ.

ഈശ്വരാന്വേഷണത്തിന് മുൻതൂക്കം കൊടുക്കുകയും അതിനാവശ്യമായ പ്രബോധനം നല്കുകയും ചെയ്യേണ്ടത് ഇന്നിന്റെ ആവശ്യമാണ്. പ്രതിസന്ധികളും സങ്കടങ്ങളും ഉണ്ടാകുമ്പോൾമാത്രം ദൈവത്തെ അന്വേഷിക്കാതെ ദൈവത്തോടുള്ള നമ്മുടെ ബന്ധം എല്ലാക്കാലത്തും വിസ്മരിക്കാതെ സൂക്ഷിക്കേണ്ടതാണ്. ബാല്യകാലങ്ങളിൽ ദൈവവിശ്വാസിയായി ജീവിച്ചിരുന്ന പലരും വളർച്ചയെത്തുമ്പോൾ ദൈവത്തെ സൗകര്യപൂർവം മറക്കുന്നതും നമ്മൾ കാണുന്നുണ്ട്. നിയന്ത്രണങ്ങളുടെ പേരിൽ ദൈവാരാധന സൗകര്യപൂർവം വിസ്മരിച്ചവരാണ് പലരും. അതേസമയം വളരെയധികം ആളുകൾ ദൈവാലയങ്ങളിൽ വന്ന് വി. കുർബാനയിലും ദിവ്യകാരുണ്യാരാധനയിലും പങ്കെടുത്തിരുന്നതും നമുക്കറിയാം. കൂട്ടംകൂടിയുള്ള പ്രാർത്ഥകളും ആരാധനകളും ഒഴിവാക്കിയുള്ള ഇത്തരം സംവിധാനങ്ങൾ നമ്മുടെ പള്ളികളിൽ കൊവിഡ് നിയന്ത്രണങ്ങൾ പാലിച്ചുകൊണ്ടുതന്നെ ഒരുക്കേണ്ടതാണ്.

► 5

# പാലായുടെ പരിമളമായിത്തീർന്ന പുണ്യതാതൻ

## തിരുഹൃദയപ്രേഷിതനും തിരുഹൃദയസന്ന്യാസിനീസമൂഹത്തിന്റെ സ്ഥാപകനുമായ ധന്യൻ കദളിക്കാട്ടിൽ മത്തായിയച്ചൻ ജനിച്ചിട്ട് ഏപ്രിൽ 25 ന് 150 വർഷം



ഡോ. സിറിയക് തോമസ്

**ജീ**വിച്ചിരിക്കെത്തന്നെ വിശുദ്ധനായ ഒരു വൈദികനെന്നു വിശ്വാസിസമൂഹം ഒന്നടങ്കം വിലയിരുത്തിയ വൈദികശ്രേഷ്ഠനായിരുന്നു കദളിക്കാട്ടിൽ മത്തായിയച്ചൻ. ഭൗതികപദവികളിലൊന്നും ഒരിക്കലും അഭിരമിക്കാതിരുന്ന ഒരു യഥാർത്ഥ ആത്മീയനായിരുന്നു അച്ചൻ. സാമാന്യം സമ്പന്നകുടുംബത്തിലായിരുന്നു അച്ചന്റെ ജനനം. ജീവിക്കാനുള്ള കഷ്ടപ്പാടുകളൊന്നും ഉണ്ടായിരുന്നുമില്ല. വികാരിയായി പള്ളിഭരണം നടത്തിയിരുന്ന കാലത്തും ലാളിത്യമായിരുന്നു കദളിക്കാട്ടിലച്ചന്റെ ജീവിതമുഖമുദ്ര. എന്നാൽ, ക്രാന്തദർശിയുമായിരുന്നു അച്ചൻ. ളാലം പഴയപള്ളിയിലും പുത്തൻപള്ളിയിലും വികാരിയായി പ്രവർത്തിച്ചവർ വിരലിൽ എണ്ണാനേയുള്ളൂ എന്നതാണ് യാഥാർത്ഥ്യം. പള്ളികൾതമ്മിൽ ചരിത്രപരമായ കാരണങ്ങൾകൊണ്ടു നിലനിന്നിരുന്ന 'രഹസ്യമത്സരമനോഭാവം' കദളിക്കാട്ടിലച്ചന്റെ സേവനകാലത്ത് ഇരുപള്ളികളിലും അനുഭവപ്പെട്ടതുമില്ല. അച്ചൻ എന്നും മനസ്സിൽ മത്സരമുക്തനായിരുന്നുവെന്നു സാരം. അടിസ്ഥാനപരമായി ഒരു സമാധാനപ്രിയനും.

ആറിനക്കരെ കണ്ണാടിയുറുമ്പ് ക്ലാരമഠത്തോടനുബന്ധിച്ചു പ്രവർത്തിച്ചുപോന്ന സെന്റ് മേരീസ് ഗേൾസ് സ്കൂൾ ടൗണിൽ ളാലം പള്ളിക്കു സമീപത്തേക്കു മാറ്റിയത് കദളിക്കാട്ടിലച്ചന്റെ ക്രാന്തദർശിത്വത്തിന്റെ ഫലമായിരുന്നു. അതിനാവശ്യമായ അനുമതി - സർക്കാരിന്റെയും സഭാധികാരികളുടെയും - നേടിയെടുക്കാനും അച്ചനു പ്രയാസമൊന്നുമുണ്ടായില്ല. അന്നുമുതൽ ളാലം പഴയപള്ളിയുടെ വികാരിതന്നെയായിരുന്നു സെന്റ് മേരീസ് സ്കൂളിന്റെയും ലോക്കൽ മാനേജർ.

ഒരർത്ഥത്തിൽ പറഞ്ഞാൽ, കദളിക്കാട്ടിലച്ചൻ കാലത്തിനുമുമ്പേ പറന്ന ഒരു പക്ഷിയായിരുന്നു. കാലത്തിനൊപ്പം നടക്കുമ്പോഴും കാലത്തിനപ്പുറത്തേക്കുകൂടി നോക്കിക്കാണാൻ അച്ചനു കഴിഞ്ഞിരുന്നു. അച്ചൻ മുന്നോട്ടുവച്ച പല ആശയങ്ങളും ഉൾക്കൊള്ളാൻ അന്നത്തെ അധികാരികൾക്കോ തന്റെ സഹവൈദികർക്കോ കഴിഞ്ഞിരുന്നില്ല. പലതും അന്നത്തെ യാഥാസ്ഥിതിക സമൂഹത്തിനും അത്ര സ്വീകാര്യമായിത്തോന്നിയിരുന്നില്ല. പക്ഷേ, എതിർപ്പുകളോ വിമർശനങ്ങളോ ഒന്നും കദളിക്കാട്ടിലച്ചനെ തന്റെ ലക്ഷ്യത്തിൽനിന്നു പിന്തിരിപ്പിച്ചില്ല.

അനാഥരെയും ആലംബഹീനരെയും ശുശ്രൂഷിക്കാനുള്ള ദൗത്യത്തെ ജീവിതനിയോഗമായി തിരിച്ചറിഞ്ഞതോടെയാണ് അച്ചൻ, താൻ താമസിച്ചിരുന്ന പാലാ വലിയപള്ളിക്കടുത്തായിത്തന്നെ തന്റെ ആദ്യസേവനകേന്ദ്രം തുറന്നത്. പെൺകുട്ടികൾക്കുവേണ്ടി ആരംഭിച്ച ബാലമന്ദിരത്തിന്റെ മേൽനോട്ടത്തിനു സ്ത്രീകൾതന്നെ വേണമെന്ന തിരിച്ചറിവിലാണ് അച്ചൻ ഒരു സന്ന്യാസിനീസമൂഹത്തിനുവേണ്ടി ശ്രമമാരംഭിച്ചത്. സഭാധികാരികൾപോലും ആദ്യമൊന്നും അതിനോട് അത്ര അനുകൂലനിലപാടല്ല സ്വീകരിച്ചത്. അന്നത്തെ കാലസാഹചര്യങ്ങളിൽ അതിൽ അദ്ഭുതവുമില്ല. ഒടുവിൽ ബാലികമാരുടെ സംരക്ഷണത്തിനും സുരക്ഷയ്ക്കും മുതിർന്ന സ്ത്രീകളുടെ സാന്നിധ്യമാവശ്യമാണെന്ന തന്റെ വാദം അധികാരികളെക്കൊണ്ട് അംഗീകരിപ്പിക്കുവാൻ അച്ചനു കഴിഞ്ഞു. അങ്ങനെയാണ് ഏതാനും യുവതികളെ ചേർത്ത് ഒരു ഭക്തസ്ത്രീസംഘത്തിന് അച്ചൻ പ്രാരംഭം കുറിച്ചത്. അപ്പോഴും എതിർക്കാനും വിമർശിക്കാനും ഒട്ടേറെപ്പേരുണ്ടായി. എങ്കിലും പലരിൽനിന്നു കടംവാങ്ങിയും സ്വന്തം പത്രമേനികൂടി ഉപയോഗിച്ചുമാണ് അച്ചൻ വസ്തുവിന്റെ ആധാരം നടത്തിയതും ഒരു താത്കാലികകെട്ടിടം പണിതുണ്ടാക്കിയതും. പല വീടുകളിൽനിന്നും നിരാലംബരും നിരാശ്രയരുമായ പെൺകുട്ടികൾ ബാലികാഭവനിലേക്കെത്തിയപ്പോഴാണ് താൻ മനസ്സിലാക്കിയതിലും എത്രയോ കൂടുതൽ ഗൗരവമേറിയ ഒരു പ്രശ്നത്തിലാണ് താൻ ഇടപെട്ടതെന്ന തിരിച്ചറിവ് അച്ചനും ഉണ്ടായത്. മുന്നോട്ടുവച്ച കാൽ പിന്നോട്ടുവയ്ക്കുവാൻ ഒട്ടേറെ സമ്മർദങ്ങളുണ്ടായി. എന്നാൽ, അച്ചൻ പിന്തിരിഞ്ഞില്ലെന്നു മാത്രമല്ല, നാടുമുഴുവൻ നടന്നു പണവും അരിയും പഴയ വസ്ത്രങ്ങളുമൊക്കെ ശേഖരിച്ചു താനാരംഭിച്ച സ്ഥാപനത്തിന്റെ നടത്തിപ്പിനായി തന്റെ സമയവും യത്നവും സമർപ്പിക്കുകയാണുണ്ടായത്.



എന്നും തിരുഹൃദയഭക്തനായിരുന്നു അച്ചൻ. തന്റെ പരിശ്രമങ്ങളെ തിരുഹൃദയത്തിനു സമർപ്പിച്ചുകൊണ്ട് അച്ചൻ താൻ തിരഞ്ഞെടുത്ത സേവനപാതയിൽ ഉറച്ചുനിന്നു. താൻ മനസ്സിൽ കണ്ട 'തിരുഹൃദയസന്ന്യാസിനീസമൂഹ'ത്തിന്റെ കാനോനികമായ അംഗീകാരത്തിനുവേണ്ടിയുള്ള ശ്രമങ്ങൾ അച്ചൻ ശക്തമാക്കുകയാണുണ്ടായത്. ഒടുവിൽ, സഭാധികാരികളും അച്ചന്റെ നിരന്തരമായ നിവേദനങ്ങളെ അനുഭാവത്തോടെ പരിഗണിക്കുകയും പടിപടിയായ നടപടികളിലൂടെ തിരുഹൃദയസന്ന്യാസിനീസമൂഹത്തെ (എസ്.എച്ച്. കോൺഗ്രിഗേഷൻ) കാനോനികമായി അംഗീകരിക്കുകയും ചെയ്തു. അതോടെ എതിർപ്പിന്റെ മഞ്ഞുരുകി. അച്ചന്റെ പുണ്യജീവിതത്തെ സമൂഹവും ജനങ്ങളും തിരിച്ചറിഞ്ഞുവെന്നു സാരം. യുദ്ധകാലസാഹചര്യങ്ങളും നാട്ടിലെ സാമ്പത്തികപ്രതിസന്ധിയും പലപ്പോഴും സന്ന്യാസിനികൾക്കും അവരുടെ സംരക്ഷണത്തിലായിരുന്ന ബാലികമാർക്കും ഒരു നേരത്തെ ഭക്ഷണംപോലും ഉറപ്പാക്കുന്നതിൽ തടസ്സം സൃഷ്ടിച്ചിരുന്നു. അച്ചനും പലപ്പോഴും അവർക്കൊപ്പം പട്ടിണി പങ്കുവച്ചു. ഉദരസംബന്ധമായ ശാരീരികപ്രയാസങ്ങൾ അച്ചന്റെ ആരോഗ്യത്തെ അപകടത്തിലാക്കി. അകാലത്തിലാണച്ചൻ കാലത്തെ കടന്നുപോയത്.

1872 ഏപ്രിൽ 25 നായിരുന്നു അച്ചന്റെ ജനനം. പാലായുടെ പുണ്യവഴിയിൽ ഉയർന്നുനില്ക്കുന്ന ത്യാഗാർപ്പണത്തിന്റെ ഒരു കുത്തബ്മീനാറാണ് ധന്യൻ കദളിക്കാട്ടിലച്ചൻ. 150-ാമതു ജന്മദിനത്തിൽ അച്ചന്റെ ധന്യമായ ഓർമയ്ക്കുമുമ്പിൽ പ്രണാമം!

■

## വിശുദ്ധ ജോൺ പോൾ പാപ്പാ പുരസ്കാരം







*കാത്തലിക് ഫെഡറേഷൻ ഓഫ് ഇന്ത്യയുടെ ജോൺ പോൾ പാപ്പാ പുരസ്കാരത്തിനർഹരായ പാലാ രൂപത സഹായമെത്രാൻ മാർ ജേക്കബ് മുരിക്കൻ, പ്രതിപക്ഷനേതാവ് രമേശ് ചെന്നിത്തല, ബോട്സ്വാന ഗെബ്രോൺ യൂണിവേഴ്സിറ്റി കോളജ് ഓഫ് ലോ ആൻഡ് പ്രഫഷണൽ സ്റ്റഡീസ് മാനേജിങ് ഡയറക്ടർ ഡോ. ആന്റണി പി. ജോസഫ് എന്നിവർ. മേയ് 11 ന് കോട്ടയം മാമ്മൻ മാപ്പിള ഹാളിൽ നടക്കുന്ന ചടങ്ങിൽ മിസോറാം ഗവർണർ അഡ്വ. പി. എസ്. ശ്രീധരൻപിള്ള അവാർഡുകൾ സമ്മാനിക്കും.*



■തോമസ് കുഴിഞ്ഞാലിൽ



# അലയടങ്ങാതെ കൊവിഡ് സുനാമിത്തിരകൾ

**കൊ**വിഡ് 19 ന്റെ രണ്ടാം തരംഗം രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ സുനാമിപോലെ ആഞ്ഞടിക്കുന്നതിനിടെ കരളലിയിക്കുന്ന കദനകഥകളും മാധ്യമങ്ങളിലൂടെ പുറത്തുവന്നുകൊണ്ടിരിക്കുന്നു. ഉത്തർപ്രദേശ് സംസ്ഥാനത്തെ റോബർട്സ്ഗൻജ് ജില്ലയിലെ 52 കാരിയായ രാജേശ്വരീദേവിയുടെ ദാരുണമരണമാണ് ബി.ബി.സി. റിപ്പോർട്ടു ചെയ്തത്.

കൊവിഡ് ബാധയെത്തുടർന്ന് ശ്വാസതടസ്സം നേരിട്ട രാജേശ്വരീദേവിയെ ഈ മാസം 16 നാണ് ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. കടുത്ത ന്യുമോണിയ പിടിപെട്ടുവെന്ന് സി.ടി. സ്കാനിൽ ബോധ്യമായിട്ടും ഓക്സിജൻ ലഭ്യത ഉറപ്പുവരുത്താൻ ആശുപത്രിയധികൃതർക്കു കഴിയാതെപോയി. 36 മണിക്കൂർ അത്യാഹിതവിഭാഗത്തിൽ കിടത്തിയശേഷം കൂടുതൽ സൗകര്യങ്ങളുള്ള ആശുപത്രിയിലേക്കു കൊണ്ടുപൊയ്ക്കൊള്ളാനുള്ള നിർദേശമാണവർ നൽകിയത്. ആംബുലൻസ് സൗകര്യം ലഭ്യമാകാതെ വന്നതിനാൽ സ്വന്തം കാറിൽ മറ്റൊരാശുപത്രിയിലേക്കു മാറ്റുകയായിരുന്നു. ഓക്സിജനില്ലാതെയും നഴ്സിന്റെ സഹായമില്ലാതെയും അവിടെയെത്തിയപ്പോഴേക്കും ശ്വാസം കിട്ടാതെ രാജേശ്വരീദേവി മരിക്കുകയായിരുന്നു. പുതിയ സ്ഥലത്ത് രാഷ്ട്രീയ സ്വാധീനമുപയോഗിച്ചു തരപ്പെടുത്തിയ മുറിയും കിടക്കയും അതിനുവേണ്ടി ചെലവഴിച്ച പണവും വൃഥാവിലായി.

"മരുന്നും ഓക്സിജനും ശരിയായ ശുശ്രൂഷയും കിട്ടിയിരുന്നെങ്കിൽ എന്റെ അമ്മ മരിക്കുമായിരുന്നില്ല" രാജേശ്വരീദേവിയുടെ മകൻ ബി.ബി.സി. ലേഖകനോടു വെളിപ്പെടുത്തി.

ഓക്സിജനു കടുത്ത ക്ഷാമം നേരിടുന്ന രാജ്യതലസ്ഥാനത്ത് ഡസൻകണക്കിനാളുകളാണ് ദിവസവും മരിച്ചുകൊണ്ടിരിക്കുന്നത്. ന്യൂഡൽഹിയിലെ 'ജയ്പൂർ ഗോൾഡൻ' എന്ന സ്വകാര്യാശുപത്രിയിലെ അത്യാഹിതവിഭാഗത്തിൽ കഴിഞ്ഞിരുന്ന 25 കൊവിഡ് ബാധിതർ മരണത്തിനു കീഴടങ്ങിയത് ഇക്കഴിഞ്ഞ 25-ാം തീയതി പുലർച്ചെയാണ്. മഹാരാഷ്ട്രയിലെ നാസിക്കിലുള്ള ഡോ. സക്കീർ ഹുസൈൻ ആശുപത്രിയിലെ ഓക്സിജൻ ടാങ്കിലുണ്ടായ ചോർച്ചയെത്തുടർന്ന് 24 കിടപ്പുരോഗികൾ മരണപ്പെട്ടിട്ട് ഒരാഴ്ച തികഞ്ഞിരുന്നില്ല.

**ഓക്സിജന്റെയും പ്രതിരോധമരുന്നുകളുടെയും ക്ഷാമം വരുത്തിവച്ചത്**

കൊവിഡ് പ്രതിസന്ധി രൂക്ഷമായിത്തുടരുമ്പോൾ ചികിത്സയിൽ നിർണായകമായ ഓക്സിജനും മരുന്നുകളും വ്യാപകമായി കയറ്റിയയച്ചതാണ് വിനയായത്. 2020 ഏപ്രിൽമുതൽ ഈ വർഷം ജനുവരിവരെയുള്ള പത്തു മാസങ്ങളിലായി 9,000 മെട്രിക് ടൺ ഓക്സിജൻ ഇവിടെനിന്നു വിദേശരാജ്യങ്ങളിലേക്കു കയറ്റിയയച്ചുവെന്നാണ് ഔദ്യോഗികരേഖകൾ വ്യക്തമാക്കിയിട്ടുള്ളത്. മുൻവർഷങ്ങളിലെ കയറ്റുമതിയുടെ പല മടങ്ങാണിത്. കയറ്റുമതി ചെയ്തതെല്ലാം വ്യാവസായിക ഓക്സിജനാണെന്നാണ് സർക്കാർ വാദം. ആശുപത്രികളിലേക്കുള്ള മെഡിക്കൽ ഓക്സിജനു ക്ഷാമം നേരിട്ടതോടെ വ്യാവസായികാവശ്യങ്ങൾക്കുള്ള ഓക്സിജനാണ് മെഡിക്കൽ ഓക്സിജനാക്കി മാറ്റി നൽകുന്നത്. നിലവിലുള്ള ഓക്സിജൻ പ്ലാന്റുകൾക്കുപുറമേ 162 പുതിയ വകുപ്പുകൾ നിർമിക്കുന്നതിനു ലക്ഷ്യമിട്ട് 'പിഎം കെയർ' പദ്ധതിയിൽപ്പെടുത്തി 200 കോടി രൂപ നീക്കിവച്ചിരുന്നുവെങ്കിലും 33 എണ്ണം മാത്രമേ പൂർത്തിയാക്കാൻ കഴിഞ്ഞുള്ളുവെന്ന് കേന്ദ്ര ആരോഗ്യമന്ത്രാലയം അധികൃതരും വെളിപ്പെടുത്തി.

കൊവിഡ് 19 ന്റെ വ്യാപനം രൂക്ഷമാകുന്നതിനിടെ തദ്ദേശീയമായി നിർമിച്ച 'കോവിഷീൽഡ്' വാക്സിൻ 90 രാജ്യങ്ങളിലേക്കു കയറ്റിയയച്ചത് വ്യാപകപ്രതിഷേധത്തിനും വിമർശനങ്ങൾക്കും ഇടയാക്കി. ഏപ്രിൽ രണ്ടാം വാരംവരെയുള്ള കയറ്റുമതി 6.50 കോടി ഡോസ് വാക്സിനായിരുന്നുവെന്നാണ് കേന്ദ്ര വിദേശകാര്യസഹമന്ത്രി വി. മുരളീധരൻ രാജ്യസഭയെ അറിയിച്ചത്. ഇതിൽ 3.60 കോടി വ്യാവസായിക അടിസ്ഥാനത്തിലും ഒരു കോടി ഗ്രാന്റായും 1.90 കോടി സൗഹൃദരാജ്യങ്ങളുമായി ഉണ്ടാക്കിയിട്ടുള്ള 'കോ വാക്സ്' പ്രോഗ്രാമിലും ഉൾപ്പെടുത്തിയാണെന്നും മന്ത്രി വിശദീകരിച്ചു.

ലോകത്തെ ഒന്നായി വീക്ഷിച്ചുകൊണ്ട് സ്വീകരിച്ച നടപടിയായിരുന്നു വാക്സിൻ കയറ്റുമതിയെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദിയെ ന്യായീകരിച്ചുകൊണ്ട് വിദേശകാര്യമന്ത്രി എസ്. ജയശങ്കർ രംഗത്തുവന്നെങ്കിലും ഇപ്പോഴത്തെ സങ്കീർണമായ സാഹചര്യങ്ങളെ എങ്ങനെ മറികടക്കാനാകുമെന്നു പറയാൻ അവർക്കാകുന്നില്ല. വിദേശനയത്തിൽ ജവഹർലാൽ നെഹ്റുവിന്റെ നിലപാടുകളാണ് തങ്ങൾ പിന്തുടരുന്നതെന്നാണ് ജയശങ്കറിന്റെ ന്യായീകരണം. വൻശക്തിരാഷ്ട്രങ്ങൾക്കുപോലും ചെയ്യാൻ പറ്റാത്ത കാര്യമാണ് ഇന്ത്യയ്ക്കു ചെയ്യാൻ കഴിഞ്ഞതെന്നും വാക്സിൻ കയറ്റുമതിയെ പരാമർശിക്കവേ വിദേശകാര്യമന്ത്രി പറഞ്ഞുവച്ചു.

"മെഡിക്കൽ ഓക്സിജന്റെ കുറവും വാക്സിൻ ക്ഷാമവുമാണ് രാജ്യം നേരിടുന്ന പ്രധാന പ്രതിസന്ധി. ഹൈദരാബാദിലെ ഭാരത് ബയോടെക് ഉത്പാദിപ്പിക്കുന്ന കോവാക്സിനും റഷ്യൻനിർമിത സ്പുട്നിക്-വി യും വിതരണത്തിനെത്തുമ്പോൾ വാക്സിൻ ക്ഷാമത്തിനു പരിഹാരമാകും. ഓക്സിജൻ ലഭ്യതയ്ക്ക് പ്രധാനമന്ത്രിയുടെ ശക്തമായ ഇടപെടലുമുണ്ടാകും." ഇന്ത്യയിലെ വാക്സിൻ കോഓർഡിനേഷൻ കമ്മിറ്റി ചെയർമാനായ വി.കെ. പോൾ അറിയിച്ചു. ഈ വർഷം 20 കോടി ഡോസ് കോവാക്സിൻ പുറത്തിറക്കുമെന്നു പ്രഖ്യാപിക്കുന്ന ഭാരത് ബയോടെക്, ഉത്പാദനം വർദ്ധിപ്പിച്ച് 70 കോടി ഡോസ് നിർമിക്കാൻ ലക്ഷ്യമിടുന്നു. സെപ്റ്റംബർമാസത്തോടെ പ്രതിമാസം 10 കോടി ഡോസ് വാക്സിൻ നിർമിക്കാൻ കമ്പനിക്കാകുമെന്ന് കേന്ദ്ര ശാസ്ത്രസാങ്കേതികമന്ത്രാലയത്തിന്റെ വാർത്താക്കുറിപ്പിലുണ്ട്.

**പാർശ്വഫലങ്ങളെക്കുറിച്ചുള്ള ഭയം**

വാക്സിനേഷനെടുക്കേണ്ടത് ഇപ്പോഴത്തെ സാഹചര്യത്തിൽ അനിവാര്യമാണെങ്കിലും കുത്തിവയ്പിനുശേഷമുണ്ടാകാനിടയുള്ള പാർശ്വഫലങ്ങളെപ്പറ്റി പുറത്തുവരുന്ന വാർത്തകൾ ജനങ്ങളെ ഭയാശങ്കയിലാക്കുന്നുണ്ട്. അസ്ട്രാസെനെക്ക പൂണെയിലെ സിറം ഇൻസ്റ്റിറ്റ്യൂട്ടുമായി സഹകരിച്ചു നിർമിച്ച കോവിഷീൽഡ് വാക്സിന്റെ യൂറോപ്യൻ പതിപ്പായ വാക്സ് സെവ്റിയ കുത്തിവച്ചു ചുരുക്കംചിലരുടെ തലച്ചോറിൽ രക്തം കട്ടപിടിച്ചതും ഏതാനും പേർ ഹൃദയാഘാതംമൂലം മരണപ്പെട്ടതും വാർത്തയായിരുന്നു. യൂറോപ്യൻ യൂണിയൻ രാജ്യങ്ങളിൽ 10,000 ൽ ഒരാളിലും യു.കെ.യിൽ 25,000 ൽ ഒരാളിലും മാത്രമേ ഈ പ്രതിഭാസം കാണാനായുള്ളുവെങ്കിലും തുടക്കത്തിൽ ഡെന്മാർക്കും തുടർന്ന് ഐസ്‌ലൻഡ്, നോർവേ എന്നീ രാജ്യങ്ങളും വാക്സ് സെവ്റിയയുടെ ഉപയോഗം വേണ്ടെന്നു വയ്ക്കുകയായിരുന്നു. അമേരിക്കൻ കമ്പനിയായ ജോൺസൺ ആൻഡ് ജോൺസൺ നിർമിച്ച വാക്സിനും ഇതേ ദുര്യോഗം നേരിട്ടു. അവിടെ പത്തുലക്ഷം പേരിൽ ഒരാൾക്കേ രക്തം കട്ടപിടിച്ചതായി തെളിയിക്കാനായുള്ളൂ. വാക്സിനുകളുടെ ഇത്തരം പാർശ്വഫലങ്ങൾ ഗൗരവമായി എടുക്കേണ്ടതില്ലെന്നും അതിനെക്കാളേറെ വാക്സിനേഷൻകൊണ്ടുള്ള പ്രയോജനങ്ങൾക്കു പ്രാധാന്യം നല്കണമെന്നും കമ്പനിവൃത്തങ്ങൾ അറിയിച്ചു. ■

## മഹാമാരിയിൽനിന്നുള്ള വിടുതലിനായി മേയ്മാസം ജപമാലയജ്ഞമാസമായി വത്തിക്കാൻ പ്രഖ്യാപിച്ചു



വത്തിക്കാൻസിറ്റി: കൊറോണ വൈറസ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ മേയ്മാസം ജപമാലയജ്ഞമാസമായി വത്തിക്കാൻ പ്രഖ്യാപിച്ചു. 'സഭയിൽനിന്ന് പ്രാർത്ഥന നിരന്തരമായി ദൈവത്തിലേക്ക് ഉയർന്നു' എന്നായിരിക്കും ജപമാലയജ്ഞമാസത്തിന്റെ പ്രമേയമെന്ന് നവസുവിശേഷവത്കരണത്തിനുവേണ്ടിയുള്ള പൊന്തിഫിക്കൽ കൗൺസിൽ പത്രക്കുറിപ്പിൽ വ്യക്തമാക്കി. വ്യക്തികളുടെയും, കുടുംബങ്ങളുടെയും, സമൂഹങ്ങളുടെയും ഇടയിൽ ജപമാല പ്രാർത്ഥന പ്രോത്സാഹിപ്പിക്കാനായി ലോകമെമ്പാടുമുള്ള തീർത്ഥാടനകേന്ദ്രങ്ങളും പ്രത്യേകമാംവിധം ജപമാലയജ്ഞത്തിൽ പങ്കാളികളാകുമെന്ന് പൊന്തിഫിക്കൽ കൗൺസിൽ പറഞ്ഞു. ഫ്രാൻസിസ് മാർപാപ്പയുടെ പ്രത്യേക താത്പര്യപ്രകാരമാണ് ഇങ്ങനെ ഒരു പ്രഖ്യാപനം നടത്തിയിരിക്കുന്നത്.

ഓരോ ദിവസവും ഓരോ തീർത്ഥാടനകേന്ദ്രത്തിൽ നിന്ന്, മൊത്തം മുപ്പത് തീർത്ഥാടനകേന്ദ്രങ്ങളിൽ നിന്നായി തൽസമയം വിശ്വാസികൾക്കുവേണ്ടി ജപമാലയജ്ഞം സംപ്രേഷണം ചെയ്യും. പരമ്പരാഗതമായി മെയ് മാസം പരിശുദ്ധ കന്യകാമറിയത്തിനാണ് കത്തോലിക്കാസഭ സമർപ്പിച്ചിരിക്കുന്നത്. ദൈവമാതാവിന്റെ മാധ്യസ്ഥ്യം പ്രത്യേകം യാചിച്ചുകൊണ്ട് പാപ്പാതന്നെയായിരിക്കും മേയ് മാസം ഒന്നാം തീയതി ജപമാലയജ്ഞത്തിനു തുടക്കം കുറിക്കുന്നത്.

# മഹാത്മാവിന്റെ മാർഗം




കുട്ടികൾ വായിച്ചിരിക്കേണ്ട വിശിഷ്ടഗ്രന്ഥങ്ങളെ ഹൃദ്യമായി പരിചയപ്പെടുത്തുന്ന പംക്തി



ജോയിഷ് ജോസ്

സൂര്യനസ്തമിക്കാത്ത ബ്രിട്ടീഷ്സാമ്രാജ്യത്തിന്റെ മേൽക്കോയ്മയ്ക്കെതിരേ അഹിംസാസിദ്ധാന്തങ്ങളുമായി കടന്നുവന്ന മാസ്മരികമായ ഊർജപ്രവാഹത്തിന്റെ ചരിത്രമാണ് ഗാന്ധിജിയുടെ ജീവിതകഥ. അനേകർക്ക് ആവേശവും വഴിവിളക്കുമായിത്തീർന്ന ആത്മകഥയാണ് 'എന്റെ സത്യാന്വേഷണപരീക്ഷണങ്ങൾ'. ഗാന്ധിജിയുടെ രചനകളിൽ ഏറ്റവും മികവാർന്നതും വലുതും ഗാന്ധിജിയുടെ ആത്മകഥ തന്നെയാണ്.

1869 ഒക്ടോബർ രണ്ടിന് ഗുജറാത്തിലെ പോർബന്തറിലാണ് മോഹൻദാസ് കരംചന്ദ് ഗാന്ധി ജനിച്ചത്. സർക്കാർ ഉദ്യോഗസ്ഥനായ പിതാവ് അദ്ദേഹത്തെ ഇംഗ്ലീഷുകാരുടെ കുട്ടികൾ പഠിക്കുന്ന സ്കൂളുകളിൽ പഠിക്കാനയച്ചു. അതുകൊണ്ടു തന്നെ അദ്ദേഹം ഇംഗ്ലീഷുകാരെക്കാൾ പരിഷ്കാരിയായ ഇംഗ്ലീഷുകാരനാകാൻ ശ്രമിച്ചു. ഇംഗ്ലീഷുകാരുടെ വേഷഭൂഷാദികൾ മാത്രമല്ല, ഫ്രഞ്ചുഭാഷ, സംഗീതം, പ്രസംഗം, വയലിൻ... തൊട്ടവയിലെല്ലാം ഒരു ഇംഗ്ലീഷുകാരൻ! സമയവും പണവും അതിനുവേണ്ടി ധൂർത്തടിക്കുന്ന ഒരു പച്ചപ്പരിഷ്കാരി സായിപ്പ്. താൻ ആരാണെന്നു സ്വയം തിരിച്ചറിഞ്ഞ ഗാന്ധിജി ആ പുറമോടികളെല്ലാം വലിച്ചെറിഞ്ഞ് തനി ഇന്ത്യൻ വിദ്യാർത്ഥിയായി മാറിയതാണ് അദ്ദേഹത്തിന്റെ 'സ്വാതന്ത്ര്യസമര'ത്തിന്റെ തുടക്കം.

ഇംഗ്ലണ്ടിൽനിന്നു നിയമബിരുദം നേടിയശേഷം അദ്ദേഹം അഭിഭാഷകവൃത്തിക്കായി ദക്ഷിണാഫ്രിക്കയിലേക്കു പോയി. ദക്ഷിണാഫ്രിക്കയിൽ ചെലവഴിച്ച 21 വർഷമാണ് ഗാന്ധിജിയുടെ ജീവിതം മാറ്റിമറിച്ചത്. ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ മേൽക്കോയ്മയ്ക്കെതിരേ അദ്ദേഹം ആദ്യമായി ശബ്ദമുയർത്തിയതും അവിടെവച്ചായിരുന്നു. ദാദാ അബ്ദുല്ല ആൻഡ് കമ്പനി ഉടമസ്ഥതയിലുള്ള വ്യാപാരസ്ഥാപനത്തെ കേസിൽ സഹായിക്കാനാണ് ഗാന്ധിജി ദക്ഷിണാഫ്രിക്കയിലേക്കു പോയത്. ദക്ഷിണാഫ്രിക്കയിലെ വർണവെറിയൻ ഭരണകൂടം ഇന്ത്യൻ വംശജരോടു കാണിച്ചുകൊണ്ടിരുന്ന വിവേചനവും അനീതിയും ഗാന്ധിജിയുടെ മനസ്സിനെ പിടിച്ചുലച്ചു. 1884–1914 കാലത്ത് ദക്ഷിണാഫ്രിക്കയിലെ വംശീയഗവൺമെന്റിനെതിരേ അദ്ദേഹം ഐതിഹാസികമായ പോരാട്ടം തുടങ്ങി.

ഗാന്ധിയൻ തത്ത്വചിന്തയുടെ രണ്ടു നെടുംതൂണുകളാണ് അഹിംസയും സത്യഗ്രഹവും. ദക്ഷിണാഫ്രിക്കയിൽ അഭിഭാഷകനായി സേവനമനുഷ്ഠിക്കുന്ന കാലത്താണ് ഗാന്ധിജി സത്യഗ്രഹം എന്ന സമരമാർഗം വികസിപ്പിച്ചെടുക്കുന്നത്. അതിനാലാണ് ദക്ഷിണാഫ്രിക്കയെ 'ഗാന്ധിജിയുടെ രാഷ്ട്രീയ പരീക്ഷണശാല' എന്നു വിശേഷിപ്പിക്കുന്നത്. അദ്ദേഹം പറയുന്നു: "ഏതു തരത്തിലുള്ള പീഡനത്തെയും അടിച്ചമർത്തലിനെയും നേരിടാൻ തയ്യാറാകുന്ന സത്യഗ്രഹി സ്വായത്തമാക്കേണ്ടിയിരിക്കുന്നത് ആത്മനിഷ്ഠമായ ശക്തിയാണ്." സത്യാന്വേഷണം ഗാന്ധിജിയുടെ ജീവിത




ദൗത്യമായിരുന്നു. സത്യത്തിനുമീതേ മറ്റൊരു ദൈവവുമില്ലെന്ന് അദ്ദേഹം പ്രഖ്യാപിച്ചു. പ്രചരിപ്പിച്ച കാര്യങ്ങൾ അദ്ദേഹം സ്വന്തം ജീവിതത്തിൽ പകർത്തിക്കാണിച്ചു. പ്രയോഗിക്കാൻ പറ്റുന്ന കാര്യങ്ങളേ അദ്ദേഹം പ്രചരിപ്പിച്ചിരുന്നുള്ളൂ. ഗാന്ധിജിയുടെ ആശയങ്ങളെ രൂപപ്പെടുത്തുന്നതിൽ എമേഴ്സൺ, ഡേവിഡ് തോറോ, ലിയോ ടോൾസ്റ്റോയി എന്നിവർ ഏറെ സ്വാധീനം ചെലുത്തിയിട്ടുണ്ട്.

1915 ൽ ഗാന്ധിജി ഇന്ത്യയിലേക്കു മടങ്ങിവന്നു. ഒരു കൊല്ലത്തോളം ഇന്ത്യയുടെ പല ഭാഗങ്ങളിലും സഞ്ചരിച്ച് രാജ്യത്തിന്റെ അവസ്ഥ നേരിട്ടറിയാനാണ് അദ്ദേഹം ശ്രമിച്ചത്. ഇന്ത്യയിൽ 'സത്യഗ്രഹ'ത്തിനു പ്രസക്തിയുണ്ടെന്നു തിരിച്ചറിയാൻ ഈ പര്യടനം അദ്ദേഹത്തെ സഹായിച്ചു. 1916 ൽ അഹ്മദാബാദിലെ സബർമതി നദിക്കരയിൽ ഗാന്ധിജി ഒരു ആശ്രമം സ്ഥാപിച്ചു. തന്റെ സുഹൃത്തുക്കൾക്കും അനുയായികൾക്കും സത്യഗ്രഹത്തിന്റെ പാഠങ്ങൾ പഠിക്കാനും അനുഷ്ഠിക്കാനും ഉദ്ദേശിച്ചുള്ളതായിരുന്നു ആശ്രമം.

രാഷ്ട്രീയകാര്യങ്ങളിൽനിന്ന് തുടക്കത്തിൽ മാറിനിന്നെങ്കിലും 1917 നും 1918 നും മധ്യേ ഗാന്ധിജി മൂന്നു സമരങ്ങൾക്കു നേതൃത്വംനൽകി. ബിഹാറിലെ ചമ്പാരനിലും അഹ്മദാബാദിലും ഖേഡയിലും. ചമ്പാരനിലും ഗുജറാത്തിലെ ഖേഡയിലും കർഷകർക്കുവേണ്ടിയും അഹ്മദാബാദിൽ തൊഴിലാളികൾക്കുവേണ്ടിയുമാണ് ഗാന്ധിജി പോരാടിയത്. റൗലക്റ്റ് ആക്ട് എന്ന നിയമത്തിനെതിരേ 1919 മാർച്ച് 30 ന് ഹർത്താൽ ആചരിക്കാൻ ഗാന്ധിജി ആഹ്വാനം ചെയ്തു. നിസ്സഹകരണസമരം അന്നാണു തുടങ്ങിയത്. ആളുകൾ ഗാന്ധിജിയുടെ ആഹ്വാനമനുസരിച്ച് വിദ്യാലയങ്ങളും കോടതികളും ബഹിഷ്കരിക്കുകയും ബ്രിട്ടീഷ് സ്ഥാനങ്ങളും സ്ഥാനപ്പേരുകളും ഉപേക്ഷിക്കുകയും ചെയ്തു.

സ്വാതന്ത്ര്യസമരനേതൃത്വം ഏറ്റെടുത്ത ഗാന്ധിജിയുടെ ചരിത്രപ്രസിദ്ധമായ പ്രസംഗമാണ് 'ഡു ഓർ ഡൈ' (Do or Die). 'നമ്മൾ ഒരു സാമ്രാജ്യത്തെ എതിർക്കുകയാണ്. ഒന്നുകിൽ പ്രവർത്തിക്കുക, അല്ലെങ്കിൽ മരിക്കുക' എന്നു ഗാന്ധിജി പ്രഖ്യാപിച്ചു.

ഗാന്ധിജിയുടെ ജീവിതത്തിന്റെ അവസാനകാലം പൊതുവെ ദുഃഖഭരിതമായിരുന്നു. ഇന്ത്യാവിഭജനം അതിന്റെ പ്രധാന കാരണമായിരുന്നു. കസ്തൂർബായുടെ വിയോഗവും അദ്ദേഹത്തെ ദുഃഖിതനാക്കി. 1947 ഓഗസ്റ്റ് 15 ന് ഇന്ത്യ സ്വാതന്ത്ര്യം ആഘോഷിച്ചപ്പോൾ ഗാന്ധിജി കൽക്കത്തയിൽ ഭാരതവിഭജനത്തിൽ ദുഃഖിതനായിക്കഴിഞ്ഞു. സെപ്റ്റംബർ 4 ന് ഡൽഹിയിൽ വർഗീയലഹള ആരംഭിച്ചു. 1948 ജനുവരിയിലും ഇതേപോലെ ലഹള ഉണ്ടായി. സമാധാനത്തിനായി അദ്ദേഹം ഡൽഹിയിൽ ജനുവരി 13 ന് നിരാഹാരസമരം ആരംഭിച്ചു. സമുദായനേതാക്കളും ലഹളയ്ക്കു നേതൃത്വം കൊടുത്തവരും ഒത്തുതീർപ്പിനു തയ്യാറായപ്പോൾ അദ്ദേഹം നിരാഹാരം അവസാനിപ്പിച്ചു.

1948 ജനുവരി 30 ന് വെള്ളിയാഴ്ച വൈകുന്നേരം 5.17 ന് ഡൽഹിയിലെ ബിർളാമന്ദിരത്തിൽ ഒരു പ്രാർത്ഥനായോഗത്തിൽ പങ്കെടുക്കവേ ഹിന്ദു മഹാസഭപ്രവർത്തകനായ നാഥുറാം ഗോഡ്സേ എന്ന മതഭ്രാന്തന്റെ വെടിയേറ്റ് അദ്ദേഹം മരണമടഞ്ഞു. ജനുവരി 31 ന് ഗാന്ധിയുടെ ഭൗതികശരീരം രാജ്ഘട്ടിൽ സംസ്കരിച്ചു. നാഥുറാമിനെയും കൂട്ടാളികളെയും 1949 നവംബർ 15 ന് തൂക്കിലേറ്റി.

രാഷ്ട്രപിതാവ് എന്ന് ഗാന്ധിജിയെ ആദ്യമായി വിളിച്ചത് നേതാജി സുഭാഷ് ചന്ദ്രബോസ് ആയിരുന്നു. ഇന്ത്യയ്ക്ക് യഥാർത്ഥമായ സ്വാതന്ത്ര്യം കിട്ടണമെങ്കിൽ ഇന്ത്യ ജീവിക്കേണ്ടത് നഗരങ്ങളിലല്ല ഗ്രാമങ്ങളിലാണ്; കൊട്ടാരങ്ങളിലല്ല കുടിലുകളിലാണ് എന്നു മഹാത്മജി വിശ്വസിച്ചിരുന്നു.

"ഇങ്ങനെ ഒരു മനുഷ്യൻ നമ്മുടെ ഇടയിൽ ജീവിച്ചിരുന്നുവെന്നത് വരുംതലമുറകൾക്ക് അവിശ്വസനീയമായിത്തോന്നിയേക്കാം." ജീവിതംതന്നെ സന്ദേശമെന്ന സത്യം ലോകത്തിനു കൈമാറിയ നമ്മുടെ രാഷ്ട്രപിതാവിനെക്കുറിച്ച് ആൽബർട്ട് ഐൻസ്റ്റൈൻ അഭിപ്രായപ്പെട്ടതാണിത്. അഹിംസയും നിരാഹാരവും നിസ്സഹകരണവും മൗനാചരണവുംപോലെയുള്ള എളിയ പ്രതിരോധമുറകളെ ശക്തമായ രാഷ്ട്രീയസന്ദേശങ്ങളാക്കിമാറ്റിയ മഹാത്മാവിന്റെ ഈ ആത്മകഥ ഓരോ ഭാരതീയനും തീർച്ചയായും വായിച്ചിരിക്കണം. ■






മാത്യു എം. കുര്യാക്കോസ്

# പാരസ്പര്യത്തിന്റെ അദൃശ്യകണ്ണികൾ!

*മണ്ണിനടിയിൽ വേരുകൾകൊണ്ട്*
*കെട്ടിപ്പിടിക്കുന്നു!*
*ഇലകൾ തമ്മിൽ തൊടുമെന്നു*
*പേടിച്ചു നാം അകറ്റിനട്ട മരങ്ങൾ..*

വീരാൻകുട്ടി എന്ന കവിയുടെ സൂക്ഷ്മനിരീക്ഷണത്തിൽ വെളിപ്പെട്ടുകിട്ടുന്ന ഈ യാഥാർത്ഥ്യം നമ്മോടു സംവദിക്കുന്നത് നമുക്ക് ഇഷ്ടമെങ്കിലും അല്ലെങ്കിലും പ്രകൃതിയിൽ ജീവജാലങ്ങൾ തമ്മിൽത്തമ്മിൽ; മനുഷ്യനും മനുഷ്യനും തമ്മിലും മനുഷ്യനും പ്രകൃതിയും തമ്മിലും ദൃശ്യമെന്നതിലുമുപരി അദൃശ്യമായ ചില ജൈവബന്ധങ്ങൾ നിലനില്ക്കുന്നുണ്ട് എന്നതാണ്.

ഒരുദാഹരണത്തോടെ വ്യക്തമാക്കാം. ഡോഡോ പക്ഷികളും കാൽവരിയ മേജർ എന്ന ചെടിയും തമ്മിലുണ്ടായിരുന്ന ബന്ധം വളരെ രസകരമായ ഒന്നാണ്. നായാട്ടുകമ്പംമൂലം വംശനാശം സംഭവിച്ച പക്ഷിയാണ് ഡോഡോ. തുടർന്ന്, കാൽവരിയ മേജർ എന്ന ചെടിയും വംശനാശഭീഷണിയിലെത്തിച്ചേർന്നു. ഈ ചെടിയുടെ വംശനാശത്തെക്കുറിച്ചുള്ള പഠനം ചെന്നുനിന്നത് ഡോഡോ പക്ഷിയിലാണ്. ഈ ചെടിയുടെ ഫലങ്ങൾ ഡോഡോ പക്ഷികൾ യഥേഷ്ടം തിന്നുകയും തുടർന്ന് വിസർജ്യത്തിലൂടെ പുറത്തു വരുന്ന വിത്തുകൾ മുളയ്ക്കുകയും ചെയ്തിരുന്നു. ഇങ്ങനെ വിത്തുകൾ മുളയ്ക്കുവാനുള്ള പ്രത്യേകസംവിധാനമാണ് ഡോഡോ പക്ഷികളുടെ വംശനാശംമൂലം ഇല്ലാതായത്. ഫലമോ? സ്വാദിഷ്ഠമായ ഫലങ്ങൾ നല്കിയിരുന്ന കാൽവരിയ മേജർ എന്ന ചെടിക്ക് ഭൂമുഖത്തുനിന്ന് അപ്രത്യക്ഷമാകേണ്ടിവന്നു!



കാൽവരിയ മേജർ

പരോക്ഷമായ ഇത്തരം നിരവധി ബന്ധങ്ങളുടെ കലവറയും കൂടിയാണ് പ്രകൃതി എന്നറിയണം. കാടിന്റെ ആരോഗ്യവുമായി ബന്ധപ്പെട്ടു പറയുന്ന ഒരു സമവാക്യമുണ്ട്. കടുവ = ജലം എന്നതാണത്. പ്രത്യക്ഷത്തിൽ ഇവ തമ്മിൽ യാതൊരു ബന്ധവുമില്ല എന്നു കാണാം. എന്നാൽ കടുവകൾ ധാരാളമുള്ള ഒരു കാട് ആരോഗ്യമുള്ള ഒരു ആവാസവ്യവസ്ഥയുടെ പ്രതീകമാണ്. കാരണം, കടുവകൾക്കു ഭക്ഷണമാകാൻ ആവശ്യമായ ധാരാളം മാനുകളുള്ള, മാനുകളുടെ ഭക്ഷണത്തിനാവശ്യമായ ധാരാളം പുല്ലുകളുള്ള, പുല്ലുകൾക്ക് നന്നായി വളരുവാനാവശ്യമുള്ള ധാരാളം ജലമുള്ള ഒരു കാടാണെന്നു പരോക്ഷമായി പറയാം. അവിടെയാണ്; കടുവ = ജലം എന്ന സമവാക്യം നമുക്ക് നിർദ്ധരിക്കാനാവുന്നത്.



ഡോഡോ പക്ഷി

അദൃശ്യമായ പാരസ്പര്യത്തിന്റെ നിരവധി നൂലിഴകളിലാണ് നാം മറ്റു ജീവിവർഗങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നത് എന്നും ഇതിലേതെങ്കിലുമൊരു കണ്ണിയുടെ അഭാവമോ, ബലക്ഷയമോ നമ്മുടെ നിലനില്പിനെത്തന്നെ ബാധിക്കും എന്നുമുള്ള ഒരു വിവേകത്തിലേക്കു നാം എത്തിയേ തീരൂ. അത്തരം ചില വിഹ്വലതകളുടെ അപായസൂചന പങ്കുവയ്ക്കുന്ന ഹെൻറി ഡേവിഡ് തോറോയുടെ പ്രശസ്ത വാൾഡെൻ എന്ന പുസ്തകം നമുക്കു വായിക്കാം. 1854 ൽ പ്രസിദ്ധീകരിക്കപ്പെട്ട ഈ പുസ്തകം 21–ാം നൂറ്റാണ്ടിലും പ്രവാചകശബ്ദത്തോടെ നമ്മോടു സംസാരിക്കുന്നുണ്ട്... കലഹിക്കുന്നുണ്ട്... ■



ദീപനാളം

ചീഫ് എഡിറ്റർ &
മാനേജിങ് ഡയറക്ടർ : ഫാ. കുര്യൻ തടത്തിൽ

അസോസിയേറ്റ് എഡിറ്റർ : ഫാ. കുര്യാക്കോസ് പാത്തിക്കൽപുത്തൻപുരയിൽ



**കർത്താവു നമുക്കുവേണ്ടി പ്രവർത്തിക്കാതിരിക്കുമോ? ആള് ഏറിയാലും കുറഞ്ഞാലും കർത്താവിന് രക്ഷിക്കാൻ തടസമില്ലല്ലോ.**

**1 സാമുവൽ 14:6**

**എഡിറ്റോറിയൽ**

# ഇന്ത്യയിൽ പെരുകുന്ന 'അസമത്വത്തിന്റെ വൈറസ്'

**കൊ**വിഡ് മഹാമാരിയുടെ പിടിയിലമർന്ന ഇന്ത്യയിൽ കഴിഞ്ഞ ഒരു വർഷത്തിൽ ദരിദ്രരുടെ എണ്ണം ഇരട്ടിയിലധികം വർദ്ധിച്ചുവെന്നാണ് ലോകബാങ്കിന്റെ സ്ഥിതിവിവരക്കണക്കുകൾ. ഒരു ദിവസം 150 രൂപ (രണ്ടു ഡോളർ) യിൽ കുറഞ്ഞ വരുമാനമുള്ളവരുടെ എണ്ണം ആറു കോടിയിൽനിന്ന് 13.4 കോടിയായി വർദ്ധിച്ചുവെന്നാണ് ലോകബാങ്ക് വിവരങ്ങളുടെ അടിസ്ഥാനത്തിൽ അമേരിക്ക ആസ്ഥാനമായി പ്രവർത്തിക്കുന്ന പ്യൂ റിസർച്ച് സെന്ററിന്റെ ഞെട്ടിക്കുന്ന പഠനറിപ്പോർട്ട്. ദാരിദ്ര്യത്തിന്റെ നിലവാരസൂചികപ്രകാരം, ഇന്ത്യ 45 വർഷം പുറകോട്ടുപോയതായും പഠനം പറയുന്നു.

ദാരിദ്ര്യനിർമാർജനത്തിൽ ഇന്ത്യ നേടിയിരുന്ന ആശാവഹമായ പുരോഗതിയാണ് കഴിഞ്ഞ ഒരു വർഷംകൊണ്ട് കൂപ്പുകുത്തിയത്. 2006 നും 2016 നുമിടയിൽ 27 കോടി 10 ലക്ഷംപേർ ഇന്ത്യയിൽ ദാരിദ്ര്യത്തിന്റെ പിടിയിൽനിന്നു മോചിതരായെന്ന് 2019 ലെ ഗ്ലോബൽ മൾട്ടി ഡിമെൻഷനൽ പോവർട്ടി ഇൻഡക്സ് സൂചിപ്പിക്കുന്നു. അതേസമയം, 2019 ൽ 34.6 കോടി (ജനസംഖ്യയുടെ 28 ശതമാനം) ദരിദ്രർ ഇന്ത്യയിലുണ്ടെന്നാണ് ഐക്യരാഷ്ട്രസഭയുടെ സ്ഥിതിവിവരക്കണക്ക്. കൊവിഡ് ഈ സ്ഥിതി വീണ്ടും രൂക്ഷമാക്കിയെന്നാണ് പുതിയ പഠനങ്ങൾ പറയുന്നത്.

പ്രഥമ പ്രധാനമന്ത്രിയായിരുന്ന നെഹ്റുവിന്റെ നേതൃത്വത്തിൽ സ്വാതന്ത്ര്യാനന്തരകാലംമുതലേ ദാരിദ്ര്യം തുടച്ചുനീക്കുന്നതിനുള്ള കർമപദ്ധതികൾ ഇന്ത്യയിലുണ്ടായിരുന്നു. ജനങ്ങളുടെ ജീവിതനിലവാരം ഉയർത്തുന്നതിനുവേണ്ടിയാണ് പഞ്ചവത്സരപദ്ധതികൾ ആവിഷ്കരിച്ചത്. 1970 കളിൽ ഇന്ദിരാഗാന്ധി കൊണ്ടുവന്ന 'ഗരീബി ഹഠാവോ' (Eradication of Poverty) നയം ദാരിദ്ര്യം ഉന്മൂലനം ചെയ്യുന്നതിനുള്ള കർമപദ്ധതികൾക്ക് ആക്കംകൂട്ടി. പിന്നീട് മൻമോഹൻസിങ് സർക്കാർ തുടക്കമിട്ട സാമ്പത്തിക ഉദാരീകരണനയങ്ങളും മറ്റും ദാരിദ്ര്യത്തിന്റെ തോത് ഗണ്യമായി കുറയ്ക്കുന്നതിനു സഹായിച്ചിരുന്നു. അങ്ങനെ, ഘട്ടംഘട്ടമായി ഇന്ത്യ നേടിയ വളർച്ചയാണ് പൊടുന്നനേ ഒറ്റ വർഷംകൊണ്ട് വിപരീതദിശയിലേക്കു പോയിരിക്കുന്നത് എന്നത് ആശങ്കയുണർത്തുന്ന കാര്യം തന്നെയാണ്.

ഇന്ത്യയിൽ ഒരുവശത്ത് ദരിദ്രനാരായണന്മാരുടെ എണ്ണം പെരുകുമ്പോൾ, മറുവശത്ത് ശതകോടീശ്വരന്മാർ വർദ്ധിക്കുന്നുണ്ടെന്ന വസ്തുതയും ചിത്രത്തിലുണ്ടെന്ന് ഓർമിക്കണം. 2020 മാർച്ചിൽ ലോക്ഡൗൺ പ്രഖ്യാപിച്ചതിനുശേഷം ഡിസംബർ വരെയുള്ള കാലയളവിൽ ഇന്ത്യയിൽ ഏറ്റവും മുകൾത്തട്ടിലുള്ള നൂറു ശതകോടീശ്വരന്മാരുടെ ആസ്തിയിൽ 12.98 ലക്ഷം കോടി രൂപയുടെ വർദ്ധനയുണ്ടായെന്നാണ് അന്താരാഷ്ട്ര എൻ.ജി.ഒ. ആയ ഓക്സ്ഫാം പ്രസിദ്ധീകരിച്ച 'അസമത്വത്തിന്റെ വൈറസ്' എന്ന റിപ്പോർട്ടു ചൂണ്ടിക്കാണിക്കുന്നത്. അവരുടെ അധികപ്പണം ഇന്ത്യയിലെ കൊടുംദാരിദ്ര്യമനുഭവിക്കുന്ന 13.8 കോടി ജനങ്ങൾക്കിടയിൽ തുല്യമായി വീതിച്ചാൽ ഒരാൾക്ക് 94,000 രൂപ വീതം ലഭിക്കും. അതായത്, കുറെ അംബാനിമാരും അദാനിമാരും ഇവിടെ തഴച്ചുവളർന്നെന്നു സാരം. മഹാമാരി സമ്പദ്ഘടനയിൽ ഏതുതരം ആഘാതമുണ്ടാക്കിയാലും ഇക്കൂട്ടർ മറയില്ലാതെ ഇവിടെ വളർന്നുകൊണ്ടേയിരിക്കും, അവരെ വാഴ്ത്തിപ്പുകഴ്ത്താനും സംരക്ഷിക്കാനും ഭരണരാഷ്ട്രീയനേതൃത്വങ്ങൾ മത്സരിക്കുന്നുണ്ടെങ്കിൽ! ഇതൊക്കെ ആർക്കും നിഷേധിക്കാനാവാത്തതും തുടച്ചുനീക്കാനാവാത്തതുമായ ചരിത്രയാഥാർത്ഥ്യങ്ങൾതന്നെ. ഇന്നലെകളിലെ ചരിത്രം ഇന്നും നാളെയും ആവർത്തിച്ചുകൊണ്ടേയിരിക്കും!

കൊവിഡ് മഹാമാരി ഏറ്റവും വിജയകരമായി കൈകാര്യം ചെയ്ത രാജ്യമെന്നാണ് ഇന്ത്യ അവകാശപ്പെട്ടിരുന്നത്. സമ്പൂർണ ലോക്ഡൗൺ കർക്കശമായി നടപ്പാക്കിയ രാജ്യവും ഇന്ത്യയായിരുന്നു. രോഗനിയന്ത്രണത്തിന് ആരോഗ്യസംവിധാനത്തെക്കാളേറെ പോലീസിനെ ആശ്രയിച്ച രാജ്യമെന്ന ദുഷ്പ്പേരുമുണ്ടായി. ഇന്ത്യയിൽത്തന്നെ അതികർക്കശമായി ലോക്ഡൗൺ നടപ്പാക്കിയ സംസ്ഥാനമായിരുന്നല്ലോ കേരളം. പക്ഷേ, എന്തു നേടി? ഇന്നിതാ, അതിതീവ്ര രോഗവ്യാപനം നടക്കുന്ന ലോകരാജ്യങ്ങളിൽ ഇന്ത്യ ഒന്നാം സ്ഥാനത്താണ്. ഇന്ത്യയിൽ, കേരളം ആദ്യസംസ്ഥാനങ്ങളുടെ പട്ടികയിലുമുണ്ട്. ഒന്നാംതരംഗത്തിൽ കേന്ദ്രസംസ്ഥാനസർക്കാരുകളുടെ പരാജയം പരോക്ഷമായിരുന്നെങ്കിൽ, രണ്ടാംതരംഗത്തിൽ അതു വളരെയേറെ പ്രകടമായിരിക്കുന്നു. രോഗവ്യാപനത്തിന്റെ തീവ്രത, വർദ്ധിക്കുന്ന മരണസംഖ്യ, ഓക്സിജൻക്ഷാമം, വാക്സിൻക്ഷാമം എന്നിവയെല്ലാം കാണിക്കുന്നത് സർക്കാരുകളുടെ പിടിപ്പുകേടുകളുടെയും കാര്യക്ഷമതയില്ലായ്മയുടെയും കഥയാട്ടങ്ങളാണ്. ഇതും, ദാരിദ്ര്യദുഃഖത്തിന്റെ നേർച്ചിത്രങ്ങളല്ലാതെ മറ്റെന്താണ്?

കഴിഞ്ഞ ഒരാണ്ടുകൊണ്ട് അരനൂറ്റാണ്ടിനു പിന്നിലേക്കു പോയ ചരിത്രമാണ് ഇന്ത്യയ്ക്കുള്ളത്. ചരിത്രവസ്തുതകൾ നമ്മെ നോക്കി കൊഞ്ഞനം കുത്തുമ്പോഴും, ഇന്നലെകളിലും ഇന്നുകളിലുമുള്ള പിഴവുകളിൽനിന്ന് പാഠമുൾക്കൊണ്ട് മുന്നോട്ടു നീട്ടിച്ചവിട്ടാനുള്ള ആർജ്ജവവും ഇച്ഛാശക്തിയുമാണ് ഭരണാധികാരികൾക്കും ഒപ്പം ഭരണീയർക്കുമുണ്ടാവേണ്ടത്. കൊവിഡ് പ്രതിസന്ധിയുടെ അതിതീവ്രഘട്ടത്തിൽ നമ്മുടെ സമ്പദ്വ്യവസ്ഥിതിയെ പിടിച്ചുനിർത്താനും ഉയരങ്ങളിലേക്കു കുതിക്കാനും ഒരേ മനസ്സോടെ നമുക്കു പരിശ്രമിക്കാം.

■

# ദൈവാലയമാകുന്ന കുടുംബങ്ങൾ

*1-ാം പേജ് തുടർച്ച*

കഴിഞ്ഞ ലോക്ഡൗൺ കാലത്ത് വീട് ആരാധനാലയമായും തൊഴിലിടമായും വിദ്യാലയമായും മാറി. കുടുംബബന്ധങ്ങൾക്ക് ഇഴയടുപ്പം വർദ്ധിക്കാൻ ഒരുപരിധിവരെ ഈ സാഹചര്യം സഹായകമായി. കൊച്ചുകുട്ടികൾക്ക് മാതാപിതാക്കളുടെ സാന്നിധ്യവും വൃദ്ധരായ മാതാപിതാക്കൾക്ക് മക്കളുടെ സാമീപ്യവും ലഭ്യമായ അവസരമായിരുന്നു ലോക്ഡൗൺ കാലം. തൊഴിലിനും വിദ്യാഭ്യാസത്തിനുമായി ആളുകൾ ദൂരസ്ഥലങ്ങളിലേക്കു പോയിരുന്ന സമയത്ത് ഒരുമിച്ചുള്ള പ്രാർത്ഥനകളും കൂടിവരവുകളും അന്യമായിരുന്നു. വീടുകളിൽ സന്ധ്യാപ്രാർത്ഥനകൾ നടക്കാതെയായി. പ്രായമായ മാതാപിതാക്കളെ ബഹുമാനിക്കാതെയായി. പ്രാർത്ഥനയുടെ ചൈതന്യമുള്ള കുടുംബങ്ങളിൽമാത്രമേ പരസ്പരവിശ്വാസവും സ്നേഹവും നിലനില്ക്കുകയുള്ളൂ.

നമ്മുടെ ഭവനങ്ങളാണ് ഏറ്റവും വലിയ ആരാധനാലയങ്ങളും സർവകലാശാലകളും. കുടുംബാംഗങ്ങൾ ഒരുമിച്ചിരുന്നു പ്രാർത്ഥിക്കാനും ഭക്ഷിക്കാനും സൗഹൃദം പങ്കുവയ്ക്കാനും സൗകര്യവും സമയവും ലഭിച്ച നാളുകളാണ് ലോക്ഡൗൺകാലം.

ദൈവം നമുക്കു നല്കിയിരിക്കുന്ന ഏറ്റവും വലിയ ദാനമാണ് നമ്മുടെ കുഞ്ഞുങ്ങൾ. അവരെ കൈനീട്ടി സ്വീകരിക്കുകയാണ് ചെയ്യേണ്ടത്. എത്രയോ മാതാപിതാക്കളാണ് തങ്ങളുടെ ജീവിതസൗകര്യങ്ങൾക്കുവേണ്ടി കുഞ്ഞുങ്ങളെ ഗർഭപാത്രത്തിൽവച്ചു നിഷ്കരുണം കൊന്നുകളയുന്നത്. മാനവരാശിയുടെ ഏറ്റവും വലിയ മൂല്യച്യുതിയാണ് ഗർഭച്ഛിദ്രം. ഇങ്ങനെ പോയാൽ നമ്മുടെ സമൂഹംതന്നെ അന്യംനിന്നുപോകും. ദൈവവിശ്വാസത്തിന്റെ, പ്രാർത്ഥനയുടെ അഭാവമാണ് ഇത്തരം അപഭ്രംശങ്ങൾക്കു കാരണം.

സമ്പത്തിനും സുഖജീവിതത്തിനുംവേണ്ടിയുള്ള പരക്കംപാച്ചിലാണ് എവിടെയും. സമ്പത്തു മാത്രമാണ് ജീവിതത്തെ അളക്കുന്ന മാനദണ്ഡമെന്നു കരുതുന്നത് മനുഷ്യന്റെ ഒരു പരിമിതിയാണ്. ഭൗതികനേട്ടങ്ങളുടെ പിന്നാലെ പോകുന്ന മനുഷ്യന് സമഗ്രമായ ഒരു പരിവർത്തനം ആവശ്യമാണ്. കുടുംബങ്ങളിൽ പ്രാർത്ഥനയില്ല. കുട്ടികളുടെ വിശ്വാസധാർമികപരിശീലനങ്ങളിൽ മാതാപിതാക്കൾ വേണ്ടതുപോലെ ശ്രദ്ധിക്കുന്നില്ല. വൈദികസന്ന്യസ്തദൈവവിളികൾ കുടുംബങ്ങളിൽ കുറഞ്ഞുവരുന്നു. അതിനു പ്രോത്സാഹജനകമായ കാഴ്ചപ്പാടുകൾ കുടുംബങ്ങളിൽ സൃഷ്ടിക്കുന്നില്ല. ദൈവം വസിക്കുന്ന കൂടാരങ്ങളായി നമ്മുടെ ഭവനങ്ങൾ മാറണം. വെളിപാടുപുസ്തകത്തിൽ നാം വായിക്കുന്നില്ലേ, "തീക്ഷ്ണതയുള്ളവനാകുക. അനുതപിക്കുക. ഇതാ, ഞാൻ വാതിലിൽ മുട്ടുന്നു. ആരെങ്കിലും എന്റെ സ്വരം കേട്ട് വാതിൽ തുറന്നുതന്നാൽ ഞാൻ അവന്റെ അടുത്തേക്കു വരും. ഞങ്ങൾ ഒരുമിച്ചു ഭക്ഷിക്കുകയും ചെയ്യും" (3:19,20). നമ്മുടെ ഹൃദയകൂടാരങ്ങളിൽ വന്നു വസിക്കാൻ ദൈവം ആഗ്രഹിക്കുന്നു.

എന്റെ ഭൗതികാവശ്യങ്ങൾ നിറവേറ്റിത്തരുന്ന ഒരുപാധിയായി മാത്രം ദൈവത്തെ കാണരുത്. നമ്മുടെ പ്രാർത്ഥനകൾ കാര്യസാധ്യത്തിനുള്ള ഒരു നീക്കുപോക്കായി, ചടങ്ങായി മാറരുത്. കൊവിഡ് വരുമ്പോൾ മാത്രമല്ല, ക്രൈസിസ് ഉണ്ടാകുമ്പോൾ മാത്രമല്ല, എല്ലായ്പോഴും ദൈവവുമായി നിരന്തരമായ ഒരു ബന്ധം നമുക്കുണ്ടാവണം. ദൈവഭയവും ദൈവസ്നേഹവും (Respectful Fear)നമുക്ക് ആഴത്തിൽ ഉണ്ടാവേണ്ടതാണ്.

ഈ ലോകത്തിലെ സങ്കടങ്ങൾക്കും ദുരിതങ്ങൾക്കുമപ്പുറം ആനന്ദത്തിന്റെ ഒരു ജീവിതമുണ്ടെന്നും നിത്യസൗഭാഗ്യത്തിന്റെ സ്വർഗഗേഹം നോക്കിപ്പാർത്തിരിക്കുന്നവരാണ് നമ്മളെന്നും ഓർമ വേണം. മനുഷ്യന്റെ ഭൗതികാഡംബരങ്ങളും ധൂർത്തും അവനെ ദൈവത്തിൽനിന്നകറ്റുകയാണ്. ഇവിടെയൊക്കെ അച്ചടക്കവും ആത്മനിയന്ത്രണവും അഭ്യസിക്കേണ്ടതുണ്ട്.

" Many weapons, few vaccines: This is today's scandal.'' ഈസ്റ്റർ ദിനത്തിൽ മാർപാപ്പ പറഞ്ഞതാണിത്. Armed conflicts and military arsenals are being strengthened in times of pandemic. ലോകം ഭയാനകമായ ഈ അവസ്ഥയിൽകൂടി കടന്നുപോകുമ്പോഴും നമ്മുടെ ഭരണാധികാരികൾ ശ്രദ്ധിക്കുന്നത് ആയുധശേഖരണത്തിലാണ്. ഇവിടെ പെരുകുന്നത് അക്രമവും കൊള്ളയും മാത്സര്യങ്ങളുമാണ്, സമാധാനമല്ല.

കൊറോണ വാക്സിൻ കണ്ടുപിടിച്ചു. അത് ആളുകൾക്ക് ലഭ്യമായിത്തുടങ്ങുകയും ചെയ്തു. പക്ഷേ, ഇന്ത്യയിൽ അതിന്റെ വില വളരെയധികം വർദ്ധിച്ചിരിക്കുകയാണ്. ജനങ്ങൾക്ക് തികച്ചും സൗജന്യമായി നൽകേണ്ട വാക്സിനാണ് വില വർദ്ധിപ്പിച്ചു നൽകുന്നത്. പ്രാണവായുപോലും വിലകൊടുത്തു വാങ്ങേണ്ട ഒരു സാഹചര്യമാണുള്ളത്. സാമ്പത്തിക നേട്ടത്തിനുമപ്പുറം ജനങ്ങളുടെ സുരക്ഷയ്ക്കും ആരോഗ്യപരിപാലനത്തിനും മുൻതൂക്കം കൊടുത്തെങ്കിൽ മാത്രമേ രാജ്യവും ജനങ്ങളും പുരോഗതിയിലേക്ക് നീങ്ങുകയുള്ളൂ. സ്വന്തം കഴിവിൽ അഹങ്കരിക്കാതെ ദൈവാശ്രയത്തിൽ അടിയുറച്ചുനിന്നുകൊണ്ട് ദൈവത്തിന്റെ കരുണയ്ക്കും കരുതലിനുമായി പ്രാർത്ഥിക്കാം.

■

# കര കവിയുന്ന കൊവിഡ് കര കയറാതെ വാക്സിനേഷൻ



ഗിഫു മേലാറ്റൂർ

**കൊ**വിഡിന്റെ രണ്ടാം തരംഗം രാജ്യത്തെ മനുഷ്യരെ വീണ്ടും അനിശ്ചിതത്വത്തിലേക്കും നിസ്സഹായതയിലേക്കും തള്ളിവിട്ടിരിക്കുകയാണ്. കരകയറിയെന്ന അമിതപ്രതീക്ഷയിൽ എല്ലാ നിയന്ത്രണങ്ങളും കൈയൊഴിയുകയും തിരഞ്ഞെടുപ്പുപ്രചാരണം അടക്കമുള്ള ആവശ്യവും അനാവശ്യവുമായ ഒത്തുചേരലുകൾ തകൃതിയായി നടക്കുകയും ചെയ്തതോടെ അപരിഹാര്യമായ പ്രതിസന്ധിയിലേക്കാണ് രാജ്യം എത്തിപ്പെട്ടിരിക്കുന്നത്.

രോഗവ്യാപനത്തിന്റെ വേഗം വിശദീകരിക്കാൻ ഒരു വിദഗ്ധനും സാധിക്കുന്നില്ല. ഉത്തരങ്ങൾ മുഴുവൻ അപ്രസക്തമാകുകയും തീപിടിച്ച ചോദ്യങ്ങൾ മാത്രം അവശേഷിക്കുകയും ചെയ്യുന്നു. ഈ ഘട്ടത്തിൽ ജനങ്ങൾ ഏറെ പ്രതീക്ഷയർപ്പിച്ചത് വാക്സിനേഷനെയായിരുന്നു. പിഴച്ചത് എവിടെയായാലും, ആ പ്രതീക്ഷയും അസ്ഥാനത്താകുകയാണെന്നു കരുതേണ്ടിയിരിക്കുന്നു.

**വാക്സിൻ പ്രതീക്ഷ**

വാക്സിന്റെ ഫലപ്രാപ്തിയെക്കുറിച്ചും അത് ഭാവിയിൽ ഉണ്ടാക്കാനിടയുള്ള പ്രത്യാഘാതങ്ങളെക്കുറിച്ചും നിരവധി ചോദ്യങ്ങൾ നിലനിൽക്കുമ്പോഴും വാക്സിൻ ഒരു പ്രതീക്ഷതന്നെയായിരുന്നു. ഇന്ത്യയിൽ സിറം ഇൻസ്റ്റിറ്റ്യൂട്ട് കൊവിഷീൽഡും ഭാരത് ബയോടെക് കൊവാക്സിനും നിർമിക്കാൻ തുടങ്ങിയതോടെ വലിയ ആശ്വാസമാണ് അനുഭവപ്പെട്ടത്. വിവിധ ഘട്ടത്തിലെ ട്രയലുകൾ പൂർത്തിയാക്കി ഡി സി ജി ഐ അനുമതി കൊടുക്കുകയും സർക്കാർ ഏജൻസികളുടെ പരിശോധനകൾ അതിവേഗം പൂർത്തിയാക്കുകയും ചെയ്തതോടെ മറ്റേതൊരു രാജ്യത്തോടും കിടപിടിക്കാവുന്ന നേട്ടം വാക്സിൻ രംഗത്ത് ഇന്ത്യ കൈവരിക്കുകയായിരുന്നു. ആസ്ട്രാസെനക വികസിപ്പിച്ച വാക്സിൻ പുണെയിലെ സിറം ഇൻസ്റ്റിറ്റ്യൂട്ടിൽ വൻ തോതിൽ ഉത്പാദിപ്പിക്കാൻ തുടങ്ങിയപ്പോൾ ഇന്ത്യ വാക്സിൻ ഹബായി മാറി. നിരവധി രാജ്യങ്ങൾ ഇന്ത്യയ്ക്കു മുമ്പിൽ കൈനീട്ടി.

**തദ്ദേശനിർമിത കൊവാക്സിൻ**

വിദേശകാര്യമന്ത്രാലയംവഴി സർക്കാറുകൾ തമ്മിലും കമ്പനികൾവഴി വാണിജ്യപരമായും ഇന്ത്യയിൽനിന്നുള്ള വാക്സിൻ ഇറക്കുമതിക്കായി രാജ്യങ്ങൾ മത്സരിച്ചു. ഇതിനിടയ്ക്കാണ് ഭാരത് ബയോടെക്കിന്റെ തദ്ദേശനിർമിത കൊവാക്സിൻ വരുന്നത്. അല്പം തിടുക്കം കൂടിപ്പോയെങ്കിലും കൊവാക്സിനും പ്രതിരോധ പ്രതീക്ഷയ്ക്കു തിളക്കമേറ്റി. ഈ ഘട്ടത്തിലാണ് കേന്ദ്ര സർക്കാർ വാക്സിൻ നയതന്ത്രത്തിലേക്കു കാലെടുത്തുവച്ചത്. സുഹൃദരാജ്യങ്ങൾക്കും സുഹൃത്തുക്കളാക്കാൻ ഉദ്ദേശിക്കുന്ന രാജ്യങ്ങൾക്കും ആഫ്രിക്കൻഭൂഖണ്ഡത്തിലെ ദരിദ്രരാജ്യങ്ങൾക്കും മധ്യസമ്പന്ന രാജ്യങ്ങൾക്കും യു എസ്, യു കെ, കാനഡ തുടങ്ങിയ വമ്പൻമാർക്കുമെല്ലാം ഇന്ത്യ വാക്സിൻ കയറ്റിയയച്ചു.

രാജ്യത്ത് നൽകുന്നതിനെക്കാൾ വാക്സിൻ ഡോസുകൾ കയറ്റിയയച്ച രാജ്യമായി ഇന്ത്യ. 76 രാജ്യങ്ങൾക്കായി 60 മില്യൺ ഡോസ് നൽകിയെന്നാണ് മാർച്ച് 24 ലെ കണക്ക്. ലോകം മുഴുവൻ ഇന്ത്യയെ വാഴ്ത്തി. കാനഡ പ്രസിഡന്റ് ജസ്റ്റിൻ ട്രൂഡോ പറഞ്ഞത്, 'എന്റെ നാട്ടുകാർ കൊവിഡിനെ അതിജീവിക്കുന്നുവെങ്കിൽ അതിനു കടപ്പെട്ടിരിക്കുന്നത് ഇന്ത്യയോടാണ്' എന്നാണ്.

**രാഷ്ട്രീയലക്ഷ്യങ്ങൾ പാടില്ല**

ഇപ്പോൾ എന്താണു സ്ഥിതി? വാക്സിൻ ഇറക്കുമതി ചെയ്യുന്ന രാജ്യമായി ഇന്ത്യ മാറിയിരിക്കുന്നു. ഫൈസർ, സ്പുട്നിക്-വി തുടങ്ങിയ വിദേശനിർമിതവാക്സിനുകൾ രാജ്യത്തെത്തിക്കാനുള്ള തത്രപ്പാടിലാണ് ഇപ്പോൾ കേന്ദ്രസർക്കാർ. ഒരു സംശയവുമില്ല, മറ്റു രാജ്യങ്ങളെ ചേർത്തുപിടിക്കുകയെന്നത് ഇന്ത്യയുടെ പാരമ്പര്യമാണ്. എന്നാൽ, അതിൽ രാഷ്ട്രീയലക്ഷ്യങ്ങൾ പാടില്ല. പേരെടുക്കലിന്റെ അംശമുണ്ടാകരുത്. അങ്ങനെയുണ്ടായിട്ടുണ്ടോ എന്ന് ആത്മവിചാരണ നടത്തേണ്ട ഘട്ടമാണിത്.

**പ്രതിസന്ധിയുടെ ആഴം**

മിക്ക സംസ്ഥാനങ്ങളിലും വാക്സിനേഷൻ ഡ്രൈവുകൾ നിർത്തിവച്ചിരിക്കുകയാണ്. വാക്സിനെടുക്കാനായി ക്യാമ്പെയിൻ ചെയ്ത സർക്കാറുകൾ ഇപ്പോൾ പിൻവാങ്ങിയിരിക്കുന്നു. വാക്സിനേഷൻയജ്ഞം ഒട്ടും സമയം കളയാതെ, ഒരു ഡോസും പാഴാക്കാതെ നിർവഹിച്ച കേരളത്തിന്റെ അനുഭവം നോക്കിയാൽ വാക്സിൻപ്രതിസന്ധിയുടെ ആഴം മനസ്സിലാകും. മാസ് വാക്സിനേഷനായി 50 ലക്ഷം ഡോസ് ആവശ്യപ്പെട്ട കേരളത്തിന് കേന്ദ്രം നൽകിയത് രണ്ടു ലക്ഷം ഡോസ്



മാത്രമാണെന്ന് ആരോഗ്യമന്ത്രി കെ.കെ. ശൈലജ പറയുന്നു.

**നവാബ് മാലിക്കിന്റെ ആരോപണം**

മഹാരാഷ്ട്രയെപ്പോലുള്ള സംസ്ഥാനങ്ങൾ ഗുരുതരമായ ആരോപണമാണ് കേന്ദ്ര സർക്കാറിനെതിരേ ഉന്നയിച്ചിട്ടുള്ളത്. കേന്ദ്രം ഭരിക്കുന്ന പാർട്ടി അധികാരത്തിനു പുറത്താണ് എന്നതുകൊണ്ടുമാത്രം വാക്സിൻ വിതരണത്തിൽ തങ്ങളോടു വിവേചനം കാണിക്കുന്നുവെന്നാണ് മഹാരാഷ്ട്ര ചൂണ്ടിക്കാട്ടുന്നത്. രാജസ്ഥാനും ഡൽഹിയും ഇതേ തരത്തിൽ ആക്ഷേപം ഉന്നയിച്ചിട്ടുണ്ട്. കൊവിഡ് രോഗികൾക്ക് ആശ്വാസം പകരുന്ന മരുന്നുകൾ സംസ്ഥാനത്തെത്താതിരിക്കാൻ കേന്ദ്രസർക്കാറുമായി ബന്ധപ്പെട്ടവർ ഇടപെടുന്നുവെന്ന ആരോപണം ഉന്നയിച്ചത് മഹാരാഷ്ട്ര ന്യൂനപക്ഷക്ഷേമമന്ത്രി നവാബ് മാലിക് ആണ്.

കൊവിഡിനെതിരേ ഉപയോഗിക്കുന്ന റെംഡെസിവിർ എന്ന മരുന്ന് മഹാരാഷ്ട്രയ്ക്കു നൽകരുതെന്ന് മരുന്നുകമ്പനികൾക്ക് കേന്ദ്രസർക്കാർ നിർദേശം നൽകിയതായാണ് നവാബ് മാലിക്കിന്റെ ആരോപണം. 16 എക്സ്പോർട്ട് കമ്പനികളോട് സംസ്ഥാനസർക്കാർ റെംഡെസിവിർ ആവശ്യപ്പെട്ടുവത്രേ. എന്നാൽ മഹാരാഷ്ട്രസർക്കാർ മരുന്നാവശ്യപ്പെട്ടാൽ നൽകരുതെന്ന് കർശനനിർദേശം നൽകിയിട്ടുണ്ടെന്നാണ് മറുപടി ലഭിച്ചതെന്ന് നവാബ് മാലിക് ആരോപിച്ചു. രാജ്യത്ത് ഏറ്റവും ഭീകരമായ രോഗവ്യാപനം മഹാരാഷ്ട്രയിലാണെന്നോർക്കണം.

**ഓക്സിജൻ സിലിണ്ടറുകളുടെ വില മൂന്നിരട്ടിയായി വർധിച്ചു**

മെഡിക്കൽ ഓക്സിജന്റെ ക്ഷാമവും രൂക്ഷമാണ്. ക്ഷാമം പരിഹരിക്കാൻ കേന്ദ്രം 50,000 മെട്രിക് ടൺ മെഡിക്കൽ ഓക്സിജൻ ഇറക്കുമതി ചെയ്യാൻ തീരുമാനിച്ചിരിക്കുകയാണ്. രോഗവ്യാപനം തീവ്രമായ സംസ്ഥാനങ്ങളിൽ ഓക്സിജൻ സിലിണ്ടറുകളുടെ വില മൂന്നിരട്ടിയായി വർധിച്ചിട്ടുണ്ട്. മെഡിക്കൽ ഓക്സിജന്റെ ഉപഭോഗം പ്രതിദിനം 750 ടണ്ണിൽനിന്ന് 2,700 ടൺ ആയാണ് വർധിച്ചിരിക്കുന്നത്. ഡൽഹി, മഹാരാഷ്ട്ര, ഗുജറാത്ത്, മധ്യപ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങളിൽ മെഡിക്കൽ ഓക്സിജന് കടുത്ത ക്ഷാമം നേരിടുന്നുണ്ട്.

**ആഭ്യന്തരലഭ്യത ഉറപ്പു വരുത്തണം**

കഴിഞ്ഞതു കഴിഞ്ഞു. ഇനി ആ പിഴവുകൾ ആവർത്തിച്ചുപറയുന്നതിൽ അർത്ഥമില്ല. വാക്സിൻ കയറ്റുമതി നിയന്ത്രിച്ചും ഉത്പാദനം കൂടുതൽ വേഗത്തിലാക്കിയും ആഭ്യന്തരലഭ്യത ഉറപ്പു വരുത്തണം. വാക്സിൻ വിതരണത്തിലെ വിവേചനം അവസാനിപ്പിച്ചേ തീരൂ. രാഷ്ട്രീയം കളിക്കേണ്ട സമയമല്ല ഇത്. ഒന്നാം ഡോസ് എടുത്തവർക്ക് രണ്ടാം ഡോസ് അതേ വാക്സിൻ നൽകിയില്ലെങ്കിൽ അതുംകൂടി പാഴാകുമെന്നോർക്കണം.

■




## ഒരു കല്ലേറു ദൂരം ക്രൂശിതനൊപ്പം

ഗ്രന്ഥകർത്താ : അഗസ്റ്റിൻ പുന്നോലിൽ ഒ സി ഡി
കാർമ്മൽ ഇന്റർനാഷണൽ
പബ്ലീഷിംഗ് ഹൗസ്, തിരുവനന്തപുരം
വിതരണം : സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ
വില : 120 രൂപ




വായിക്കുന്നവരെ ദൈവത്തോടൊപ്പം നടക്കാൻ സഹായിക്കുന്ന, ശക്തിപ്പെടുത്തുന്ന ദൈവത്തിന്റെ അദൃശ്യമായ കയ്യൊപ്പുള്ള ഗ്രന്ഥം.

## പൊരുളറിയാതെ

ഗ്രന്ഥകർത്താ : ജോസഫ് മൈലപ്പറമ്പിൽ
പ്രസാധനം : ദീപനാളം പബ്ലിക്കേഷൻസ്, പാലാ
വിതരണം : സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ
വില : 60 രൂപ



നിത്യജീവിതത്തിൽ സാധാരണക്കാർ കാണാതെയും കേൾക്കാതെയും അറിയാതെയുമിരിക്കുന്ന അതിസാധാരണമായ കാര്യങ്ങളിലെ കൗതുകങ്ങൾ കഥകളായി ഈ ഗ്രന്ഥത്തിലൂടെ അനാവരണം ചെയ്യപ്പെടുന്നു.

## മറിയത്തിന്റെ കഥ

ഗ്രന്ഥകർത്താ : ഫാ. ജെയിംസ് പള്ളിപ്പാട്ട്
പ്രസാധനം : പാവനാത്മ പബ്ലീഷേഴ്സ്, കോഴിക്കോട്
വിതരണം : സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ
വില : 110 രൂപ




ഈ ഗ്രന്ഥത്തിലെ മറിയത്തിന്റെ കഥ വായിച്ചുതീരുമ്പോൾ നമ്മുടെ ഹൃദയം മറിയത്തോടുള്ള സ്നേഹത്താലും ഭക്തിയാലും എരിയുന്ന അനുഭവമുണ്ടാകും. ഈശോയോടു കൂടുതൽ ചേർന്നുനില്ക്കാനുള്ള തീരുമാനവും നമുക്ക് അതു നല്കുന്നു.

# ചെറുത്തുതോല്പിക്കണം ഈ ദുർഭൂതങ്ങളെ



ഫാ. ജോസഫ് നെച്ചിക്കാട്ട്

ഖലീൽ ജിബ്രാൻ എഴുതിയ പ്രസിദ്ധമായൊരു കഥയാണ് 'രണ്ടു സന്ന്യാസിമാർ.' ദൈവത്തെ ആരാധിക്കുക എന്ന ലക്ഷ്യത്തോടെ ഒരിടത്തു രണ്ടു സന്ന്യാസിമാർ ഒന്നിച്ചു പാർത്തിരുന്നു. രണ്ടുപേർക്കുംകൂടി ആകെയുണ്ടായിരുന്ന സ്വത്ത് ഒരു മൺപാത്രം മാത്രമായിരുന്നു. അങ്ങനെ ഒന്നായി സ്നേഹിച്ചു കഴിഞ്ഞവരുടെ ഇടയിലേക്ക് ഒരു ദുർഭൂതം കടന്നുവന്നു. അതു മൂത്തസന്ന്യാസിയുടെ ഉള്ളിൽ കയറിക്കൂടി. അതോടെ അയാളുടെ ഭാവമാകെ മാറി.

അയാൾ ഇളയ സന്ന്യാസിയുമായി കയർത്തുതുടങ്ങി: "നമുക്ക് ഉടനെ പങ്കുപിരിയണം; സ്വത്തു ഭാഗിക്കണം" അയാൾ ശബ്ദമുയർത്തി. രംഗം ഇളയ സന്ന്യാസിയെ വല്ലാതെ വേദനിപ്പിച്ചു. എങ്കിലും, മനസ്സില്ലാമനസ്സോടെ അയാൾ അതിനു വഴങ്ങി; ഏക സമ്പാദ്യമായ മൺപാത്രം മൂത്ത സന്ന്യാസിക്കുതന്നെ കൊടുത്തു: "അങ്ങ് ഇതെടുത്തുകൊള്ളുക."

'അതുവേണ്ട, ഭാഗിക്കണം' എന്നു തന്നെയായി മൂത്തയാൾ.

"ഭാഗിച്ചാൽ ആർക്കുമില്ലാതാകില്ലേ, നമുക്കു നറുക്കിടാം." ഇളയ ആൾ വീണ്ടും പറഞ്ഞു.

"അതുംപാടില്ല, മുറിക്കുക തന്നെ വേണം'' മൂത്തയാൾ ശാഠ്യംപിടിച്ചു.

ഒടുവിൽ അതു ഭാഗിക്കാനും ഇളയയാൾ വഴങ്ങിയപ്പോൾ മൂത്ത സന്ന്യാസി പിന്നെയും അലറി: "അപ്പോൾ, ഒരു വഴക്കിന് നീ തയ്യാറല്ല അല്ലേ?"

എത്രയോ സ്നേഹത്തിലായിരുന്നു ആ സന്ന്യാസിമാർ രണ്ടുപേരും? ഒരേ മൺപാത്രത്തിൽ ഭക്ഷണമുണ്ടാക്കി, അതേ പാത്രത്തിൽ ഒന്നിച്ചിരുന്ന് അനുഭവിച്ചവർ! ദൈവസ്നേഹത്തിലധിഷ്ഠിതമായ സഹോദരസ്നേഹത്തിൽ നിറഞ്ഞുനിന്നവർ - യഥാർത്ഥ സന്ന്യാസം സ്വന്തമാക്കിയവർ! ആ യാഥാർത്ഥ്യത്തിലേക്കാണ് ഒരു ദുരാത്മാവു കടന്നുവരുന്നത്.

അതിന്, ആ സാഹോദര്യവും സന്ന്യാസവും സഹിക്കാനായില്ല. എങ്ങനെയെങ്കിലും അവരെ അകറ്റണം, ഒറ്റപ്പെടുത്തണം. അതു മാത്രമായിരുന്നു ഭൂതത്തിന്റെ ലക്ഷ്യം. അതിനുവേണ്ടിത്തന്നെയാണ് അതു മൂത്തയാളിൽ പ്രവേശിക്കുന്നതും. അതോടെ അയാൾ അയാളല്ലാതായി മാറി.

സന്ന്യാസത്തിനും സർവോപരി സഹിഷ്ണുതയ്ക്കും വിശ്വവിഖ്യാതി നേടിയ നാടായിരുന്നല്ലോ ഗതകാലങ്ങളിലെ ആർഷഭാരതം! ഇവിടെയുള്ള എത്രയോ ലക്ഷംപേരെ ക്രൈസ്തവ മിഷനറിമാർ കൈകൊടുത്തു കരകയറ്റിവിട്ടിട്ടുണ്ട്? ജാതിയോ മതമോ നിറമോ ഒന്നും നോക്കാതെ എത്രയധികം സാധുക്കളെ സൗജന്യവിദ്യാഭ്യാസം നല്കി ഉയർത്തിവിട്ടിട്ടുണ്ട്? പകരം അവരും ക്രൈസ്തവരെയും മിഷനറിമാരെയും ക്രിസ്തീയസ്ഥാപനങ്ങളെയും ആദരിക്കുകയും അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. അവരുടെ ആരാധനാലയങ്ങളെ സംരക്ഷിക്കുകയും അവിടെ നേർച്ചകാഴ്ചകൾ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

കുഷ്ഠരോഗികളെ ശുദ്ധരാക്കിക്കൊണ്ട് പണ്ടു പലസ്തീനായിൽക്കൂടി കടന്നുപോയ ഗുരുദേവനെ അനുകരിച്ചുകൊണ്ടാണ് ഗ്രഹാം സ്റ്റെയിൻസ് ഒറീസയിലെ ഗ്രാമങ്ങളിലെത്തിച്ചേർന്നത്. ആ മനുഷ്യസ്നേഹിയെയും രണ്ടു പിഞ്ചോമനകളെയും വാഹനത്തിലിട്ട് ചുട്ടുകരിച്ച ദാരാസിംഗിലെ ദുരാത്മാവ് യൂദാസ് സ്കറിയോത്തയിലും (യോഹ 13:27), നഥുറാം വിനായക് ഗോഡ്സേയിലും, മുമ്പു കണ്ട മൂത്ത സന്ന്യാസിയിലും ആവേശിച്ച അതേ ദുർഭൂതം തന്നെയല്ലേ?

ജാതിയും മതവും നോക്കാതെ ഇൻഡോറിലെ ആദിവാസികളെ അകമഴിഞ്ഞു സ്നേഹിച്ച സ്വർണപരാഗമാണു റാണി മരിയ. ആ ത്യാഗിനിയെ വണ്ടിയിൽനിന്നു വലിച്ചിറക്കി കുത്തിമലർത്തിയവനെ ബാധിച്ച ദുരാത്മാവ് ആരുടേതായിരുന്നു?

'പരാക്രമം സ്ത്രീകളോടല്ല വേണ്ടൂ' എന്നാണ് ഭാരതത്തിൽ മുമ്പു പറയപ്പെട്ടിരുന്നതെങ്കിൽ ഇന്നു പരാക്രമവും പീഡനവും സ്ത്രീകളോടുതന്നെയാണ്, ദൈവത്തിന്റെ സ്വന്തം നാട്ടിൽപ്പോലും.

മൂത്ത സന്ന്യാസിയെ ബാധിച്ച അതേ ദുർഭൂതംതന്നെയാണ് ഇന്നു നമ്മുടെ സമൂഹത്തെയും ഗ്രസിച്ചിരിക്കുന്നത്. യഥാർത്ഥ ദൈവസ്നേഹം കെടുത്തിക്കളയണമെങ്കിൽ സാഹോദര്യത്തിന്റെ എണ്ണ വറ്റിക്കണമെന്ന് അതിനു ശരിക്കും നിശ്ചയമുണ്ട്. ദുർഭൂതങ്ങൾക്ക് അടിമകളാകാതിരിക്കാനും അവരുടെ കൈയിലെ ഉപകരണങ്ങളായി വർത്തിച്ച് അക്രമവും അരാജകത്വവും വിഭാഗീയതയും വളർത്താതിരിക്കാനും നമുക്കു ജാഗരൂകരാകാം. ■

> ഇവിടെയുള്ള എത്രയോ ലക്ഷംപേരെ ക്രൈസ്തവമിഷനറിമാർ കൈകൊടുത്തു കരകയറ്റിവിട്ടിട്ടുണ്ട്? ജാതിയോ മതമോ നിറമോ ഒന്നും നോക്കാതെ എത്രയധികം സാധുക്കളെ സൗജന്യവിദ്യാഭ്യാസം നല്കി ഉയർത്തിവിട്ടിട്ടുണ്ട്? അവരും ക്രൈസ്തവരെയും മിഷനറിമാരെയും ക്രിസ്തീയസ്ഥാപനങ്ങളെയും ആദരിക്കുകയും അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.




# പരസ്യമായ രഹസ്യങ്ങൾ



കാരിത്തടം വർക്കി

'ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന്' എന്ന ശ്രീനാരായണഗുരുവിന്റെ ഉദ്ബോധനം സഹോദരൻ അയ്യപ്പൻ വിപ്ലവാത്മകമായി പരിഷ്കരിച്ചത് 'ജാതി വേണ്ട മതം വേണ്ട ദൈവം വേണ്ട മനുഷ്യന്' എന്നായിരുന്നുവല്ലോ.

ജാതിചിന്തയ്ക്കു കുറവേതുമില്ല എന്നു ബോധ്യപ്പെടാൻ നമ്മുടെ കല്യാണപ്പരസ്യങ്ങൾ ശ്രദ്ധിച്ചാൽ മതി. പത്രപ്പരസ്യങ്ങൾ ജാതി തിരിച്ചുതന്നെയാണ് പ്രത്യക്ഷപ്പെടാറ്. നായർസുന്ദരി, ഈഴവസുന്ദരി, ക്രിസ്ത്യൻ സുന്ദരി, മുസ്ലീം സുന്ദരി എന്നിങ്ങനെ സുന്ദരിമാർ ജാതിയടിസ്ഥാനത്തിലാണിപ്പോൾ. ജാതി പ്രശ്നമല്ലാത്തവരുമുണ്ട് കേട്ടോ. അത്തരമൊരു പരസ്യം വായിച്ച് ഞാൻ ഞെട്ടിത്തരിച്ചുപോയി. ജാതി പ്രശ്നമല്ല എന്നുപറഞ്ഞ പരസ്യക്കാരൻ അതിലൊരു 'പുരോഗമനാത്മക'മായ ക്ലോസ് വച്ചിരിക്കുന്നു. പട്ടികജാതി പട്ടികവർഗക്കാർ അപേക്ഷിക്കേണ്ടതില്ലെന്ന് സംഗതി എങ്ങനെ?

പരസ്യങ്ങൾ ശ്രദ്ധിക്കാൻ തുടങ്ങിയപ്പോൾ ചിരിക്കാനും ചിന്തിക്കാനുമുള്ള വക വേണ്ടുവോളം കിട്ടിത്തുടങ്ങി. പരസ്യം ചെയ്യുന്നവരുടെ സത്യസന്ധതയെ അഭിനന്ദിച്ചേ മതിയാവൂ. തന്റേതല്ലാത്ത കാരണങ്ങളാൽ വിവാഹമോചനം നേടിയ എന്ന പ്രയോഗം കേൾക്കുമ്പോഴേ നമുക്ക് സഹതാപം തോന്നിപ്പോകും. പാവം പുനർവിവാഹിതരെ മാത്രമേ ആഗ്രഹിക്കുന്നുള്ളൂ. പല പരസ്യങ്ങളിലും വധു സൽസ്വഭാവിയാണെന്ന് എടുത്തുപറയുന്നുണ്ട്. ഡിമാന്റില്ല എന്നതാണ് മറ്റൊരു സന്തോഷകരമായ പ്രസ്താവം. പിന്നെ നിങ്ങളുടെ ഇഷ്ടംപോലെ എന്ന് ഊഹനീയം. വരനെ കൊണ്ടുപോകുമത്രേ. നാട്ടിൽ ഒരു തൊഴിലുമില്ലാതെ തെക്കുവടക്കു നടക്കുന്ന വായിൽനോക്കിക്ക് ലോട്ടറി കിട്ടിയ സന്തോഷം. ജാതകത്തിൽ വിദേശവാസം എന്നുള്ളത് പാഴ്വാക്കല്ലെന്ന് ഇപ്പോൾ മനസ്സിലായല്ലോ. പാവം ബ്രോക്കർമാരുടെ വയറ്റത്തടിച്ചുകൊണ്ടാണിപ്പോൾ പരസ്യങ്ങൾ പലതും Brokers Excuse എന്തിന്? കഞ്ഞിയിൽ പാറ്റയിട്ടതിനോ? ഇതൊരു കൊലച്ചതിതന്നെ ചേട്ടാ, യാത്രക്കാശ്, കാപ്പികുടി ഇതെല്ലാം ഇല്ലാതാവുക എന്നുവച്ചാൽ എങ്ങനെ സഹിക്കാനാണ്!

ആലോചനകളിലെ വില്ലൻ ജാതകമാണ്. ചൊവ്വാദോഷവും പാപജാതകവുമായാൽ കുടുങ്ങിയതുതന്നെ, അതേ ദോഷമുള്ളവരെത്തന്നെ കണ്ടുപിടിക്കണം. ഉഷ്ണം ഉഷ്ണേന ശാന്തി എന്നാണല്ലോ. പാപജാതകക്കാരന് പാപജാതകി. ചൊവ്വാദോഷക്കാരന് ചൊവ്വാദോഷി, മറ്റൊരു നിവൃത്തിയുമില്ലെങ്കിൽ ജോത്സ്യനെക്കണ്ട് ഒന്ന് കൈമടക്കുക. ജോത്സ്യൻ എന്തെങ്കിലും വഴി കണ്ടെത്താതിരിക്കില്ല. 51 വയസ്സുള്ള സുന്ദരിക്ക് അനുരൂപനായ വരനെ ആവശ്യമുണ്ട് എന്നാണ് ഒരു പരസ്യം. യുവത്വത്തിനു പ്രായപരിധിയില്ലെന്നാണ് ആധുനികമതം. മനസ്സ് ചെറുപ്പമായിരുന്നാൽ മതി.



സത്യം സത്യമായിത്തന്നെ പറയണമെന്നും കള്ളം പറഞ്ഞ് ആരെയും കബളിപ്പിക്കരുതെന്നുമായിരുന്നു പെണ്ണിന്റെ അച്ഛന്റെ നിർബന്ധം. ഒരു കാലിനു സ്വാധീനക്കുറവുള്ള മകൾ നടക്കുമ്പോൾ അല്പം ഭംഗികേടുണ്ടായിരുന്നു. പാവം പരസ്യം എഴുതാൻ ഒരു ബന്ധുവിനെ ചുമതലപ്പെടുത്തി. പത്രത്തിൽ പരസ്യം വന്നപ്പോൾ 'ലേശം നടപ്പുദൂഷ്യമുള്ള സുന്ദരിയായ പെൺകുട്ടി' എന്നായിപ്പോയി. മറ്റൊരു പരസ്യത്തിൽ കണ്ടത് 41 വയസ്സ് പക്ഷേ, കണ്ടാൽ പറയുകയില്ല എന്നാണ്.

കണ്ടാലറിയാത്തവർ കൊണ്ടാലറിയും എന്നൊരു ചൊല്ലുണ്ടെന്നുകൂടി ഓർമിക്കുക. ഒരാഴ്ചത്തെ ലീവിന് ഉടനെ നാട്ടിൽ വരുന്ന ചെറുപ്പക്കാരന് വധുവിനെ ആവശ്യമുണ്ടത്രേ. ആ ചങ്ങാതിയോട് ഇത്ര ധൃതിവേണ്ട എന്നു പറയാനാണു തോന്നിയത്. എന്നാൽപ്പിന്നെ കല്യാണം കറസ്പോണ്ടൻസ് കോഴ്സുപോലെ തപാലിലാക്കുന്നതായിരിക്കില്ലേ നല്ലത്? മറ്റൊരു പരസ്യത്തിൽ ചെറുക്കൻ കല്യാണം കഴിച്ചാൽ പോരാ. ഭാര്യവീട്ടിൽ ദത്തുനില്ക്കണം. ആയുഷ്കാലം അവനെ സ്പോൺസർ ചെയ്യാൻ പെണ്ണുവീട്ടുകാർ റെഡി.

വധു ഗൃഹജോലികളിൽ നിപുണയാണത്രേ. അതായത്, പഠിത്തം രണ്ടാം ക്ലാസിനപ്പുറമില്ല എന്ന്. ബാധ്യതകളില്ലാത്ത പുനർവിവാഹക്കാരെയും പരിഗണിക്കുമത്രേ. ഇനിയാണ് ബാധ്യത തുടങ്ങാൻ പോകുന്നതെന്നർത്ഥം. കുട്ടികൾ ഉണ്ടാകാൻ സാധ്യതയില്ലെന്നും പരസ്യത്തിൽ പറയുന്നു. പൂർവകഥ ആർക്കറിയാം?

ഭാവിയിൽ വരാൻ സാധ്യതയുള്ള ഒരു പരസ്യത്തെപ്പറ്റിക്കൂടി പറഞ്ഞുകൊണ്ട് ഈ കുറിപ്പ് അവസാനിപ്പിക്കാം. എന്റെ ഭർത്താവിന്റെ അകാലദേഹവിയോഗത്തിൽ എന്നെ നേരിട്ടും അല്ലാതെയും ആശ്വസിപ്പിക്കുകയും സമാധാനിപ്പിക്കുകയും ചെയ്ത എല്ലാ നല്ലവരായ ആളുകൾക്കും എന്റെ നന്ദി ഹൃദയപൂർവം അറിയിക്കുന്നു എന്ന് നന്ദിനിക്കുട്ടി, വെളുത്ത നിറം, 35 വയസ്സ്, പുണർതം നക്ഷത്രം, ബാധ്യതകളില്ല. ■

നുറുങ്ങുകഥ

ഉണ്ണി വാരിയത്ത്

## ആവശ്യം

എപ്പോഴും വലിയ കാര്യങ്ങൾ വായിട്ടലയ്ക്കുന്നവരെ കാണാറുണ്ടല്ലോ. പക്ഷേ, ഒരു ചെറിയ കാര്യംപോലും അവർ ചെയ്യാൻ സാധ്യതയില്ല.

ഈ കഥയിലെ നായകൻ വ്യത്യസ്തൻ. ചെറിയ കാര്യംപോലും അത്യന്തം ആത്മാർത്ഥതയോടെ ചെയ്യുന്നവൻ. ഒരു സൽപ്രവൃത്തിയെങ്കിലും ചെയ്യാത്ത ഒരു ദിവസവും തന്റെ ജീവിതത്തിൽ ഉണ്ടാവരുതെന്ന് ദൃഢപ്രതിജ്ഞയെടുത്തവൻ.

കാലഘട്ടത്തിന് അവനെപ്പോലെയുള്ളവരെയല്ലേ ആവശ്യം?

# ശരീരസൗന്ദര്യം വർദ്ധിപ്പിക്കാൻ കോസ്മെറ്റിക്സർജറികൾ

ആരോഗ്യവീഥി





ഡോ. ആശിഷ് ശശിധരൻ

**പ്ലാ**സ്റ്റിക് സർജറിരംഗത്ത് വളരെയധികം മുന്നേറ്റമുണ്ടായിട്ടും പൊതുജനങ്ങൾക്കിടയിൽ ഈ വിഭാഗത്തെക്കുറിച്ച് പരിമിതമായ ധാരണയാണുള്ളത്. സൗന്ദര്യവർധക ശസ്ത്രക്രിയകളും പുനർനിർമാണ ശസ്ത്രക്രിയകളും ഉൾപ്പെടുന്നതാണ് പ്ലാസ്റ്റിക് സർജറിവിഭാഗം. പരിക്ക്, അർബുദരോഗം, പൊള്ളൽ, ജന്മനാ ഉണ്ടാകുന്ന വൈകല്യങ്ങൾ എന്നീ അവസ്ഥകളിൽ രോഗിയുടെ ശരീരഭാഗങ്ങൾ പുനർനിർമിക്കുന്ന ശസ്ത്രക്രിയകളാണ് പുനർനിർമാണ ശസ്ത്രക്രിയകൾ അഥവാ റീകൺസ്ട്രക്റ്റീവ് സർജറികൾ. ശാരീരികാകൃതി സുന്ദരമാക്കുക എന്ന ലക്ഷ്യമാണ് സൗന്ദര്യവർധകശസ്ത്രക്രിയകൾക്കുള്ളത്.

**1. ലൈപോസക്ഷൻ (Liposuction)**

നാം നേരിടുന്ന പ്രധാന സൗന്ദര്യപ്രശ്നങ്ങളിൽ ഒന്നാണ് ശരീരത്തിന്റെ ചില പ്രത്യേകഭാഗങ്ങളിൽ കൊഴുപ്പ് അടിഞ്ഞുകൂടുന്നത്. വ്യായാമവും ഭക്ഷണക്രമീകരണവുംവഴി കുറയാത്ത അനാവശ്യ കൊഴുപ്പിനെ ശസ്ത്രക്രിയയിലൂടെ നീക്കം ചെയ്യുന്ന രീതിയാണ് ലൈപോസക്ഷൻ. സാധാരണ കൊഴുപ്പ് കൂടുതലായി കാണപ്പെടുന്ന വയർ, അരക്കെട്ട്, തുടകൾ, ബട്ടക്സ്, കൈകൾ, കഴുത്ത് എന്നിവിടങ്ങളിലെ കൊഴുപ്പ് നീക്കം ചെയ്ത് ആ ഭാഗം നമ്മൾ ആഗ്രഹിക്കുന്ന രൂപത്തിലേക്ക് എത്തിക്കുവാൻ ലൈപോസക്ഷൻകൊണ്ടു കഴിയുന്നു. ശരീരത്തിൽ വലിയ മുറിപ്പാടുകൾ ഒന്നുമുണ്ടാക്കാതെ ചെറിയ മെറ്റൽ ട്യൂബുകൾ ഉപയോഗിച്ച് പുറത്തു കാണാത്ത ഭാഗങ്ങളിലൂടെ കൊഴുപ്പ് വലിച്ചെടുക്കുകയാണ് ഇതിൽ ചെയ്യുന്നത്. ശരീരത്തിൽ ഒരുപാട് അനാവശ്യകൊഴുപ്പുള്ള, ഒരു ഹെൽത്തി ബാലൻസ്ഡ് ശരീരഭാരം നിലനിർത്തുന്ന ഏതൊരാൾക്കും ലൈപോസക്ഷൻ ചെയ്യാവുന്നതാണ്.

**2. ടമ്മി ടക് / അബ്ഡോമിനോപ്ലാസ്റ്റി (Tummy Tuck / Abdominoplasty)**

വയറിന്റെ അടിഭാഗത്തുള്ള അമിതകൊഴുപ്പ്, തൂങ്ങിയ ചർമം, സ്ട്രെച്ച് മാർക്സ് എന്നിവ നീക്കം ചെയ്ത് വയറിനെ കൂടുതൽ ഷേപ്പുള്ള, ഭംഗിയുള്ള രൂപത്തിലേക്കു മാറ്റുന്ന ഒരു സർജിക്കൽ രീതിയാണിത്. ഇതിലൂടെ വയറിന്റെ അടിയിലെ തൂങ്ങിയ ചർമം നീക്കം ചെയ്ത്, ഇലാസ്റ്റിസിറ്റി നഷ്ടപ്പെട്ട മസിലുകൾ ടൈറ്റാക്കി, ലൈപോസക്ഷൻവഴി അധികമുള്ള കൊഴുപ്പ് വലിച്ചെടുത്ത് ഒതുങ്ങിയ അപ്പിയറൻസ് കൊടുക്കുകയാണ് ചെയ്യുന്നത്. പൊക്കിളിനു ചുറ്റും താഴെയും അമിതകൊഴുപ്പോ ഇലാസ്റ്റിസിറ്റി നഷ്ടപ്പെട്ട്



തൂങ്ങിയ ചർമമോ ഉള്ള ഏതൊരാൾക്കും ടമ്മി ടക്ക് പരിഗണിക്കാവുന്നതാണ്.

**3. റൈനൊപ്ലാസ്റ്റി (Rhinoplasty)**

മുഖസൗന്ദര്യത്തിന്റെ ഒരു പ്രധാനഘടകമാണ് നമ്മുടെ മൂക്ക്. മൂക്കിന്റെ ആകൃതിയിൽ വ്യത്യാസങ്ങൾ വരുത്തി മനോഹരമാക്കുന്നതിനും ശ്വാസതടസത്തിനുള്ള പരിഹാരമായുമുള്ള കോസ്മെറ്റിക് സർജറിയാണ് റൈനൊപ്ലാസ്റ്റി. മൂക്കിന്റെ ഘടനയിൽ ഏറ്റവും പുറംഭാഗത്ത് അസ്ഥികളും, അതിന്റെ താഴെ തരുണാസ്ഥിയും (cartilage) ആണുള്ളത്. റൈനൊപ്ലാസ്റ്റിവഴി മൂക്കിലെ അസ്ഥികളുടെയും തരുണാസ്ഥിയുടെയും അവിടെയുള്ള ചർമത്തിന്റെയും ഘടനയിലും ആകൃതിയിലും മാറ്റം വരുത്താവുന്നതാണ്. ഒരു കോസ്മെറ്റിക് സർജനുമായി കൺസൾട്ടു ചെയ്ത് റൈനൊപ്ലാസ്റ്റിവഴി നിങ്ങൾക്ക് അഭികാമ്യമായ ഫലം ലഭിക്കുന്നത് സാധ്യമാണോയെന്ന് ആദ്യം മനസ്സിലാക്കുക. അദ്ദേഹം ശസ്ത്രക്രിയയ്ക്കു മുമ്പേതന്നെ നിങ്ങളുടെ മുഖത്തിന്റെ ആകൃതി, ഘടന, നിങ്ങളുടെ മൂക്കിലുള്ള ചർമം, എന്തു മാറ്റമാണ് ഈ സർജറികൊണ്ട് നിങ്ങൾക്കു വേണ്ടത് എന്നിവയെല്ലാം മനസ്സിലാക്കി നിങ്ങൾക്കു ചേരുന്ന ഒരു പ്ലാൻ തയ്യാറാക്കി തരുന്നതായിരിക്കും.

**4. ആംലിഫ്റ്റ് / ബ്രക്കിയോപ്ലാസ്റ്റി (Arm lift / Brachioplasty)**

കൈകളുടെ അടിഭാഗത്ത് അടിഞ്ഞുകൂടിയിരിക്കുന്ന അമിതമായ കൊഴുപ്പിനെ ശസ്ത്രക്രിയയിലൂടെ നീക്കം ചെയ്ത് നിങ്ങൾക്കാവശ്യമുള്ള വണ്ണത്തിലേക്ക് കൈകളെ രൂപമാറ്റം ചെയ്യുകയാണ് ഈ കോസ്മെറ്റിക് സർജറിയിൽ ചെയ്യുന്നത്. കൈമുട്ടുകളുടെയും കക്ഷത്തിന്റെയും ഇടയിലുള്ള അമിതകൊഴുപ്പും തൂങ്ങിയ ചർമ്മവും നീക്കംചെയ്ത് കൈകൾക്ക് ഒതുങ്ങിയ രൂപം കൈവരിക്കാൻ ഈ ശസ്ത്രക്രിയ സഹായകമാണ്.

**5. ഗൈനക്കോമാസ്റ്റിയ (Gynecomastia)**

പുരുഷന്മാരിലുണ്ടാകുന്ന സ്തനവളർച്ചയാണ് ഗൈനക്കോമാസ്റ്റിയ. സ്തനപ്രദേശത്തെ കൊഴുപ്പാണ് ഈ അവസ്ഥയ്ക്കു കാരണമാകുന്നത്. ചുറ്റുമുള്ള ഈ കൊഴുപ്പ് ലൈപ്പോസക്ഷൻ ചെയ്തെടുക്കുക എന്നതാണ് ആദ്യപടി. തീരെ ചെറിയ ദ്വാരങ്ങളിലൂടെ ഇത് ചെയ്യാവുന്നതേ യുള്ളു. നിപ്പിളിന്റെ ചുറ്റുമുള്ള ബ്രൗൺ ഏരിയോളയും സാധാരണ തൊലിയും തമ്മിലുള്ള വരയിലൂടെ ചെറിയ മുറിവുണ്ടാക്കി കൊഴുപ്പെടുക്കാം. ഇവ ഷർട്ട് ഊരിയാലും മുറിവിന്റെ പാടുകൾ കാണാത്ത രീതിയിൽ തീരെ ചെറുതായിരിക്കും. ഇത്തരം പ്രശ്നം നേരിടുന്ന പുരുഷന്മാരിൽ ആത്മവിശ്വാസം വർദ്ധിപ്പിക്കാൻ സഹായകരമായ ഒരു ചികിത്സാരീതിയാണിത്.

*ലേഖകൻ പാലാ മാർ സ്ലീവാ മെഡിസിറ്റിയിൽ പ്ലാസ്റ്റിക് സർജറി വിഭാഗം കൺസൾട്ടന്റാണ്.*

---

## കേരളത്തിലെ കാട്ടുമൃഗങ്ങൾ

മാത്യൂസ് ആർപ്പൂക്കര

# ഹനുമാൻകുരങ്ങ്



**കേ**രളത്തിൽ കാണപ്പെടുന്ന ഒരിനം കുരങ്ങാണ് ഹനുമാൻകുരങ്ങ്. ഇന്ത്യയുടെ എല്ലാഭാഗത്തും ഇവയെ കാണാം. 14 ജാതികളുള്ള ഇവ 2500 മീറ്റർ വരെ ഉയരമുള്ള പർവ്വതപ്രദേശങ്ങളിൽ ജീവിക്കുന്നു. മനുഷ്യനോട് ഏറെ സാമ്യമുള്ള ഗൊറില്ല, ചിമ്പാൻസി എന്നിവയുടെ കുടുംബത്തിൽപ്പെട്ടവയാണ് ഇവ. കരിങ്കുരങ്ങും സിംഹവാലനുമൊക്കെ ഇതേ കുടുംബത്തിൽപ്പെടും. മറ്റു മൃഗങ്ങളെക്കാൾ ബുദ്ധിശക്തിയുള്ള ഹനുമാൻകുരങ്ങുകൾ മരക്കൊമ്പുകളിൽ കാട്ടുന്ന അഭ്യാസപ്രകടനങ്ങൾ ശ്രദ്ധേയമാണ്. ചാട്ടത്തിലും ഓട്ടത്തിലും ബഹുകേമൻ തന്നെ. കരിങ്കുരങ്ങും സിംഹവാലനും നിലത്തിറങ്ങുക വളരെ അപൂർവ്വമായ കാഴ്ചയാണെങ്കിൽ ഹനുമാൻകുരങ്ങ് മിക്കവാറും നിലത്താണ് സഞ്ചരിക്കുന്നത്. പൂർണമായും സസ്യഭോജികളായ ഇവയുടെ പ്രധാന ശത്രുക്കൾ കടുവയും പുലികളുമാണ്. മരക്കൊമ്പുകളിലെ അഭ്യാസമുറകൾ ഇവയെ രക്ഷപ്പെടാൻ സഹായിക്കുന്നു. കൂട്ടമായാണ് ഇവയെ കാണുക.

ഹനുമാൻകുരങ്ങിന്റെ ശരീരത്തിനു വെള്ള കലർന്ന തവിട്ടുനിറമാണ്. മുഖമാകട്ടെ കറുപ്പുനിറവും. മുൻകാലുകൾക്കു നീളക്കൂടുതലുണ്ട്. ഉയരം ശരാശരി 75 സെ. മീറ്ററും നീളം പരമാവധി 170 സെ. മീറ്ററുമാണ്. ഹനുമാൻകുരങ്ങ് ഒറ്റയ്ക്ക് സഞ്ചരിക്കുക അപൂർവ്വമാണ്. പത്തോ പതിനഞ്ചോ അംഗങ്ങൾ കൂട്ടമായി നടക്കുന്നു. ഇക്കൂട്ടത്തിൽ കുഞ്ഞുങ്ങളും വയസ്സന്മാരുമുണ്ടാകും. കാട്ടിൽ മാത്രമല്ല, കാടിനോടു ചേർന്ന ജനവാസമേഖലകളിലും ഇവയെ കാണാം. ചിലയിടങ്ങളിൽ കോവിലുകളിലും ക്ഷേത്രപരിസരങ്ങളിലുമൊക്കെ ഇവയെ കാണാറുണ്ട്. ചില പ്രദേശങ്ങളിൽ മൂളിയാൻ എന്നു വിളിക്കുന്ന ഹനുമാൻകുരങ്ങുകളുടെ വംശവർദ്ധന പ്രധാനമായും ഏപ്രിൽ, മേയ് മാസങ്ങളിലാണ്.

വനത്തിൽ മിക്കവാറും പുള്ളിമാനോടൊപ്പമാകും ഹനുമാൻകുരങ്ങിനെ കാണുക. മരത്തിനു മുകളിലിരുന്ന് കായ്കളും പഴങ്ങളുമൊക്കെ പുള്ളിമാനിന് ഇട്ടുകൊടുക്കുന്ന ശീലം ഹനുമാൻകുരങ്ങിനുണ്ട്. അങ്ങനെ അവർ തമ്മിൽ നല്ല സൗഹൃദത്തിലായി കാണുന്നു. അപകടസൂചന വല്ലതുമുണ്ടായാൽ മരത്തിനു മുകളിലിരുന്ന് അതറിയിക്കാനും ഹനുമാൻകുരങ്ങ് മടി കാണിക്കില്ല. കടുവയോ പുലിയോ കഴുതപ്പുലിയോ പുള്ളിമാനിനെ വേട്ടയാടാൻ ഒരുമ്പെട്ടാൽ തത്ക്ഷണം ഹനുമാൻകുരങ്ങ് ശബ്ദം കൊണ്ട് സിഗ്നൽ നൽകിയിരിക്കും.






എല്ലാ മാസവും ആദ്യത്തെ ആഴ്ച

**ദീപനാളം കുട്ടികളോടൊപ്പം**

- ആകർഷകമായ വ്യക്തിത്വത്തിനുള്ള രസതന്ത്രങ്ങൾ
- കാര്യക്ഷമത കൂട്ടാനുള്ള വിജയമന്ത്രങ്ങൾ
- വിജയികളുടെ നേരറിവുകളും അനുഭവങ്ങളും
- മഹത്തുക്കളുടെ പ്രചോദനാത്മകചിന്തകൾ
- കുട്ടികളുടെ സർഗരചനകൾക്ക് ഒരു തുറന്ന വേദി.

നിനു പി. രാജു

# 'നസ്രേത്തിൻ നാട്ടിലെ' കുഞ്ഞുപാട്ടുകാരി



നിയ ചാർളി

**ഒരു** കൊല്ലത്തോളം നീണ്ടുനിന്ന കൊവിഡ് പ്രതിസന്ധികൾക്കുശേഷം സിനിമാ കൊട്ടകകളിലെത്തിയ മമ്മൂട്ടിച്ചിത്രമായ 'ദി പ്രീസ്റ്റ്' ബോക്സ് ഓഫീസ് റെക്കോഡുകളെ ഭേദിച്ച് മുന്നേറുകയാണ്, ഒപ്പം 'നസ്രേത്തിൻ നാട്ടിലെ പാവനേ മേരിമാതേ...' എന്ന ഭക്തിസാന്ദ്രമായ ഗാനവും. അതിമനോഹരമായ ഈ പാട്ടിലൂടെ ഗാനാലാപന രംഗത്ത് തന്റെ സ്ഥാനമുറപ്പിക്കുകയാണ് നിയ ചാർളി എന്ന ആറാം ക്ലാസ്സുകാരി. കോഴിക്കോട്, പുല്ലൂരാംപാറ പെരിയപ്പുറം വീട്ടിൽ ചാർളി ജോസഫിന്റെയും നിത്യ ചാർളിയുടെയും മകളാണ് നിയാ ചാർളിയെന്ന ഈ കൊച്ചുമിടുക്കി.

ചെറുപ്പംമുതൽ നന്നായി പാടുന്ന നിയ, സ്കൂളിലും ദൈവാലയഗായകസംഘത്തിലുമൊക്കെ സജീവമായിരുന്നു. ഫ്ളവേഴ്സ് ടിവിയുടെ കൊച്ചുകുട്ടികൾക്കായുള്ള മ്യൂസിക്കൽ റിയാലിറ്റി ഷോയിൽ ഓഡിഷനു പോയെങ്കിലും മത്സരിക്കാൻ അവസരം ലഭിച്ചില്ല. നിരാശപ്പെടാതെ തന്റെ അവസരത്തിനായി പ്രാർത്ഥനയോടെ കാത്തിരുന്നു. ഒരു ദിവസം പുല്ലൂരാംപാറയിലെ ബഥാനിയ ധ്യാനകേന്ദ്രത്തിൽ അമ്മയോടൊപ്പം ധ്യാനത്തിനു പോയി. ആ ദിവസം അവിടെ മറ്റൊരു പ്രോഗ്രാം അവതരിപ്പിക്കാൻ പ്രശസ്ത സംഗീതസംവിധായകനും ഗായകനുമായ അൽഫോൺസ് ജോസഫും വന്നിരുന്നു. അവിടെവച്ച് അദ്ദേഹത്തെ പരിചയപ്പെടുകയും പാട്ടു പാടുകയും ചെയ്തു. നിയയുടെ ശബ്ദം വളരെയേറെ ഇഷ്ടപ്പെട്ട അദ്ദേഹം തന്റെയൊരു ആൽബത്തിൽ പ്രവേശനോത്സവഗാനം പാടാൻ നിയയ്ക്ക് അവസരം കൊടുത്തു. എന്നാൽ, അതു പുറത്തിറങ്ങിയില്ല. അതിനുശേഷമാണ് 'ലോനപ്പന്റെ മാമ്മോദീസ' എന്ന സിനിമയിൽ പാടാനുള്ള അവസരം അദ്ദേഹംതന്നെ നൽകിയത്. 'ചിങ്കാരിയാം പൂങ്കുയിലും ചങ്ങാതിയാം മുയലും...' എന്ന ആ ഗാനം വളരെ ശ്രദ്ധിക്കപ്പെടുകയും ചെയ്തു. ചലച്ചിത്രപിന്നണിഗാനരംഗത്ത് തന്റെ പ്രഥമഗാനം പാടിക്കഴിഞ്ഞ് നിയ ഫ്ളവേഴ്സ് ടോപ്പ് സിംഗറിന്റെ ഫ്ളോറിൽ അതിഥിയായെത്തുകയും ജഡ്ജസിന്റെ മുമ്പിൽ ഗാനം ആലപിക്കുകയും ചെയ്തു. ഒരിക്കൽ അവസരം നിഷേധിക്കപ്പെട്ട അതേ ഫ്ളോറിലേക്ക് ഒരു പിന്നണിഗായികയായുള്ള ആ വരവ് ഏറെ അഭിമാനം നിറഞ്ഞതായി. ടോപ്പ് സിംഗറിൽ ഒരിക്കൽ അവസരം നിഷേധിക്കപ്പെട്ടതിനെക്കുറിച്ചു ചോദിച്ചപ്പോൾ, ഫ്ളവേഴ്സ് ചാനൽ എന്നെ മനഃപൂർവ്വം തള്ളിക്കളഞ്ഞതല്ല. എന്നേക്കാൾ നന്നായി പാടുന്ന കുട്ടികൾ അവിടെയുണ്ടല്ലോ. അതുകൊണ്ട് അവസരം കിട്ടാതിരുന്നതാണെന്നായിരുന്നു നിയയുടെ വിനയാന്വിതമായ മറുപടി. കഴിഞ്ഞ വർഷം പുറത്തിറങ്ങിയ 'അറിയുന്നു ഞാൻ എന്നേശുവേ അതിരറ്റ നിന്റെ സ്നേഹം...' എന്ന നിയ പാടിയ ഭക്തിഗാനം വലിയ ഹിറ്റായിരുന്നു. നിയയുടെ പുതിയ ചില ഭക്തിഗാനങ്ങൾ ഇപ്പോൾ അണിയറയിൽ ഒരുങ്ങിക്കൊണ്ടിരിക്കുകയാണ്.

'ദി പ്രീസ്റ്റി'ലെ ഒരു ഗാനത്തിന് ലീഡ് പാടാൻ ഒരു കൊച്ചുപെൺകുട്ടിയെ അന്വേഷിച്ചുകൊണ്ടിരുന്ന സംഗീതസംവിധായകൻ രാഹുൽ രാജിനോട് അൽഫോൺസ് ജോസഫ് തന്നെയാണ് നിയയുടെ കാര്യം പറഞ്ഞത്. നിയയുടെ പാട്ട് ഇഷ്ടപ്പെട്ട രാഹുൽരാജ് 'നസ്രേത്തിൻ നാട്ടിലെ' എന്ന പാട്ടു പാടാൻ നിയയ്ക്ക് അവസരം വൽകി. ഗായിക മെറിൻ ഗ്രിഗറിയും ആ ഗാനത്തിൽ കൂടെ പാടുന്നുണ്ട്.

ഈ ഗാനത്തിൽ ഭാഗഭാക്കാകാൻ കഴിഞ്ഞതും, അതൊരു മാതാവിന്റെ പാട്ടുതന്നെയായതുമെല്ലാം വിസ്മയത്തോടും സന്തോഷത്തോടും നന്ദിയോടും കൂടിയാണ് നിയ ഓർക്കുന്നത്.

കോഴിക്കോട് തിരുവമ്പാടി ഇൻഫന്റ് ജീസസ് ഇംഗ്ലീഷ് മീഡിയം സ്കൂളിൽ ആറാം ക്ലാസ്സ് വിദ്യാർത്ഥിനിയായ നിയ ഏഴാമത്തെ വയസ്സു മുതൽ സംഗീതം അഭ്യസിക്കുന്നുണ്ട്. ഇപ്പോൾ ആനന്ദ് കാവുവട്ടത്തിന്റെ കീഴിലാണ് ശാസ്ത്രീയസംഗീതം പഠിക്കുന്നത്. കേരളത്തിൽ കലകളെ ആവോളം പ്രോത്സാഹിപ്പിച്ച വന്ദ്യവൈദികൻ ആബേലച്ചന്റെ കുടുംബത്തിലാണ് നിയയുടെ ജനനം. സഹോദരൻ അജയ് ചാർളി.

പ്രതീക്ഷയോടെ കാത്തിരിക്കുന്ന അവസരങ്ങൾ കൈയെത്തും ദൂരത്തു വന്നിട്ട് വഴുതിമാറിപ്പോകുമ്പോൾ നിരാശ തോന്നാം, അത് മനുഷ്യസഹജമാണ്. എന്നാൽ നിരാശപ്പെടാതെ പ്രാർത്ഥനയോടും പരിശ്രമങ്ങളോടും കൂടി കാത്തിരുന്നാൽ അപ്രതീക്ഷിതമായി അവസരം കൈവരുമെന്ന് സ്വന്തം അനുഭവങ്ങളിലൂടെ സാക്ഷ്യപ്പെടുത്തുകയാണ് നിയ ചാർളിയെന്ന ഈ കൊച്ചുമിടുക്കി.

# പുതിയൊരു നാളെ



റോസ്മി തോമസ്
B Sc Maths
BVM College
Cherpunkal

വേദനയാൽ പുളയുമ്പോൾ,
ഓർമകളാലുരുകുമ്പോൾ
കടലിന്റെ ആഴങ്ങളിലേക്കു മറയുന്ന
സൂര്യനെ കണ്ടു ഞാൻ നിൽക്കേ...
വമ്പൻ തിരമാലകൾക്കും
കൊടുങ്കാറ്റിനും കീഴടങ്ങാത്തവൻ,
പ്രണയതീരങ്ങൾക്കും സൗഹൃദസന്ധ്യകൾക്കും
മയങ്ങാത്തവൻ
വെറുമൊരു ആരാധനയല്ലവനോടെനിക്ക്...
തന്റെ വേദനകളെയും ദുഃഖങ്ങളെയും
കടലിന്റെ അടിത്തട്ടിലേക്കിറക്കിവച്ച്
പുതിയ ശോഭയായി, പ്രകാശമായി
നല്ലൊരു നാളെയെ സമ്മാനിക്കുന്നവൻ...
കണ്ണീരിനാൽ കാഴ്ചകൾ മങ്ങുമ്പോൾ
വേദനയുടെ തീച്ചൂളയിൽ വീണുരുകുമ്പോൾ
സ്വയമെരിഞ്ഞ് ലോകത്തെ പ്രണയിക്കുന്നവനേ,
എന്നും നീയെനിക്ക് അതിശയം.
നിശയുടെ മടിയിൽ മയങ്ങുമ്പോൾ
പുതിയൊരു നാളെയെ പ്രതീക്ഷിച്ച്
നിന്റെ മടങ്ങിവരവിനായി
അക്ഷമയോടെ കാത്തിരിക്കുന്നു ഞാൻ...
നാളെയുടെ വേദനകൾ അലട്ടുന്നുണ്ടെങ്കിലും
പുതിയ സൂര്യനെ വരവേല്ക്കുന്നു ഞാൻ
എന്നെങ്കിലുമൊരിക്കൽ നിന്നെപ്പോലെ
ഉദിച്ചുപൊങ്ങും ഞാനും....



കഥ

# മാറ്റത്തിന്റെ വരമ്പുകൾ



ആഷിൻ അനിൽ
Class : XI
OLL HSS
Uzhavoor



അടുപ്പിലെ പുക മുഖത്തേക്കു തട്ടി കണ്ണു നീറുമ്പോഴും ദേഷ്യമൊന്നും തോന്നിയില്ല. ഇനിയൊന്നുമില്ല. യാത്ര തിരിക്കാനുള്ള എല്ലാം ചെയ്തിരിക്കുന്നു. എല്ലാവരോടും യാത്ര പറഞ്ഞു. എങ്കിലും...

വേണ്ട, മാളു അത് വേണ്ടെന്നു തീരുമാനിച്ചതാണ്. കഫമിളക്കി ചുമച്ചുകൊണ്ട് അമ്മ അടുക്കളയിലേക്കു വന്നു. ''മാളൂ...''

എന്തോ ആലോചിച്ചുകൊണ്ട് ചുമയ്ക്കാനുള്ള ഭാവത്തിൽ അവളുടെ മുഖത്തേക്കു നോക്കാതെ അമ്മ നിന്നു. മാളുവിനോടെന്തോ പറയാനുണ്ടെന്ന് അമ്മയുടെ മുഖത്തു വ്യക്തമായിരുന്നു. മാളുവൊന്നും സംസാരിക്കാതെ അവരെ നോക്കിനിന്നു.

''ഞാൻപറയാൻവന്നത്,നീവീട്ടിലേക്കുപോണില്ല്യേ. തൃശൂർക്കു പോയിച്ചാ പിന്നെന്നാ മടക്കോന്ന് നിശ്ച യില്ല്യല്ലോ.''

''ഞാൻ പോണില്ല്യാന്നു വച്ചതാ.''

''അതെന്താ?''

മാളുവൊന്നും പറഞ്ഞില്ല. അമ്മ സംസാരിക്കാൻ പോകുന്നത് ഇതുതന്നെയാണെന്ന് അവൾ മുൻകൂട്ടിക്കണ്ടിരുന്നു.

''നിക്കറിയാം, നിനക്കവിടെ ഓർക്കാൻ നല്ലതൊന്നുമില്ല്യാന്ന്. എങ്കിലും നിന്റെ വീടല്ല്യേ. നിന്നെ അവിടുന്നല്ല്യേ ഇങ്ങോട്ടേക്കു വേളി കഴിച്ചത്. ചെന്ന് കണ്ടില്ല്യാച്ചാ ലക്ഷ്മി എന്തൊക്കെ പുലമ്പൂന്ന് ആര് കണ്ടു.''

മാളു മറുപടിയൊന്നും പറഞ്ഞില്ല. എവിടെയും നോട്ടമുറപ്പിക്കാതെ ഭിത്തിയോടു ചേർന്നുനിന്നു.

''നാരായണ... നാരായണ...''

കുറച്ചുനേരം മാളുവിനെ നോക്കിനിന്നശേഷം അമ്മ മുറിയിലേക്കു പോയി. അപ്പോഴും മാളു തന്റെ കൈകളിൽ അടുപ്പിലൂതുന്ന കുഴൽ ഞെരിച്ചുപിടിച്ചു.

വീട്; അങ്ങനെയൊന്നു നഷ്ടപ്പെട്ടിട്ട് വർഷങ്ങൾ ഏറെക്കഴിഞ്ഞിരിക്കുന്നു. ഏഴാം വയസ്സിൽ കൈവിട്ടു പോയതാണ്, എല്ലാവരും വാത്സല്യത്തോടെ തഴുകുന്ന ആ സൗഭാഗ്യം. അന്നുമുതൽ പ്രവാസിയാണ്, അതങ്ങനെതന്നെ തുടരുന്നു.

അമ്മ. അതൊരോർമ മാത്രമാണ്. വാത്സല്യത്തിന്റെ ഓർമ. ആവശ്യങ്ങൾ എന്തും നിറവേറ്റിത്തരുന്ന അച്ഛൻ. കണ്ണുമറച്ചു പെയ്യുന്ന മഴയിൽ ചുഴിയിലേക്കു പതിഞ്ഞിറങ്ങുമ്പോഴും... വയ്യ, ഇനിയോർക്കാൻ വയ്യ.

കൈകൾ വിറയ്ക്കുന്നുണ്ടായിരുന്നു. ചാരിനിന്ന ഭിത്തിയോട് ഇഴുകിച്ചേരാൻ തോന്നി. കണ്ണുകളെ നിയന്ത്രിക്കാനായില്ല. അന്നു പെയ്ത മഴപോലെ അത് കവിളുകളെ നനച്ചൊഴുക്കിക്കൊണ്ടിരുന്നു. പോകണം. അതു കടമയാണ്. ജീവിതം കാണാക്കയത്തിലേക്കു മുങ്ങിയപ്പോൾ അലോസരപ്പെട്ടെങ്കിലും ഒരു കൈത്താങ്ങ് തന്നത് ചെറിയമ്മയാണ്. അവരെ ഒന്നുകാണാൻ കൂട്ടാതിരുന്നാൽ ആരോടൊക്കെയോ ചെയ്യുന്ന വഞ്ചനയാകും.

''ഞാൻ പോയിട്ടു വരാം അമ്മേ.''

അവൾ അമ്മയയോടു പറഞ്ഞു. അവർക്കും അറിയില്ല മാളു എന്തിന് മാമ്പഴത്തേക്കു പോകുന്നുവെന്ന്. നാട്ടുനടപ്പ് അത്രമാത്രം. ആയുസ്സ് സമ്മാനിച്ച വിലപിടിപ്പുള്ള ശാസനയും ആജ്ഞയും നിർഭയം സ്പർശിച്ചു. ചെറിയമ്മയുടെ പട്ടാളകേന്ദ്രം. വിയർപ്പിന്റെയും കണ്ണീരിന്റെയും രുചിയെന്താണെന്നു മനസ്സിലാക്കിയ നാളുകൾ. അടുക്കളപ്പടിയിലെത്തുമ്പോഴും ചിന്തകൾ വിട്ടുമാറിയിരുന്നില്ല. അന്നും ശീലം അടുക്കളക്കോലായിലൂടെ കയറിയാണ്.

അടുക്കളവാതിൽ തുറന്നു കിടക്കുകയാണ്. ആരെയും കണ്ടില്ല. ''ആരുമില്ലേ...''

അങ്ങനെ വിളിച്ചു ചോദിച്ചപ്പോൾ സ്വരം ഇടറിയിരുന്നു. മറുപടിയൊന്നും വന്നില്ല. സംശയിച്ചു നിൽക്കേണ്ട കാര്യമുണ്ടോ?. എത്ര തവണ വച്ചുവിളമ്പിയതാണ്. ആട്ടും തുപ്പും എത്രയോ കേട്ടതാണ്. മകളല്ലെങ്കിൽ വേലക്കാരിയായി കയറിച്ചെല്ലാനുള്ള അധികാരമുണ്ടല്ലോ. ലക്ഷ്മിക്കുഞ്ഞമ്മയോട് എന്തുപറയും? തിരിച്ച് നല്ലതൊന്നും പറയാൻ തരമില്ല. സംശയങ്ങൾ മനസ്സിനെ ബാധിച്ചിരുന്നു. ജീവിതത്തിന്റെ ഏടുകളിൽ ഒന്ന് ഇവിടെയാണ് എരിച്ചുതീർത്തത്. അടുക്കളയിലേക്കു കയറുമ്പോഴും മനസ്സിനെ ഉലച്ചിരുന്ന സംശയങ്ങൾ അലട്ടിക്കൊണ്ടിരുന്നു. എലിമാളങ്ങൾപോലുള്ള മുറികൾ താണ്ടി ഇരുട്ടിനെ തട്ടിമാറ്റി ലക്ഷ്മിക്കുഞ്ഞമ്മയുടെ മുറിയുടെ വാതില്ക്കലെത്തി. ഊണുമുറിയും ഇടനാഴിയും കഴിഞ്ഞിട്ടും ആരെയും കണ്ടില്ല. കൊച്ചച്ചൻ കോലായിൽ കാണും. അദ്ദേഹം അവിടെനിന്ന് മാറാൻ തരമില്ല. മുറിയുടെ വാതില്ക്കൽ വരെയേ എത്തിയിട്ടൊള്ളൂ. അകത്തേക്കു കയറാൻ മനസ്സനുവദിക്കുന്നില്ല.

''ആരാത്...''

ഇതുവരെ കേൾക്കാത്ത ജര ബാധിച്ച സ്വരം കേട്ടു. ലക്ഷ്മിക്കുഞ്ഞമ്മയാണ്. ഇത്രയ്ക്ക് അവശയായിരിക്കുന്നുവോ. പ്രതാപിയായ, ആരെയും താഴ്ത്തിക്കെട്ടുന്ന കരങ്ങളാണോ ഇത്. ഞാൻ... ഞാൻ... മാളുവാ കുഞ്ഞമ്മേ.

മാളു പതുക്കെപ്പറഞ്ഞു. മറുപടിയൊന്നും കിട്ടിയില്ല. ദൈന്യം നിറഞ്ഞ സ്വരത്തോട് എന്തോ ദയ തോന്നി. അകത്തേക്കു കയറി.

''നീ ഇങ്ങോട്ടേക്കുള്ള വഴിയൊക്കെ മറന്നുവോ.''

അങ്ങനെയൊരു ചോദ്യം ഒരിക്കലും പ്രതീക്ഷിച്ചതല്ല. 'എന്താണ് ഈ വഴിക്ക്' എന്ന ചോദ്യത്തിനേ തരമുണ്ടായിരുന്നുള്ളൂ. ചെറിയമ്മ വളരെ മാറിയിരിക്കുന്നു. അത് ദൈന്യം നിറഞ്ഞ ചോദ്യങ്ങളിൽനിന്ന് മനസ്സിലായി.

''ഞങ്ങള് തൃശ്ശൂർക്ക് പൂവാട്ടോ.'' മറുപടിയൊന്നും കിട്ടിയില്ല. കണ്ണുകൾ മച്ചിലുറപ്പിച്ച് എന്തോ ആലോചിക്കുകയാണ്.

ഞാൻ കേട്ടിരുന്നു. കൃഷ്ണൻ പറഞ്ഞിരുന്നു. നിങ്ങൾ പോവണ കാര്യം. എന്തേ, നാട് മടുത്തുവോ?

ഏയ്, അങ്ങനെയൊന്നൂല്ല്യ.

കട്ടിലിനരികിലെ തടിക്കസേരയിൽ സ്ഥാനം പിടിച്ചശേഷം പറഞ്ഞു: ''എല്ലാം അദ്ദേഹം തീരുമാനിച്ചു.''

മ്... അദ്ദേഹം മാത്രം തീരുമാനിച്ചാൽ മതിയാകില്ല. നിനക്കും വേണം ഒരു സ്വരം. ഇത് അവന്റെ ജീവിതമല്ല. നിങ്ങളുടെ ജീവിതമാണ്.

മാളുവൊന്നും പറഞ്ഞില്ല. ആദ്യമായാണ് ഒരു ഉപദേശം കേൾക്കുന്നത്. ''നിന്റെ ഭർത്താവ് അപ്പുണ്ണി വീതമെല്ലാം മേടിച്ചൂന്ന് കേട്ടൂല്ലോ'' അതിനും മാളുവിന് മറുപടിയൊന്നും ഉണ്ടായിരുന്നില്ല.

''ചെറിയമ്മയ്ക്ക് എങ്ങനെയാ ഇപ്പോ.''

''ആ ഗോവിന്ദൻ വൈദ്യരുടെ ചികിത്സയാ... കാര്യമൊന്നുമില്ല, ഈ ചുമ എന്നെ കൊണ്ടുപോവാനുള്ളതാ...''

എന്താണ് തിരിച്ചു പറയേണ്ടതെന്നറിയില്ല. മൂകതയാണ് ഇരുട്ട് പതിയിരിക്കുന്ന കഷായം മണക്കുന്ന മുറിക്കുള്ളിൽനിന്ന്...

''കൃഷ്ണേട്ടൻ, അംബികേട്ടത്തി, കുട്ടികൾ അവരൊക്കെ എവിടെ ചെറിയമ്മേ?''

നിശ്ശബ്ദത തട്ടിമാറ്റി ചോദിച്ചു:

അംബികയുടെ കുടുംബക്ഷേത്രത്തിൽ ഉത്സവം. അവരങ്ങട് പോയിരിക്ക്വാ. പിന്നെയും നേരമേറെ ആ മുറിക്കുള്ളിൽ എന്തൊക്കെയോ ആലോചിച്ചിരുന്നു.

''ഞാനിറങ്ങുന്നു ചെറിയമ്മ.''

ചെറിയമ്മ ഉറക്കത്തിലേക്ക് വഴുതിവീണിരുന്നു. ഉണർത്താതെ മുറിക്കു പുറത്തേക്കിറങ്ങി. കൊച്ചച്ചനെ കണ്ടില്ല. കോലായിലേക്കു നടന്നു. പാതിവഴിയിലാരോ പിടിച്ചു നിർത്തിയപോലെ മനസ്സു പറഞ്ഞു.

''കാണേണ്ട, അദ്ദേഹത്തെ കാണേണ്ട.''

# കുറുങ്കവിതകൾ

ജോസ് പോളയ്ക്കൽ

**1**

കുറ്റങ്ങൾ കണ്ടാൽ തിരുത്താൻ മടിക്കേണ്ടൊ-
രിറ്റും, മടിക്കുകിൽ കൃത്യവിലോപമാം;
മുറ്റും വിരോധമോടന്യരിലില്ലാത്ത
കുറ്റം ചുമത്തുകിൽ സത്യവിരോധവും.

**2**

ചുറ്റും നടക്കുന്ന കാര്യങ്ങൾ കേൾക്കവെ
തെറ്റെന്നതിന്മേൽ വിധി പറഞ്ഞീടൊലാ;
തെറ്റാം ചിലപ്പോൾ, പൊരുൾ വേറെയായിടാം,
തെറ്റാവരം നമുക്കില്ലയെന്നോർക്കണം.

**3**

ചുറ്റിപ്പിണഞ്ഞുകിടക്കും കയർ വിഷം
ചിറ്റുമുരഗമെന്നാദ്യം ഭ്രമിച്ചിടാം;
തെറ്റിദ്ധരിച്ചതാണെന്നറിഞ്ഞാലതി-
ന്നറ്റം പിടിക്കാൻ ഭയക്കുമോ പിന്നെ നാം.

**4**

മുറ്റത്തെ വൃക്ഷം തരും തണലും മുറ
തെറ്റാതെ കായ്കളും, നന്നാണതൊക്കെയും,
മുറ്റിവളർന്നു പുരമുകളെത്തിയാൽ-
പ്പറ്റില്ലവെട്ടാതപായുമുണ്ടായിടും.

**5**

ഉറ്റചങ്ങാതി ചമഞ്ഞുനടപ്പവ-
നൊറ്റുകില്ലെന്നങ്ങുതീർത്തും നിനയ്ക്കൊലാ;
കാറ്റനുകൂലമെന്നാകിൽ വിശ്വസ്തനും
മാറ്റം വരാം കളം മാറിച്ചവിട്ടിടാം.

**6**

ഉറ്റോരുമുണ്ടുടയോരുമുണ്ടെങ്കിലു-
മൊറ്റപ്പെടുന്നോരനേകരുണ്ടൂഴിയിൽ;
മറ്റൊന്നുമല്ലവർ നിർമായസ്നേഹമാ-
ണേറ്റം കൊതിപ്പ,താർജിക്കാതെപോവതും.



# നിന്റെയുള്ളിൽ സംഭവിക്കുന്നതെന്താണ്?

ആൻ മരിയ തോമസ്
Class : XI
St. Mary's HSS, Pala



അജ്ഞാതനായ ഒരു രചയിതാവിന്റെ തൂലികയിൽനിന്നുണർന്നുവന്ന ഈ ചെറുകഥ ലോകമെമ്പാടും പ്രശസ്തിയാർജ്ജിച്ച ഒന്നാണ്: ഒരിക്കൽ ഒരു ബാലിക തന്റെ പിതാവിനെ ചില പരാതികളുമായി സമീപിച്ചു. തന്റെ ജീവിതം ദുരിതപൂർണമാണെന്നും ഒരു പ്രശ്നം പരിഹരിച്ചുതീരുംമുമ്പേ അടുത്തതിനെ നേരിടേണ്ടിവരുന്നെന്നുമാണ് അവളുടെ പരാതി. എല്ലായ്പോഴും പോരാടി താൻ തളർന്നെന്നും എങ്ങനെ ഇതിനെ മുന്നോട്ടു കൊണ്ടുപോകണമെന്നു തനിക്കറിയില്ലെന്നും അവൾ പറഞ്ഞു.

അവളുടെ അച്ഛൻ ആ നാട്ടിലെ ഒരു പ്രധാന പാചകക്കാരനായിരുന്നു. മകളെയുംകൂട്ടി അദ്ദേഹം അടുക്കളയിലേക്കു പോയി. ശേഷം മൂന്നു കലങ്ങളിൽ വെള്ളംനിറച്ച് അദ്ദേഹം അവയെ ഒരുപോലെ തിളപ്പിക്കാൻ വച്ചു. വെള്ളം തിളച്ചുതുടങ്ങിയപ്പോഴേക്കും അദ്ദേഹം ഒരു കലത്തിൽ ഉരുളക്കിഴങ്ങും മറ്റൊന്നിൽ മുട്ടയും അവസാനത്തേതിൽ കുറച്ചു കാപ്പിക്കുരുവും ഇട്ടു. അവയെ തിളയ്ക്കാൻ അനുവദിച്ചു. പിതാവ് എന്താണു ചെയ്യുന്നതെന്നറിയാതെ മകൾ അക്ഷമയോടെ കാത്തിരുന്നു.

ഇരുപതു മിനിട്ടിനുശേഷം അദ്ദേഹം ബർണറുകൾ ഓഫ് ചെയ്തു. ഉരുളക്കിഴങ്ങും മുട്ടയും വെവ്വേറെ പാത്രങ്ങളിലേക്കു മാറ്റുകയും കോഫി പുറത്തെടുത്ത് ഒരു കപ്പിലൊഴിച്ചു വയ്ക്കുകയും ചെയ്തു.

അദ്ദേഹം ആ കുട്ടിയുടെ നേരേ തിരിഞ്ഞ് എന്താണു കാണുന്നതെന്നു ചോദിച്ചു. ഉരുളക്കിഴങ്ങ്, മുട്ട, കോഫി എന്ന് തിടുക്കത്തിൽ പറഞ്ഞ മകളോട് അവയെ നന്നായി നിരീക്ഷിച്ച് ഉത്തരങ്ങൾ പറയാൻ അദ്ദേഹം ആവശ്യപ്പെട്ടു.

അവൾ ഉരുളക്കിഴങ്ങ് തൊട്ടുനോക്കി. അതു മൃദുവാണെന്ന് അവൾ ശ്രദ്ധിച്ചു. തുടർന്ന് അദ്ദേഹം കുട്ടിയോട് ഒരു മുട്ട പൊട്ടിക്കുവാൻ ആവശ്യപ്പെട്ടു. ഷെല്ലിൽനിന്ന് വലിച്ചെടുത്ത കഠിനമായ മുട്ടയെ അവൾ പാത്രത്തിലേക്കു വച്ചു. ശേഷിക്കുന്ന കോഫിക്കപ്പ് അദ്ദേഹം അവൾക്കുനേരേ നീട്ടി. അതിന്റെ സമൃദ്ധമായ വാസന അവളുടെ മുഖത്ത് ഒരു പുഞ്ചിരി വിടർത്തി.

അവൾ ചോദിച്ചു: ''പിതാവേ, ഇത് എന്താണ് അർത്ഥമാക്കുന്നത്?''

അദ്ദേഹം വിശദീകരിച്ചു: ''മൂന്നു വസ്തുക്കളും ഒരേ പ്രതിസന്ധിയാണ് നേരിട്ടത്. എന്നിരുന്നാലും ഓരോന്നും വ്യത്യസ്തമായി പ്രതികരിച്ചു.

കഠിനമായിരുന്ന ഉരുളക്കിഴങ്ങ് ചുട്ടുതിളയ്ക്കുന്ന വെള്ളത്തിൽ മൃദുവും ദുർബലവുമായിത്തീർന്നു.

മുട്ട ദുർബലമായിരുന്നു. നേർത്ത ഷെല്ലുകൊണ്ട് സംരക്ഷിച്ച അതിന്റെ ദ്രാവകഭാഗം പിന്നീടു കഠിനമായിപ്പോയി.

എന്നാൽ കാപ്പിക്കുരുക്കൾ സവിശേഷമായിരുന്നു. തിളച്ച വെള്ളത്തിനെ മറ്റൊന്നായി സൃഷ്ടിച്ചെടുത്തു.''

ഇവയിൽ നീ ഏതാണ് എന്ന് പിതാവ് മകളോടു ചോദിക്കുന്നതോടെ കഥ അവസാനിക്കുന്നു. യഥാർത്ഥത്തിൽ കഥാകാരൻ നമ്മോടോരോരുത്തരോടുമാണ് ഈ ചോദ്യം ചോദിക്കുന്നത്.

ജീവിതത്തിൽ നമുക്കു ചുറ്റും പലതും സംഭവിക്കുന്നു. അവയിൽ പലതും നമുക്കും സംഭവിക്കുന്നു. എന്നാൽ, നമ്മുടെയുള്ളിൽ എന്തു സംഭവിക്കുന്നു? അതിനാൽ, നിങ്ങളെന്താണെന്ന് സ്വയം വിലയിരുത്തുക. പ്രവൃത്തികളിൽ ജാഗരൂകരാവുക.

# കടങ്കവിതകൾ

പുത്തൻവേലിക്കര സുകുമാരൻ

**1. മുളങ്കാട്**
പൂക്കാത്തൊരില്ലിമുളങ്കാട്
കായ്ക്കാത്തൊരില്ലി മുളങ്കാട്
വെട്ടിമുറിച്ചു കളഞ്ഞാലും
പൊട്ടിമുളയ്ക്കും മുളങ്കാട്!

**2. മുറ്റത്തെചെടി**
മുറ്റത്തുള്ളൊരു ചെടിയാണേ
മുൾമുടി ചൂടിയ ചെടിയാണേ
മുടിയിൽ സുഗന്ധം വാർന്നൊഴുകും
മലരണിയുന്നൊരു ചെടിയാണേ!

**3. കൊക്കമ്പി**
അക്കരെ നില്ക്കും കൊക്കമ്പി
ഇക്കരം നില്ക്കും കൊക്കമ്പി
കടലിൽ ചാടും കൊക്കമ്പി
കുട ചൂടിക്കും കൊക്കമ്പി

**4. അരിപിരിവള്ളി**
അരിപിരിയരിപിരി-
യരിപിരവള്ളിയി-
ലഴകിയലുന്നൊരു മുത്തുണ്ടേ
മരതകമൊത്തൊരു മുത്തുണ്ടേ

**5. അക്കരവിളയിൽ...**
അക്കരവിളയിൽ തെക്കേത്തൊട്ടിയിൽ
ചക്കരകൊണ്ടൊരു തൂണുണ്ടേ
തൂണിനകത്തൊരു നൂലുണ്ടേ
നൂലുവലിച്ചാൽ തേനുണ്ടേ!

5 - ചെത്തിപ്പൂവ്
4 - കുരുമുളക്
3 - സൂര്യൻ
2 - റോസാപ്പൂവ്
1 - തലമുടി



കഥ

# പൂന്തോട്ടത്തിലെ പൂമ്പാറ്റകൾ



അന്ന ഐസക് ജോസഫ്
St. Anns CGHS
Thrissur



ഒരിക്കൽ ഒരു വലിയ പൂന്തോട്ടത്തിൽ മൂന്നു പൂമ്പാറ്റകൾ താമസിച്ചിരുന്നു. ആ പൂന്തോട്ടം വലുതായിരുന്നു. ആ പൂന്തോട്ടത്തിൽ കുറെ മരങ്ങളും പൂക്കളും പുല്ലുകളുമൊക്കെ ഉണ്ടായിരുന്നു. എല്ലാ ദിവസവും ആ പൂന്തോട്ടത്തിൽ ഉടമസ്ഥൻ വന്ന് ചെടികൾ നനയ്ക്കും. അപ്പോൾ പുതിയ പൂക്കൾ വളരും. അതു കാരണം ആ മൂന്നു പൂമ്പാറ്റകൾക്ക് ഇഷ്ടംപോലെ തേൻ കിട്ടും. അങ്ങനെ ഒരു ദിവസം അവർ നോക്കുമ്പോൾ കുറെ കുട്ടികൾ പൂന്തോട്ടത്തിലേക്കു കളിക്കാൻ വരുന്നു. അവർ മഹാവികൃതിക്കുട്ടികളായിരുന്നു. അതിൽ ഒരു കുട്ടി പറഞ്ഞു: ''നമുക്ക് ആ പൂമ്പാറ്റകളെ പിടിച്ചാലോ?'' അപ്പോൾ മറ്റു കുട്ടികൾ പറഞ്ഞു: ''ആ പിടിക്കാം.'' ആ പറഞ്ഞത് പൂമ്പാറ്റകൾ കേട്ടു. 'അയ്യോ' എന്നു പറഞ്ഞ് പൂമ്പാറ്റകൾ പൂന്തോട്ടത്തിനു പുറത്തുവന്നു. നമുക്കിനി ഇവർ പോവാതെ അകത്തു കടക്കാൻ പറ്റില്ല. അവർ സങ്കടപ്പെട്ട് ഒരു മരച്ചില്ലയിൽ ഇരുന്നു. അപ്പോൾ ആ കുട്ടികൾ പൂക്കളുടെ പുറത്തുകൂടി ഓടിനടന്നു. പൂമ്പാറ്റകൾ അടുത്തുള്ള ഒരു കുഞ്ഞുപൂന്തോട്ടത്തിൽ പോയി. അവിടുത്തെ പൂവിൽനിന്ന് കുറച്ച് തേൻ കുടിച്ചു വൈകുന്നേരംവരെ അവർ ആ കുഞ്ഞുപൂന്തോട്ടത്തിൽ താമസിച്ചു. വൈകുന്നേരമായപ്പോൾ ആ പൂമ്പാറ്റകൾ വലിയ പൂന്തോട്ടത്തിലേക്കു പോയി. അവിടുത്തെ എല്ലാ പൂക്കളും പറിഞ്ഞുകിടക്കുകയാണ്. അതിൽ ഒരു പൂമ്പാറ്റ പറഞ്ഞു: ''നമുക്ക് ഈ രാത്രി ഇവിടെ താമസിക്കാം.'' മറ്റു പൂമ്പാറ്റകൾ സമ്മതിച്ചു. രാവിലെ ആ വലിയ പൂന്തോട്ടത്തിന്റെ ഉടമസ്ഥൻ വന്നു, അയാൾ ഞെട്ടിപ്പോയി. ''അയ്യോ, ഇതെങ്ങനെ? എന്റെ പൂന്തോട്ടത്തിനെന്തുപറ്റി?'' ഉടമസ്ഥൻ പൂന്തോട്ടത്തിൽ പുതിയ കുറെ ചെടികൾ വച്ചുപിടിപ്പിച്ചു. എന്നിട്ട് പൂന്തോട്ടത്തിൻ മുമ്പിൽ ഒരു ബോർഡും വെച്ചു. അതിൽ എഴുതിയിരിക്കുന്നത്, ഇവിടെ കുട്ടികൾക്ക് കളിക്കാൻ അനുവാദമില്ല എന്നായിരുന്നു. അപ്പോൾ പൂമ്പാറ്റകൾക്ക് വളരെ സന്തോഷമായി. അവർ ഒത്തിരി നാൾ അവിടെ താമസിച്ചു.

# അവർക്കും ജീവനിൽ കൊതിയുണ്ട്



ആൽബിൻ ജിജോ
B Sc Maths,
St. Thomas College, Pala

ജീവദാതാവായ ദൈവത്തിനല്ലാതെ മറ്റാർക്കും ജീവന്റെ മേൽ അവകാശമില്ല. 1971 ലെ എം.ടി.പി. ആക്ട് 2021 ൽ ഭേദഗതി ചെയ്യാനുള്ള നീക്കങ്ങളും പ്രക്രിയകളും പുരോഗമിക്കുകയാണ്. തീർത്തും അപലപനീയമായ ഒരു തീരുമാനമാണിത്. രാഷ്ട്രപതി നിയമഭേദഗതി അംഗീകരിച്ച സാഹചര്യത്തിൽ നിയമത്തിന്റെ അപകടങ്ങളെക്കുറിച്ചും അധാർമികതയെക്കുറിച്ചും നാം ബോധവാന്മാരാകണം.

ഇരുപത് ആഴ്ചവരെ പ്രായമുള്ള ഗർഭസ്ഥശിശുവിനെ മെഡിക്കൽ പ്രാക്ടീഷണറുടെ നിർദേശത്തോടെ നശിപ്പിക്കുന്നത് അനുവദിക്കുന്ന നിയമമാണിത്. ഗർഭിണിയുടെ ജീവനു ഭീഷണിയോ ശിശു ജനിച്ചാൽ ഗുരുതരമായ ശാരീരികമോ മാനസികമോ ആയ വൈകല്യങ്ങളോ ഉണ്ടാവുമെന്നുള്ള സാഹചര്യത്തിലാണ് ജീവിക്കാനുള്ള അവകാശമുണ്ട്. അമ്മയുടെ ഗർഭപാത്രത്തിലുള്ള കുഞ്ഞിനെ നശിപ്പിക്കാൻ അമ്മയ്ക്ക് അനുവാദമുണ്ടെന്നുള്ള വാദത്തിന് അടിസ്ഥാനമില്ല. എന്തെന്നാൽ, ശാസ്ത്രീയമായി പരിശോധിക്കുമ്പോൾ, അമ്മയുടെയും കുഞ്ഞിന്റെയും ജനിതകഘടന വ്യത്യസ്തമാണ്. അതിനർത്ഥം അമ്മയും കുഞ്ഞും രണ്ടു വ്യത്യസ്ത വ്യക്തികളാണ് എന്നതു തന്നെ.

മറ്റൊരു വാദം, പെൺകുട്ടിയുടെ തെറ്റു കൊണ്ടല്ലാതെ ഗർഭധാരണം സംഭവിക്കുന്ന അവസരങ്ങളെക്കുറിച്ചാണ്. ഇത്തരം സന്ദർഭങ്ങളിലും കുഞ്ഞിനെ നശിപ്പിക്കുവാൻ സഭ അനുവദിക്കുന്നില്ല. കാരണം, അതിനു ജീവിക്കാനുള്ള അവകാശമുണ്ട്. പിതാവിന്റെ കുറ്റത്തിന് മക്കളെ ശിക്ഷിക്കുന്നതിൽ യുക്തിയില്ല.

ജനിക്കുന്ന കുഞ്ഞുങ്ങളെ ഏറ്റെടുക്കാൻ അനേകർ തയ്യാറാണ്. സമൂഹത്തിന്റെ തെറ്റായ കാഴ്ചപ്പാടുകളും ഇരയോടുള്ള അസഹിഷ്ണുതയും അനേകം



ഈ നിയമം എം.ടി.പി. അനുവദിക്കുന്നത്. ഇരുപതാഴ്ചയ്ക്കും ഇരുപത്തിനാലാഴ്ചയ്ക്കും മധ്യേ പ്രായമുള്ള ശിശുവിനെ മെഡിക്കൽ പ്രാക്ടീഷണറുടെ അനുവാദത്തോടെ ഗർഭച്ഛിദ്രം ചെയ്യാമെന്ന നിയമമാണിത്.

ബീജസങ്കലനത്തിന്റെ നിമിഷത്തിൽത്തന്നെ ജീവനുണ്ടാകുന്നുവെന്നാണ് കത്തോലിക്കാസഭ പഠിപ്പിക്കുന്നത്. രണ്ടു മൂന്നു മാസത്തിനുള്ളിൽത്തന്നെ ഒരു മനുഷ്യന്റേതായ രൂപവും അവയവങ്ങളും ശിശുവിൽ രൂപപ്പെടുന്നു. ഈ അവസ്ഥയിലുള്ള ഒരു ശിശുവിന് വികസിക്കാത്തത് ശ്വാസകോശം മാത്രമാണ്. നിയമപ്രകാരമുള്ള കണക്കിലെ ആറുമാസം എത്തുമ്പോൾ, ശിശുവിന്റെ വളർച്ച ഏതാണ്ട് എല്ലാ രീതിയിലും വികസിച്ചിട്ടുണ്ടാവും. മൂന്നു മാസത്തിനുമുമ്പ് കുഞ്ഞുങ്ങൾ ചിരിക്കുന്നതും, അനങ്ങുന്നതുമെല്ലാം സ്കാനിംഗിൽ തെളിഞ്ഞിട്ടുണ്ട്. അതായത്, അവർക്ക് വൈകാരികവും ബൗദ്ധികവുമായ തലങ്ങളിൽ വളർച്ചയുണ്ടായിട്ടുണ്ടെന്നു ചുരുക്കം.

മേൽപ്രസ്താവിച്ചതിൽനിന്നും അത് ഒരു മനുഷ്യനാണെന്നത് നിസ്സംശയം അംഗീകരിക്കാവുന്ന കാര്യമാണെങ്കിലും ഗർഭപിണ്ഡം തുടങ്ങിയ വാക്കുകളുപയോഗിച്ച് അതിനെ ജീവനില്ലാത്തതായി പലപ്പോഴും തെറ്റിദ്ധരിക്കുന്നു.

ഗർഭപാത്രത്തിൽ ഉരുവായ ഒരു ശിശുവിനെ സംബന്ധിച്ചിടത്തോളം അതിന് ജീവനുകളുടെ നാശത്തിനു കാരണമാകുന്നു.

ഇനി, ജനസംഖ്യയെക്കുറിച്ചും ജനപ്പെരുപ്പത്തെക്കുറിച്ചും വ്യാകുലപ്പെടുന്നവരോടു പറയട്ടെ: ഓരോ രാജ്യത്തിനും അവരവരുടേതായ മൂലധനമുണ്ട്. നമ്മുടെ മൂലധനമാണ് മനുഷ്യർ. ഈ മൂലധനം ഉപയോഗിച്ച് രാജ്യത്തിന്റെ സാമ്പത്തിക ശേഷി വർദ്ധിപ്പിക്കാൻ നമുക്കു സാധിക്കും.

ചിലരുടെ സ്വാർത്ഥതയ്ക്കും തെറ്റായ കാഴ്ചപ്പാടുകൾക്കും മുമ്പിൽ ബലിയാക്കപ്പെടുന്ന ഒരു സംസ്കാരമായി നമ്മുടേതു മാറിയിരിക്കുന്നു. അതുകൊണ്ടാണ് ജോൺപോൾ രണ്ടാമൻ മാർപാപ്പാ മരണസംസ്കാരമെന്ന് ഇതിനെ വിശേഷിപ്പിച്ചത്.

അമ്മയെ രക്ഷിക്കുവാനുള്ള ശ്രമത്തിനിടയിൽ കുഞ്ഞ് മരണപ്പെടുന്നത് ഗർഭച്ഛിദ്ര പാപത്തിൽ ഉൾപ്പെടുന്നില്ല. അതേസമയം കുഞ്ഞിനെ നശിപ്പിക്കണമെന്ന ഉദ്ദേശ്യത്തോടെ ചെയ്യുന്നതെന്തും തെറ്റാണ്.

ആറുമാസം വരെ പ്രായമുള്ള ശിശുക്കളെ നശിപ്പിക്കാമെന്ന ഈ ഭേദഗതിക്കെതിരേ ശബ്ദമുയർത്താൻ നമുക്ക് ഉത്തരവാദിത്വമുണ്ട്. ജീവന്റെ മൂല്യത്തെക്കുറിച്ച് ബോധ്യമുള്ള ഒരു ജനതയെയാണ് നമുക്കാവശ്യം. ജീവൻ ദൈവികമാണ്. അതു സംരക്ഷിക്കേണ്ടത് നമ്മുടെ ഉത്തരവാദിത്വമാണ്. അല്ലെങ്കിൽ, ഏതെങ്കിലും ആശുപത്രിയിൽ ചിതറിക്കപ്പെട്ടുപോകേണ്ടിയിരുന്നവരാണ് നാമെന്നറിയുക.



# സാന്ത്വനക്കാറ്റ്



അഞ്ജലി അശോക്
MBA, St. Euphrasia's College, Bengaluru

ഈ ആശുപ്രതിവരാന്തയിൽ ഇരിക്കുമ്പോൾ മനുഷ്യജീവിതത്തിലെ സകല വേദനകളും പ്രയാസങ്ങളും ഞാൻ അനുഭവിക്കുന്നു. അവരവർക്കു വേണ്ടപ്പെട്ടവരുടെ ജീവൻ രക്ഷിക്കാനുള്ള നെട്ടോട്ടത്തിലാണ് ഇവിടെ എല്ലാവരും. തലങ്ങും വിലങ്ങും ധൃതിയിൽ നടക്കുന്ന ഡോക്ടർമാരും നേഴ്സുമാരും മറ്റ് ആശുപത്രിജീവനക്കാരും. എന്തോ സംഭവിക്കാൻ പോകുന്നു എന്ന തോന്നൽ സദാ നിറഞ്ഞു നിൽക്കുന്നു, ഈ വരാന്തയുടെ അങ്ങേയറ്റത്തുള്ള ഐസിയുവിൽ എനിക്കു പ്രിയപ്പെട്ട ഒരാൾ കിടപ്പുണ്ട് – എന്റെ അമ്മ.

ഓർമ്മവെച്ച നാൾമുതൽ ഞാൻ കാണുന്നത് എന്റെ അമ്മയുടെ കരയുന്ന മുഖമാണ്, എന്റെ നിർബന്ധത്തിനു വഴങ്ങി ഒരിക്കൽ അമ്മ എന്റെ അച്ഛനെക്കുറിച്ചു പറഞ്ഞു. പണക്കൊതിയിലും മദ്യപാനത്തിലും മറ്റു ദുർന്നടപ്പുകളിലുംപെട്ട് ജീവിതത്തിന്റെ വഴിയോരത്ത് അമ്മയെ തനിച്ചാക്കിപ്പോയ അച്ഛൻ. വളരെയധികം കഷ്ടപ്പെട്ട്, ഒറ്റമകനായ എന്നെ അമ്മ വളർത്തി. എന്നെക്കൂടാതെ ഒരു കാലിനു സ്വാധീനമില്ലാത്ത കുഞ്ഞമ്മയും അമ്മയുടെ സംരക്ഷണയിലായിരുന്നു.

കാലം കടന്നുപോയി. അമ്മ തളർന്നുകൊണ്ടിരുന്നു. പതിനാറാമത്തെ വയസ്സിൽ കുടുംബഭാരം ഞാൻ ഏറ്റെടുത്തു. സ്ഥിരമായ ഒരു ജോലിയില്ല, എത്ര ശ്രമിച്ചിട്ടും ജീവിതം മുന്നോട്ടുപോകില്ലെന്നുറപ്പായപ്പോൾ ആകെയുള്ള അഞ്ചുസെന്റ് പണയപ്പെടുത്തി ഗൾഫിലേക്കു പോകാൻ തീരുമാനിച്ചു. ആരുടെയൊക്കെയോ കാലുപിടിച്ച് അമ്മാവൻ എനിക്ക് ഒരു വിസ സംഘടിപ്പിച്ചുതന്നു. അമ്മയെയും കുഞ്ഞമ്മയെയും അമ്മാവനെ ഏല്പിച്ച് എന്റെ കൊച്ചുമോഹങ്ങളുമായി ഞാൻ ഗൾഫിലേക്കു പറന്നു. അംബരചുംബികളായ കെട്ടിടങ്ങളും മനോഹരകാഴ്ചകളും കണ്ട് ഞാൻ അമ്പരന്നു. നാളുകൾ കഴിഞ്ഞു.

അങ്ങനെയിരിക്കേ, നടുക്കുന്ന ആ വാർത്ത വന്നു. ലോകത്തെ മുഴുവനും കൊവിഡ് എന്ന മഹാമാരി പിടികൂടിയിരിക്കുന്നു. ഈ നാട്ടിലേക്കും അതിന്റെ കരാളഹസ്തം നീണ്ടുവന്നിരിക്കുന്നു. ആരെയും വീടിനു പുറത്തേക്ക് ഇറങ്ങാൻ അനുവദിക്കുന്നില്ല. ഞങ്ങൾ ഭയന്നു. എന്താണു സംഭവിക്കാൻ പോകുന്നതെന്നറിയില്ല. ജോലിയുമില്ല, കൂലിയുമില്ല. നാട്ടിലേക്കു തിരിച്ചുപോകാൻ പറ്റുമോ എന്നുപോലും അറിയില്ല, കരയാൻപോലും കഴിയുന്നില്ല. ആകെയൊരു മരവിപ്പ്. ചില ഫ്ളാറ്റുകളിൽനിന്ന് നിലവിളികൾ കേൾക്കാം. ആംബുലൻസുകൾ അലമുറയിട്ട് ചീറിപ്പായുന്നു. പോലീസുകാർ വഴിയിൽ കാണുന്നവരെയൊക്കെ തല്ലിയോടിക്കുന്നു. എന്റെ അമ്മയും കുഞ്ഞമ്മയും... അവരുടെ കാര്യമോർത്ത് എന്റെ മനസ്സു വിങ്ങി. ഫോൺ വിളിച്ചിട്ടു കിട്ടുന്നില്ല. സർവ്വശക്തനായ ദൈവത്തിനു മാത്രമേ എന്നെ രക്ഷിക്കാൻ കഴിയുകയുള്ളൂ. ഞാൻ നിലവിളിച്ചു പ്രാർത്ഥിച്ചു; ''അപ്പാ, എന്നെ രക്ഷിക്കണേ.'' എന്റെ ഉള്ളിൽ ഒരു പ്രകാശം പരന്നു, എന്റെ ദൈവം എന്നെ കൈവിടില്ല, അതുകൊണ്ട് എന്റെ നാടും എന്നെ കൈവിടില്ല. ദൈവത്തിന്റെ കരുതൽ... ഞങ്ങൾക്കു നാട്ടിലേക്കു പോരാൻ അനുവാദം കിട്ടി. ഒരുപാട് സ്വപ്നങ്ങളും മോഹങ്ങളുമായി ഇവിടെ വന്ന എനിക്ക് ഒന്നുമാകാതെ തിരികെപ്പോകേണ്ടിവന്നു, എല്ലാം ഇവിടെ ഉപേക്ഷിച്ചിട്ട്.

എന്റെ മണ്ണിൽ കാലുകുത്തിയപ്പോൾ ഞാനാകെ കോരിത്തരിച്ചു. എന്റെ നാടിനെയും നാടു ഭരിക്കുന്നവരെയുമോർത്ത് ഞാൻ അഭിമാനംകൊണ്ടു. ഇവിടെ ആംബുലൻസുകളുടെ ഭയാനകമായ ചീറിപ്പായലില്ല, നിലവിളികളില്ല, പോലീസുകാരുടെ ആട്ടിപ്പായിക്കലില്ല. മനസ്സ് ശാന്തമായി. അമ്മയുടെ സ്നേഹത്തണലിൽ എന്റെ സങ്കടങ്ങൾ ആവിയായി, എന്റെ അമ്മയെയും കുഞ്ഞമ്മയെയും വിട്ട് ഇനി ഞാൻ എവിടേക്കുമില്ല.

ആശ്വാസത്തിന്റെ ദിനങ്ങൾക്കുമേൽ കറുത്ത നിഴൽ വീണത് പെട്ടെന്നായിരുന്നു. പനിക്കു മരുന്നു വാങ്ങാൻ പോയ അമ്മയ്ക്ക് കൊവിഡ് സ്ഥിരീകരിച്ചു. ഞാൻ തകർന്നുപോയി. പതിനഞ്ചു ദിവസമായി ഈ ആശുപത്രി വരാന്തയിൽ അമ്മയെ ഒന്നു കാണാനാവാതെ, മോനേയെന്നുള്ള വിളി കേൾക്കാനാവാതെ ഒരേയിരുപ്പ്. ഡോക്ടർമാരും നേഴ്സുമാരുമൊക്കെ നിർബന്ധിച്ചതാണ്, വീട്ടിൽ പൊയ്ക്കോളൂ, ഞങ്ങളില്ലേ ഇവിടെ. എനിക്കറിയാം അവരുടെ കരുതൽ, സ്നേഹം... ഒക്കെ. പക്ഷേ, എന്റെ അമ്മയല്ലേ? ഇന്നറിയാം അമ്മയുടെ പരിശോധനാഫലം.

അമ്മയുടെ റിസൾട്ട് പറയുമ്പോൾ ഡോക്ടറുടെ മുഖത്തു കണ്ട സന്തോഷം എനിക്കു മറക്കാൻ കഴിയില്ല. പുഞ്ചിരി വിരിയുന്ന ആ കണ്ണിൽ നിറഞ്ഞ ആനന്ദക്കണ്ണീർ എന്നെ സമാധാനിപ്പിച്ചു. അച്ഛൻ ഉപേക്ഷിച്ചുപോയെങ്കിലും എന്നെ വളർത്തിയ എന്റെ അമ്മയ്ക്ക് ഞാൻ എന്തുകൊടുത്താൽ മതിയാകും. എന്റെ വീട്ടുമുറ്റത്ത് ഈ സന്ധ്യാനേരത്ത് ദൂരെ മറയുന്ന അസ്തമനസൂര്യനെനോക്കി സായന്തനക്കാറ്റേറ്റ് ഇങ്ങനെയിരിക്കുമ്പോൾ എന്റെ മനസ്സ് എന്നോട് വീണ്ടും പറഞ്ഞു: എന്റെ അമ്മ എന്നെ കരുതിയതിനുമപ്പുറമായി ഞാൻ അമ്മയെ കരുതേണ്ടിയിരിക്കുന്നു.

# കറിയാച്ചേട്ടനും കത്രിച്ചേടത്തിയും സ്വർഗത്തിൽ പോകുമോ?



ഡോ. തോമസ് മൂലയിൽ

**ക**റിയാച്ചേട്ടനും കത്രിച്ചേടത്തിയും ഭാര്യാഭർത്താക്കന്മാരാണെന്നു തെറ്റിദ്ധരിക്കരുത്. അവർ രണ്ടുപേരും ശരാശരി വിശ്വാസികളുടെ പ്രതിനിധികളാണ്. ശരാശരി വിശ്വാസികളുടെ ജീവിതലക്ഷ്യം എങ്ങനെയെങ്കിലും സ്വർഗത്തിൽ പോകുക എന്നതാണ്. വിശുദ്ധരാകുക എന്നത് അവരുടെ ചിന്തയ്ക്കും ഭാവനയ്ക്കും അപ്പുറമാണ്.

അവർ ചിന്തിക്കുമ്പോൾ, ആദിമസഭയിലെ വിശുദ്ധരെല്ലാവരുംതന്നെ രക്തസാക്ഷികളാണ്. അപ്പസ്തോലന്മാരിൽ യോഹന്നാൻ ഒഴികെ എല്ലാവരും രക്തസാക്ഷികളാണ്. അതുപോലെതന്നെ, അവരുടെ പിൻഗാമികളും ആദിമനൂറ്റാണ്ടിലെ വിശുദ്ധരിൽ ഭൂരിഭാഗവും രക്തസാക്ഷികളാണ്. അങ്ങനെ, രക്തസാക്ഷികളായി വിശുദ്ധരാകുക എന്നതു ശരാശരി വിശ്വാസികൾക്കു സാധിക്കുന്നതല്ല. ആധുനിക സഭയിലെ രക്തസാക്ഷികൾ സഹനത്തിന്റെ തീച്ചൂളയിലൂടെ കടന്നുപോയിട്ടുള്ളവരാണ്. വി. അൽഫോൻസാമ്മയും വി. കൊച്ചുത്രേസ്യായും വി. മദർ തെരേസയുമൊക്കെ രക്തം ചിന്താതെ രക്തസാക്ഷികളായവരാണ്. കിട്ടിയ സഹനം പോരാഞ്ഞ് സഹനം ചോദിച്ചു വാങ്ങിയവളാണ് അൽഫോൻസാമ്മ. അങ്ങനെ നോക്കിയാലും ശരാശരി വിശ്വാസികൾക്ക് വിശുദ്ധ പദവി അപ്രാപ്യമാണ്.

പിന്നെയുള്ളവർ മാർപാപ്പാമാർ, കർദിനാൾമാർ, വൈദികർ, സന്ന്യസ്തർ മുതലായവരാണ്. കുടുംബജീവിതം നയിക്കുന്നവർക്ക് ഇനി വൈദികവൃത്തിയിലേക്കോ സന്ന്യാസത്തിലേക്കോ പ്രവേശിക്കാനാവില്ല. അപ്പോൾ ആ വാതിലും അടഞ്ഞു. ഇത് ഒരു ശരാശരി വിശ്വാസിയുടെ ചിന്താധാരയാണ്.

നമ്മൾ മനസ്സിലാക്കേണ്ട ഒരു കാര്യം, വിശുദ്ധരുടെയും വിശുദ്ധിയുടെയും ഗ്രേഡ് തിരിക്കാൻ സാധ്യമല്ല എന്നുള്ളതാണ്. സഭാസംവിധാനത്തിൽ നടത്തിയിട്ടുള്ള ക്രമീകരണങ്ങളുടെ ഭാഗമാണ് വിശുദ്ധരുടെ പ്രഖ്യാപനം. ആദിമസഭകളിൽ മാത്രമല്ല, ആധുനികകാലഘട്ടത്തിലും വിശുദ്ധരായി പേരു വിളിക്കപ്പെടാത്ത എത്രയോ വിശുദ്ധരുണ്ട്! അനിതരസാധാരണവും അനന്യവും വീരോചിതവുമായ പുണ്യങ്ങൾ അഭ്യസിച്ചിട്ടുള്ളവർ എന്നു വ്യക്തമായ തെളിവുകളുടെ അടിസ്ഥാനത്തിൽ സഭ ഔദ്യോഗികമായി പ്രഖ്യാപിക്കുന്നവരാണ് വിശുദ്ധർ. പത്രോസാണോ പൗലോസാണോ യോഹന്നാനാണോ തോമായാണോ അൽഫോൻസാമ്മയാണോ കൊച്ചുത്രേസ്യയാണോ കൂടുതൽ വിശുദ്ധർ എന്ന ചോദ്യം അപ്രസക്തമാണ്.

സഭയുടെ പഠനം എന്താണെന്നു നോക്കാം. കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം പറയുന്നു: ഏത് അവസ്ഥയിലും ജീവിതവൃത്തിയിലുമുള്ള എല്ലാ ക്രൈസ്തവരും ക്രൈസ്തവജീവിതത്തിന്റെ പൂർണതയിലേക്കും സ്നേഹത്തിന്റെ പരിപൂർണതയിലേക്കും വിളിക്കപ്പെട്ടിരിക്കുന്നു. എല്ലാവരും വിശുദ്ധിയിലേക്കു വിളിക്കപ്പെട്ടിരിക്കുന്നു. ഈ പൂർണത പ്രാപിക്കാൻ വിശ്വാസികൾ ക്രിസ്തുവിന്റെ ദാനങ്ങളാൽ പ്രദാനം ചെയ്യപ്പെട്ട ശക്തി ഉപയോഗിക്കണം. അങ്ങനെ എല്ലാ കാര്യങ്ങളിലും പിതാവിന്റെ ഇഷ്ടം പ്രവർത്തിച്ചുകൊണ്ട് ദൈവമഹത്വത്തിനും അയൽക്കാരുടെ സേവനത്തിനുമായി അവർ തങ്ങളെത്തന്നെ പൂർണഹൃദയത്തോടെ പ്രതിഷ്ഠിക്കണം (നമ്പർ 2013). ചുരുക്കത്തിൽ, ദൈവസ്നേഹവും പരസ്നേഹവുമാണ് ക്രൈസ്തവജീവിതം അഥവാ വിശുദ്ധജീവിതം. ഇതിലേക്കു വിളിക്കപ്പെട്ടവരാണ് എല്ലാ സഭാംഗങ്ങളും. അതിനർത്ഥം, എല്ലാവർക്കും വിശുദ്ധരാകാൻ സാധിക്കുമെന്നുള്ളതാണ്.



പക്ഷേ, "പരിപൂർണതയുടെ വഴി കുരിശിലൂടെയാണു കടന്നുപോകുന്നത്. പരിത്യാഗവും ആദ്ധ്യാത്മികസമരവുമില്ലാതെ വിശുദ്ധിയില്ല." (നമ്പർ 2015). ഈശോ പറയുന്നു: ''ആരെങ്കിലും എന്നെ അനുഗമിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ അവൻ തന്നെത്തന്നെ പരിത്യജിച്ചു തന്റെ കുരിശുമെടുത്ത് എന്നെ അനുഗമിക്കട്ടെ'' (മത്തായി 16:24). മനുഷ്യരക്ഷ സാധിതമാകുന്നത് ഈശോയുടെ പീഡാസഹനവും കുരിശുമരണവും വഴിയാണല്ലോ. മാമ്മോദീസായിലൂടെ ഓരോ ക്രൈസ്തവനും ഈശോയുടെ മരണത്തിലും ഉത്ഥാനത്തിലും പങ്കുചേരുന്നു. അതിലൂടെ ഓരോ ക്രിസ്ത്യാനിയും വിശുദ്ധരായിത്തീരുന്നു. അതുകൊണ്ടാണ് പൗലോസ് ശ്ലീഹാ വിശ്വാസികളെ 'വിശുദ്ധർ' എന്ന് അഭിസംബോധന ചെയ്യുന്നത്. "യേശുക്രിസ്തുവിന്റെ അപ്പസ്തോലനായ പൗലോസും സഹോദരൻ തിമോത്തിയോസും കോറിന്തോസിലുള്ള ദൈവത്തിന്റെ സഭയ്ക്കും അക്കായിയായിലെങ്ങുമുള്ള വിശുദ്ധർക്കും എഴുതുന്നത്. (2 കൊറി. 1:1). എഫേസൂസുകാർക്കെഴുതിയ ലേഖനത്തിലും നാം ഇതുതന്നെ കാണുന്നു: "യേശുക്രിസ്തുവിന്റെ അപ്പസ്തോലനായ പൗലോസ്, യേശുക്രിസ്തുവിൽ വിശ്വസിക്കുന്ന എഫേസൂസിലുള്ള വിശുദ്ധർക്കെഴുതുന്നത്" (എഫേ. 1:1)."

പാപം ചെയ്യുമ്പോൾ മാമ്മോദീസായിൽ കൈവന്ന വിശുദ്ധിക്കു കളങ്കമേല്ക്കുന്നു; അങ്ങനെ വിശുദ്ധി നഷ്ടപ്പെടുന്നു. അപ്പസ്തോലന്റെ ഉപദേശം ശ്രദ്ധിക്കാം: "ആത്മാവിന്റെ പ്രേരണയനുസരിച്ചു ജീവിക്കുവിൻ, ജഡമോഹങ്ങളെ നിങ്ങൾ ഒരിക്കലും തൃപ്തിപ്പെടുത്തരുത്... ജഡത്തിന്റെ വ്യാപാരങ്ങൾ എല്ലാവർക്കുമറിയാം. അവ വ്യഭിചാരം, അശുദ്ധി, ദുർവൃത്തി, വിഗ്രഹാരാധന, ആഭിചാരം, ശത്രുത, കലഹം, അസൂയ, കോപം, മത്സരം, ഭിന്നത, വിഭാഗീയചിന്ത, വിദ്വേഷം, മദ്യപാനം, മദിരോത്സവം ഇവയും ഈദൃശമായ മറ്റു പ്രവൃത്തികളുമാണ്. ഇത്തരം പ്രവൃത്തികളിലേർപ്പെടുന്നവർ ദൈവരാജ്യം അവകാശപ്പെടുത്തുകയില്ല'' (ഗലാ. 5:16-21).

ബലഹീനനായ മനുഷ്യൻ തെറ്റിലകപ്പെടും. പക്ഷേ, ഈശോയുടെ പീഡാനുഭവവും കുരിശുമരണവും പാപികളെ രക്ഷിക്കുന്നതിനുവേണ്ടിയായിരുന്നു. ഈശോ പാപികളെ അന്വേഷിച്ചാണു വന്നത്. വി. പൗലോസ് പറയുന്നു: ''യേശുക്രിസ്തു ലോകത്തിലേക്കു വന്നത് പാപികളെ രക്ഷിക്കാനാണ് എന്ന പ്രസ്താവം വിശ്വസനീയവും തികച്ചും സ്വീകാര്യവുമാണ്" (തിമോത്തി 1:15). 'പാപികളിൽ ഒന്നാമൻ' എന്നു സ്വയം വിശേഷിപ്പിക്കുന്ന പൗലോസ് സ്വാനുഭവത്തിലൂടെ ബോധ്യപ്പെട്ടത് ഏറ്റുപറയുകയാണു ചെയ്യുന്നത്.

സഭയുടെ നെടുംതൂണുകളിലൊരാളായ പൗലോസ് സ്വയം പാപി എന്നു വിശേഷിപ്പിക്കുമ്പോൾ നമ്മളാരും നഷ്ടശരണരാകേണ്ടതില്ല. ഫ്രാൻസീസ് പാപ്പായുടെ പ്രാർത്ഥന ഇതിനോടു ചേർത്തു വായിക്കാം: "കർത്താവേ, ഞാൻ ഒരു ദരിദ്രനായ പാപിയാണ്. എന്നാൽ, എന്നെ വളർത്തുന്ന അദ്ഭുതം അവിടുത്തേക്കു ചെയ്യാൻ കഴിയും." (ആനന്ദിച്ച് ആഹ്ലാദിക്കുവിൻ, പേജ് 21). ഈശോ, കുമ്പസാരം എന്ന കൂദാശ സ്ഥാപിച്ചത് നമ്മൾ പാപികളാണെന്നറിഞ്ഞുകൊണ്ടുതന്നെയാണ്. ഈശോ പാപികളെ സ്നേഹിച്ചും അവർക്കു പാപമോചനം നല്കിയുമാണല്ലോ പ്രവർത്തിച്ചത്. എത്ര കഠിനമായ പാപത്തിൽ ഏർപ്പെട്ടാലും പശ്ചാത്തപിക്കുന്ന പാപിക്കു പാപമോചനം ലഭിക്കും. നല്ല കള്ളനും മഗ്ദലനാമറിയവും വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീയും സക്കേവൂസുമൊക്കെ പാപമോചനവും രക്ഷയും തേടിയവരാണ്. യോഹന്നാൻശ്ലീഹാ പറയുന്നു: ''നാം പാപങ്ങൾ ഏറ്റുപറയുന്നെങ്കിൽ, അവൻ വിശ്വസ്തനും നീതിമാനുമാകയാൽ, പാപങ്ങൾ ക്ഷമിക്കുകയും എല്ലാ അനീതികളിൽനിന്നും നമ്മെ ശുദ്ധീകരിക്കുകയും ചെയ്യും" (1 യോഹ. 1:9,10). ശ്ലീഹാ തുടർന്നു പറയുന്നു: "ആരെങ്കിലും പാപം ചെയ്യാൻ ഇടയായാൽത്തന്നെ പിതാവിന്റെ സന്നിധിയിൽ നമുക്കൊരു മധ്യസ്ഥനുണ്ട് - നീതിമാനായ യേശുക്രിസ്തു. അവൻ നമ്മുടെ പാപങ്ങൾക്കു പരിഹാരബലിയാണ്. നമ്മുടെ മാത്രമല്ല, ലോകം മുഴുവന്റെയും പാപങ്ങൾക്ക് (1 യോഹ. 2:1, 2)." വിശുദ്ധരുടെ ജീവിതവുമായി താരതമ്യപ്പെടുത്തിക്കൊണ്ട് നമ്മൾ നഷ്ടശരണരാകരുത്. ഫ്രാൻസീസ് പാപ്പായുടെ വാക്കുകൾ ശ്രദ്ധിക്കാം: "ഓരോരുത്തരും അവന്റെ അല്ലെങ്കിൽ അവളുടെ സ്വന്തം മാർഗത്തിൽ വിശുദ്ധരായിത്തീരട്ടെ എന്നു കൗൺസിൽ പറയുന്നു. അപ്രാപ്യമായി കാണപ്പെടുന്ന വിശുദ്ധിയുടെ മാതൃകകളുടെ മുമ്പിൽ നാം നിരാശയിൽ തളരാൻ പാടില്ല." (ആനന്ദിച്ച് ആഹ്ലാദിക്കുവിൻ, നമ്പർ 11, പേജ് 18). പാപ്പാ തുടർന്നു പറയുന്നു: അവരവർക്കുവേണ്ടി ഉദ്ദേശിച്ചിട്ടില്ലാത്ത ചിലത് അനുകരിക്കാൻ പ്രത്യാശയില്ലാതെ ശ്രമിക്കുന്നതിനെക്കാൾ പ്രധാന കാര്യം ഓരോ വിശ്വാസിയും അവന്റെ അല്ലെങ്കിൽ അവളുടെ സ്വന്തം പാത വിവേചിച്ചറിയുകയാണ്." (ആനന്ദിച്ച് ആഹ്ലാദിക്കുവിൻ പേജ് 18). പൊതുവേ, ശരാശരിക്കാരെ അലട്ടുന്ന ചിന്തയെപ്പറ്റിയും പാപ്പാ പറയുന്നുണ്ട്: "സാധാരണകാര്യങ്ങളിൽനിന്നു പിൻവലിഞ്ഞ് ഏറെ സമയം പ്രാർത്ഥനയിൽ ചെലവഴിക്കാൻ കഴിയുന്നവർക്കു മാത്രമുള്ളതാണു വിശുദ്ധി എന്നു വിചാരിക്കാൻ കൂടക്കൂടെ നാം പ്രലോഭിതരാക്കപ്പെടുന്നു. അത് അങ്ങനെയല്ല. നമ്മൾ എവിടെ ആയിരുന്നാലും സ്നേഹത്തിൽ അധിഷ്ഠിതമായി ജീവിതങ്ങൾ നയിക്കുകയും എല്ലാറ്റിലും സാക്ഷ്യം വഹിക്കുകയും ചെയ്തുകൊണ്ട് വിശുദ്ധരാകാൻ നാം വിളിക്കപ്പെട്ടിരിക്കുന്നു." (ആനന്ദിച്ച് ആഹ്ലാദിക്കുവിൻ - പേജ് 20). പൗലോസ്ശ്ലീഹാ ഗലാത്തിയാക്കാർക്കെഴുതിയ ലേഖനം ഉദ്ധരിച്ചുകൊണ്ടു പാപ്പാ പറയുന്നു: ''എല്ലാ അവസ്ഥയിലും അവിടുന്നിലേക്കു തിരിയുവിൻ. അന്ധാളിക്കരുത്. എന്തെന്നാൽ, പരിശുദ്ധാത്മാവിന്റെ ശക്തിയിൽ നിങ്ങൾക്ക് ഇതു ചെയ്യാൻ കഴിയും. വിശുദ്ധി നിങ്ങളുടെ ജീവിതത്തിലെ പരിശുദ്ധാത്മാവിന്റെ ഫലമാണ്." (ആനന്ദിച്ച് ആഹ്ലാദിക്കുവിൻ, പേജ് 21).

ചുരുക്കത്തിൽ, നമ്മൾ ആയിരിക്കുന്ന അവസ്ഥയിൽ ദൈവഹിതമനുസരിച്ച് ഓരോ പ്രവൃത്തിയും ചെയ്യുകയും പ്രാർത്ഥനയിൽ ആശ്രയിക്കുകയും ചെയ്യുക എന്നതാണ് സ്വർഗരാജ്യം അവകാശപ്പെടാനുള്ള മാർഗം. നമ്മിൽത്തന്നെ ആശ്രയിക്കാതെ ദൈവത്തിൽ ആശ്രയിച്ച് അവിടുത്തേക്ക് സ്വയം സമർപ്പിക്കുകയും ചെയ്യുക. ■

**പ്രണയപാഠാവലി**



80

ഡോ. ആന്റണി ജോസ്

# ലഹരിയും ദാമ്പത്യവും

ഭദ്രമായ കുടുംബജീവിതത്തിലേക്ക് ഏദനിലെ സർപ്പത്തെപ്പോലെ മദ്യം കടന്നുവരാം. രണ്ടുവിധത്തിലാണ് ഇതു സംഭവിക്കുക. ഒന്നെങ്കിൽ മദ്യപനായിക്കൊണ്ട് വിവാഹാന്തസ്സിൽ പ്രവേശിക്കുന്നു. അല്ലെങ്കിൽ, വിവാഹശേഷം മദ്യപാനം തുടങ്ങുന്നു.

മദ്യപിക്കാത്ത ഒരാൾ, ഒരല്പം കഴിച്ചാലോ എന്ന പ്രലോഭനത്തിനു വശംവദനാകുന്നിടത്താണ് ഈ ചർച്ചയ്ക്കു പ്രസക്തി. കാരണം, ഒരു തുള്ളിയെങ്കിലും കഴിച്ചയാൾക്ക്, ഇത്തരം വായനകളോട് പൂർണ്ണമായും സത്യസന്ധത പുലർത്താൻ കഴിയാറില്ല.

നിലത്തു പൊട്ടിവീണുകിടക്കുന്ന വൈദ്യുതലൈനിൽ തൊട്ടുനോക്കി, കറന്റുണ്ടോയെന്ന് ആരെങ്കിലും പരിശോധിക്കുമോ? ജീവനിൽ കൊതിയുള്ളവർ അങ്ങനെ ചെയ്യില്ല. എങ്കിൽ അതേ പ്രാണഭയം, 'കന്നിക്കുടി'ക്കൊരുങ്ങുന്നവർക്കും ഉണ്ടാകേണ്ടതാണ്. ആരൊക്കെ പരിഹസിച്ചാലും എത്ര ഗുണങ്ങൾ അവകാശപ്പെട്ടാലും ഏതൊക്കെ സെലിബ്രിറ്റികളെ ചൂണ്ടിക്കാണിച്ചാലും അതായിരിക്കും ഉചിതമായ തീരുമാനം.



പലരും പറയുന്നത് മിതമായി, നിയന്ത്രിച്ച് മദ്യം കഴിക്കാമല്ലോയെന്നാണ്. ആ വാദം പൊള്ളയും കാപട്യംനിറഞ്ഞതുമാണ്. മദ്യപന് അനുദിനം വേണ്ടുന്ന അളവ് ക്രമംവിട്ട് വർദ്ധിച്ചുകൊണ്ടേയിരിക്കും. എങ്കിൽമാത്രമേ ആദ്യാനുഭൂതിയുടെ തീവ്രത നിലനിർത്താൻ പറ്റൂ. മദ്യത്തിന്റെ ഏറ്റവും നികൃഷ്ടമായ സ്വഭാവം, അതുണ്ടാക്കുന്ന അഡിക്ഷൻ ആണ്. അറുത്തുമാറ്റിയാലും കുടഞ്ഞെറിഞ്ഞാലും നമ്മെ വിട്ടുപോവുകില്ലത്. സ്വത്വത്തിന്റെ സമസ്തയിടങ്ങളിലും കെട്ടുപിണഞ്ഞു കിടക്കും.

കുടിച്ചതുകൊണ്ട് എന്തു സൗഭാഗ്യമാണ് കിട്ടാൻപോകുക? രസം, സുഖം, ആനന്ദം എന്നിങ്ങനെ ഉത്തരങ്ങൾ ഏറെ പറയാനുണ്ടാകും. ലഹരിയിൽനിന്നുണ്ടാകുന്ന 'അനുഭൂതി'യെയാണ് ഇതു കുറിക്കുക. അത് മദ്യം തലച്ചോറിലുണ്ടാക്കുന്ന രാസപ്രവർത്തനങ്ങളുടെ ഭാഷാന്തരമാകുന്നു. (ഈ രാസപ്രവർത്തനങ്ങളാകട്ടെ കാലാന്തരത്തിൽ ശാരീരിക, മാനസിക രോഗങ്ങളെ നിശ്ചയമായും ഉണ്ടാക്കിയിരിക്കും).

ലഹരിവസ്തുക്കൾ ഉപയോഗിക്കുമ്പോൾ മാത്രമേ ഈ അനുഭൂതി ഉണ്ടാകുകയുള്ളോ? ഒരിക്കലുമല്ല. നിർമ്മലമായ, ആരോഗ്യകരമായ മാനസിക ശാരീരികാവസ്ഥകളുള്ള ഒരു വ്യക്തിക്ക് അല്ലാതെയും ഇതേ സന്തോഷമനുഭവിക്കാം. ഇഷ്ടമുള്ള ഭക്ഷണം കഴിക്കുമ്പോൾ, പ്രണയിനിക്കൊപ്പം സംസാരിക്കുമ്പോൾ, പ്രിയസുഹൃത്തുക്കളോടൊപ്പം ചെലവഴിക്കുമ്പോൾ, വിനോദസഞ്ചാരവേളകളിൽ, സാഹിത്യ-കലാസ്വാദനങ്ങളിൽ, കായികവിനോദങ്ങളിൽ, തൃപ്തികരമായ കുടുംബജീവിതത്തിൽ ഒക്കെ നാമനുഭവിക്കുക പ്രകൃതി അനുവദിച്ചിട്ടുള്ള അനുഭൂതികളാണ്. ഈശ്വരസാക്ഷാത്കാരത്തിലേക്കുള്ള പടികൾ കയറുന്ന വ്യക്തി, ഒരർത്ഥത്തിൽ, കുറെക്കൂടി ഔന്നത്യമുള്ള, ചിരസ്ഥായിയായ ദിവ്യാനുഭൂതി തിരിച്ചറിയുന്നു.

ഇതൊക്കെ ശരിയായിരിക്കേ, ലഹരികൂടി വേണമെന്ന് ഒരു മോഹം നിലനിൽക്കുന്നുണ്ടോ? കരുണയില്ലാത്ത ധാർഷ്ട്യമെന്നേ അതിനെ വിളിക്കേണ്ടൂ. അവനവനോടും സഹജീവികളോടും കാണിക്കുന്ന മനുഷ്യപ്പറ്റില്ലായ്മ. മദ്യാസക്തനായ വ്യക്തി, അയാളെക്കുറിച്ച് മറ്റുള്ളവർക്കുള്ള മതിപ്പ് നിശ്ചയമായും അറിഞ്ഞിരിക്കണം. സ്വന്തം സുഖംമാത്രം അന്വേഷിക്കുന്ന സ്വാർത്ഥൻ, ജീവിതത്തിൽ ആകെ താത്പര്യവും സ്നേഹവുമുള്ളത് മദ്യത്തോടുമാത്രം, അതു കിട്ടാനായി എന്തും ചെയ്യും, നുണ തരംപോലെ പറയും, വിശ്വാസവഞ്ചന കാണിക്കും, മദ്യത്തിനു തടസ്സം നിൽക്കാൻ ആത്മബന്ധങ്ങളെപ്പോലും അനുവദിക്കാത്തവൻ എന്നിങ്ങനെയെല്ലാമാണത്.

ഒരിക്കലാരംഭിച്ച മദ്യപാനം ഒരു ബാധ്യതയായി മാറുന്നു. മദ്യമൊഴിവാക്കുമ്പോൾ കടുത്ത ശാരീരികാസ്വസ്ഥതകൾ പ്രത്യക്ഷപ്പെടുന്നെങ്കിൽ ഈ യാഥാർത്ഥ്യത്തെ അംഗീകരിക്കേണ്ടിവരും. ഉറക്കമില്ലായ്മ, ഉൽക്കണ്ഠ, വിറ, മാനസിക നിലയിൽ വ്യതിയാനങ്ങൾ, ഛർദ്ദി, ശരീരവേദന തുടങ്ങിയവ ഇതിന്റെ ലക്ഷണങ്ങളാണ്. ഇതു നിയന്ത്രിക്കാൻ വീണ്ടും മദ്യം കഴിക്കേണ്ടിവരുന്നു. നല്ല തമാശയായിട്ടുണ്ടല്ലേ? ശരീരത്തെ സുഖിപ്പിക്കാൻ മദ്യം സേവിച്ചുതുടങ്ങി. ഒടുവിൽ മദ്യത്തെ പ്രീതിപ്പെടുത്താൻ ശരീരത്തെ നൽകേണ്ടി വരുന്ന ഗതികേട്.

മദ്യാസക്തന്റെ കുടുംബബന്ധങ്ങൾ ശിഥിലമാകുന്നു. കാരണം, അയാളുടെ സ്വാർത്ഥത അത്ര വലുതാണ്. അതിനെ ചോദ്യംചെയ്യുകയോ, പഴിക്കുകയോ ചെയ്യുന്ന കുടുംബാംഗങ്ങൾ ശത്രുക്കളായിത്തീരുന്നു. അയാൾ തിരിച്ചറിയുന്നുണ്ട് ഈ സത്യം. അതായത്, തന്നെ സ്നേഹിക്കാൻ ആരുമില്ല. എല്ലാവരും തന്നെ വെറുക്കുന്നു എന്ന്. അത് നിരാശയിലേക്കും ആത്മനിന്ദാപരമായ നിലപാടിലേക്കും, അയാളെയെത്തിക്കാം. തിരിച്ചറിയുക, മദ്യാസക്തി ഗുരുതരമായ രോഗംതന്നെയാണ്. ശരീരവും മനസ്സും ആത്മാവും ജീർണ്ണിക്കുന്ന അവസ്ഥ!

ഒരു സാഹചര്യത്തിലും മനസ്സിനു സന്തോഷമില്ലാത്ത അവസ്ഥയാണോ ഉള്ളത്? ലഹരിയിൽ മാത്രമാണ് അഭയം എന്ന സ്ഥിതി? വിഷാദമോ, കടുത്ത ഉൽക്കണ്ഠയോ നിങ്ങളെ ബാധിച്ചിട്ടുണ്ടാവാം. അവിടെ ലഹരിയല്ല പരിഹാരം. ഒട്ടും മടിക്കാതെ, ഒരു മനോരോഗവിദഗ്ദ്ധനെ കാണുക. നല്ലൊരു ജീവിതം മുന്നിലുണ്ടെന്ന കാര്യം മറക്കാതിരിക്കുക. അതു മദ്യത്തിനു തീറെഴുതരുത്.

കുടിച്ചുതുടങ്ങാനായി സ്വപ്നം കാണുന്ന ഓരോരുത്തരും അറിയുക; നിങ്ങൾ ചെയ്യുന്ന മൂന്നു ദ്രോഹങ്ങളെ. ഒന്ന്, പങ്കാളിക്ക് അവരർഹിക്കുന്ന സ്നേഹം നിറഞ്ഞ ഒരു ജീവിതം നിങ്ങളുടെ സ്വാർത്ഥതയ്ക്കായി നിഷേധിക്കുന്നു.എത്ര നിയന്ത്രിച്ചു കുടിക്കുന്നു എന്നവകാശപ്പെടുന്ന വ്യക്തിയുടെയും വിശ്വസ്തതയും കരുതലും സാമീപ്യവും അംഗീകാരവുമാകുന്ന പ്രണയം മദ്യത്തോടു മാത്രമായിരിക്കും. അതുകൊണ്ടാണ് ഭാര്യയുടെ കണ്ണീരു കണ്ടിട്ടും മദ്യത്തെ തള്ളിപ്പറയാത്തത്. രണ്ടാമത്തേത് സ്വന്തം അമ്മയെ ഭർത്സിക്കുകയും ദേഹോപദ്രവം ചെയ്യുകയും ചെയ്യുന്ന നീചനായ പിതാവിനെക്കണ്ട് വിഹ്വലപ്പെടുന്ന കുഞ്ഞുങ്ങളുടെ കാര്യമാണ്. ഒടുവിൽ മാറാരോഗിയായി കടബാധ്യതകൾ വരുത്തി, കുടുംബത്തിന് തീരാശാപമായി ഭവിക്കുന്നു മദ്യാസക്തനും! അതുകൊണ്ട്, കുടിച്ചുമുടിയണമെന്നുള്ളവർ കുടുംബജീവിതം തിരഞ്ഞെടുക്കുംമുമ്പ് നൂറുവട്ടം ആലോചിക്കുക. അതൊരു പുണ്യമായിരിക്കും.

വിശ്വസിക്കുന്ന ഒരാളെ സ്നേഹിക്കാൻ കഴിയുന്നതിൽ വലിയ കാര്യം മറ്റെന്താണുള്ളത്? ഭാര്യയെയും കുട്ടികളെയും സ്നേഹിക്കുക, ഈശ്വരനെ സ്നേഹിക്കുക. മദ്യം ഇവയെല്ലാം വെറുക്കാനാണ് പ്രേരിപ്പിക്കുക.

മദ്യപൻ അവനവനെ അത്രയധികം ഇഷ്ടപ്പെടുന്നില്ല എന്നു കരുതാം. താഴ്ന്ന പ്രതിച്ഛായയാണ് അയാൾ സ്വയം കാണുക. തമോഭാവങ്ങളായ ഭയം, അപകർഷത, കുറ്റബോധം, മടി, നിരാശ ഇതൊക്കെയായിരിക്കും അയാളുടെ ഇമേജിനെ ഇടിക്കുന്നത്. ലഹരിയുടെ സ്വാധീനത്തിൽ സ്വന്തം പ്രതിച്ഛായ മാറ്റിയെടുക്കാമെന്ന വ്യാഥാചിന്ത അയാൾക്കുണ്ടാകാം. ഭയം മാറാൻ, അല്ലെങ്കിൽ വഴക്കുണ്ടാക്കാനൊക്കെ മദ്യം മോന്തുന്നു. ഫലമോ? സുന്ദരമായ ഫോട്ടോയിൽ നിന്നും കാരിക്കേച്ചർ ഉണ്ടാക്കുന്നതുപോലെ പരിഹാസ്യമായ ഒരു സ്വത്വബോധമാണുണ്ടാകുക. അതിന്റെ സ്വാധീനത്തിൽ കാട്ടിക്കൂട്ടുന്ന പേക്കൂത്തുകൾക്ക് പിന്നീടു കനത്ത വിലയും നൽകേണ്ടി വരും.

സ്വയം സ്നേഹിക്കുക, പങ്കാളിയെയും കുട്ടികളെയും സ്നേഹിക്കുക. ആ സ്നേഹം ലഹരിക്കു മുമ്പിൽ അടിയറ വയ്ക്കാതിരിക്കുക.

■

# 'ഛാന്ദായിലെ പൗലോസ് അപ്പസ്തോലൻ' ഇനി ഓർമകളിൽ

ഛാന്ദായിലെ പൗലോസ് അപ്പസ്തോലൻ, കാൽനട സഞ്ചാരി, മറാത്തി ഫാദർ തുടങ്ങിയ വിശേഷണങ്ങളിൽ അറിയപ്പെട്ടിരുന്ന ഫാ. ജോർജ് കനീഷ്യസ് കച്ചിറമറ്റം ഓർമയായി. 1936 ൽ രാമപുരം കച്ചിറമറ്റം കുടുംബത്തിൽ മത്തായി - ത്രേസ്യാ ദമ്പതികളുടെ മകനായി ജനിച്ച അദ്ദേഹം ഹൈസ്കൂൾ പഠനത്തിനുശേഷം സിഎം ഐ സന്ന്യാസസമൂഹാംഗമായി. സീറോ മലബാർ സഭയ്ക്ക് കേരളത്തിനു വെളിയിൽ ലഭിച്ച പ്രഥമ മിഷൻപ്രദേശമായ ഛാന്ദാ രൂപത(ആന്ധ്രാപ്രദേശ്)യായിരുന്നു മരണംവരെ തന്റെ പ്രവർത്തനമണ്ഡലം.

ഗതാഗതസൗകര്യങ്ങളൊന്നുമില്ലാത്ത വനപ്രദേശം, അപരിചിതമായ ഭാഷയും മനുഷ്യരും - എന്നിട്ടും ചുരുങ്ങിയ നാളുകൾകൊണ്ടുതന്നെ അദ്ദേഹം അന്നാട്ടുകാരുടെ പ്രിയങ്കരനായി മാറി. ഗ്രാമവാസികളോരോരുത്തരെയും പേരു ചൊല്ലി വിളിക്കാനുള്ളത്ര അടുപ്പം ഉണ്ടാക്കിയെടുക്കാനും വളരെക്കുറച്ചു നാളുകളേ അദ്ദേഹത്തിനു വേണ്ടിവന്നുള്ളൂ.

ഏകാന്തതയിൽ മലമുകളിൽ പ്രാർത്ഥിച്ചുകൊണ്ടിരുന്ന ഈശോയെ, ഈ മലമുകളിൽ ജീവിക്കുന്ന പാവപ്പെട്ട മനുഷ്യർക്കു കാണിച്ചുകൊടുക്കാൻ ഇവിടേക്കു കടന്നുവന്ന ആദ്യത്തെ മിഷനറിയായിരുന്നു ഫാ. ജോർജ് കനീഷ്യസ് സി.എം.ഐ. സ്വജീവിതം ക്രിസ്തുവിനു സമർപ്പിച്ച അദ്ദേഹം തന്റെ സമയവും കഴിവും ആരോഗ്യവുമൊക്കെ വിരൂർ ഗ്രാമത്തിലെ സാധുജനങ്ങൾക്കു പകുത്തു നല്കി.



ഫാ. ജോർജ് കനീഷ്യസ് സി.എം.ഐ.

പ്രതികൂലസാഹചര്യങ്ങളിലും സുവിശേഷപ്രഘോഷണം നടത്താൻ അച്ചൻ വിമുഖത കാട്ടിയില്ല. തന്റെ മുന്നിലെത്തുന്നവർക്ക് വചനത്തിനൊപ്പം അന്നവും വിളമ്പാൻ അദ്ദേഹം തയ്യാറായിരുന്നു. തന്റെ മുമ്പിൽ കൈനീട്ടുന്നവരെ ഒരിക്കലും വെറുംകൈയോടെ അദ്ദേഹം മടക്കിയയച്ചില്ല. അക്ഷരജ്ഞാനമില്ലാത്ത വനവാസികൾക്ക് അതു പഠിക്കാനുള്ള സാഹചര്യം അച്ചൻ ഒരുക്കി. പ്രാർത്ഥനയും പ്രവർത്തനവും സമന്വയിപ്പിച്ച് തന്റെ ജീവിതവഴികൾ അദ്ദേഹം സുഗമമാക്കി.

കൃത്യനിഷ്ഠയിലും ലളിതജീവിതത്തിലും ദാനധർമത്തിലും തന്റെ ആത്മീയഗുരുവായ ചാവറയച്ചന്റെ മാതൃക പിൻതുടരുകയാണ് കനീഷ്യസച്ചൻ ചെയ്തത്. തന്റെ മുമ്പിലെത്തുന്ന എല്ലാവരുടെയും ആരോഗ്യ, വിദ്യാഭ്യാസകാര്യങ്ങളിൽ അദ്ദേഹം ശ്രദ്ധിച്ചു. പാവപ്പെട്ട ഗ്രാമീണരുടെ സമഗ്രവിമോചനത്തിനുവേണ്ടിയാണ് അദ്ദേഹം പ്രയത്നിച്ചത്. സ്വന്തം ഭൂമിയിൽ കൃഷിചെയ്യുന്നതിനും നിക്ഷേപപദ്ധതികൾ, മഹിളാസമാജങ്ങൾ തുടങ്ങിയവ ആരംഭിക്കുന്നതിനും അങ്ങനെ സ്വയം പര്യാപ്തരാകുന്നതിനും അദ്ദേഹം ഗ്രാമീണരെ സഹായിച്ചു.

കാൽനടയാത്രാവേളകളിൽ പ്രാർത്ഥന ചൊല്ലുന്നത് അദ്ദേഹം പതിവാക്കിയിരുന്നു. തന്റെ ഒപ്പമുള്ളവരെയും അദ്ദേഹം അതിനു പ്രേരിപ്പിച്ചു. മരുഭൂമിയിലെ ഈ യാത്രയ്ക്കിടയിൽ തന്റെ നഷ്ടങ്ങളോ സഹനങ്ങളോ അദ്ദേഹം കണക്കാക്കിയില്ല. ഗ്രാമവാസികൾ അവരുടെ ഭാഷയിൽ അദ്ദേഹത്തെ മോട്ടാ ഫാദർ എന്നുവിളിച്ചു ബഹുമാനിച്ചു.

ഛാന്ദാ രൂപതയുടെ സുവർണജൂബിലി പ്രമാണിച്ച് രൂപതയുടെ 'ബെസ്റ്റ് മിഷനറി' അവാർഡും സീറോ മലബാർ സഭയുടെ ലിറ്റർജിക്കൽ റിസർച്ച് സെന്ററിന്റെ 'മഹാമിഷനറി' അവാർഡും ഫാ. ജോർജ് കനീഷ്യസിനു ലഭിച്ചിട്ടുണ്ട്. ഏപ്രിൽ 18 നായിരുന്നു അദ്ദേഹത്തിന്റെ അന്ത്യം.



നോവൽ 6

ഗിരീഷ് കെ. ശാന്തിപുരം

# പതിനാലാമെടം

## ഒരു കടൽക്കാറ്റുപോലെ

നിസാൻ മാസമായിരുന്നു അത്. ഒലിവുമലയുടെ കിഴക്കേ ചെരുവിൽ ബേഥനിയായ്ക്കു മുകളിൽ പ്രഭാതത്തിന്റെ അങ്കുരം പൊട്ടുംമുമ്പേ മഞ്ഞു പെയ്യാൻ തുടങ്ങി. അപ്പോഴും അനനിയാദ് പാറപ്പുറത്തിരുന്നു കുഴൽ വായിക്കുകയായിരുന്നു. ഒരു തൂവൽമഴപോലെ മഞ്ഞു പൊഴിഞ്ഞുകൊണ്ടിരുന്നു. കെദ്രോൺ കടന്ന് ശീതമുറഞ്ഞ കാറ്റ് വന്നു. ശൈത്യം അതിന്റെ കൂർത്ത നഖങ്ങളുപയോഗിച്ച് അനനിയാദിനെ ആക്രമിച്ചു.

പക്ഷേ, അനനിയാദ് അതൊന്നുമറിഞ്ഞില്ല. അവന്റെ ഉള്ളിലപ്പോൾ മേരി മാത്രമാണുണ്ടായിരുന്നത്. പാലസ്തീനായുടെ സർവസൗന്ദര്യവും ചാലിച്ച് യഹോവ മെനഞ്ഞെടുത്ത മഗ്ദലേനയിലെ ലാവണ്യവതിയായ മേരി.

വെളിച്ചം ഭൂമിയിലേക്കു വീണിരുന്നില്ലെങ്കിലും ഇരുട്ട് സുതാര്യമായിക്കൊണ്ടിരുന്നു. ആ സുതാര്യതയിലൂടെ വഴിയറിഞ്ഞ് അവൻ താഴ്‌വരയിലേക്കു നടന്നു. അവന്റെ കുപ്പായമാകെ മഞ്ഞിൽ നനഞ്ഞിരുന്നു. പിറകോട്ടു നീണ്ടിറങ്ങി ജടകെട്ടിത്തുടങ്ങിയ മുടിയിലൂടെ മഞ്ഞുതുള്ളികൾ ഇറ്റുകൊണ്ടിരുന്നു. വെട്ടം വീണപ്പോഴേക്കും അനനിയാദ് ഒലിവു മലയുടെ താഴ്‌വരയിലെത്തിയിരുന്നു.

പ്രഭാതക്കുളിരിൽ അനനിയാദിന് എന്തെന്നില്ലാത്ത ഉന്മേഷവും ഉത്സാഹവും തോന്നി. മനസ്സിന്റെയും ശരീരത്തിന്റെയും ഭാരമൊഴിഞ്ഞതുപോലെ. എല്ലാ ബന്ധനങ്ങളും അറ്റുപോയതുപോലെ...

തലയ്ക്കു മുകളിൽ പകൽ എത്തിയപ്പോഴേക്കും അനനിയാദ് കെദ്രോൺ നദിക്കരയിൽ എത്തിയിരുന്നു. വെയിൽ കാഠിന്യമുള്ളതായിരുന്നു. മണൽവിരിപ്പിൽ അവന്റെ നീരുകെട്ടിയ പാദങ്ങൾ ചുട്ടുപൊള്ളി.

കെദ്രോൺ ശോഷിച്ചുപോയിരുന്നു. ദൂരെ വെള്ളിനാടപോലെ നീരൊഴുക്കു കാണായി. അവൻ അവിടേക്കു നടന്നു. അവന്റെ വസ്ത്രങ്ങളത്രയും അഴുക്കുപുരണ്ടതും ദുർഗന്ധം വമിക്കുന്നതുമായിരുന്നു. ദേഹമാസകലം വിയർപ്പും ചെളിയും കട്ടപിടിച്ചിരുന്നു.

ഒരു അത്തിമരത്തിന്റെ തണൽ വീണ നദിയുടെ നീരൊഴുക്കിൽ അനനിയാദ് കുളിച്ചു. തന്റെ നെടുനാളത്തെ അലച്ചിലിന്റെ അഴുക്കുകളത്രയും കെദ്രോണിലെ നീരൊഴുക്കിൽ കഴുകിക്കളഞ്ഞു. വസ്ത്രങ്ങൾ നനച്ചുണക്കി. അലക്കിയുണങ്ങിയ വസ്ത്രങ്ങളണിഞ്ഞ് അനനിയാദ് വെടിപ്പുള്ളവനായി.



അവൻ പടിഞ്ഞാറേ ദിക്ക് ലക്ഷ്യമാക്കി നടന്നു. ഗദ്സെമൻ ഹരിതാഭമായിരുന്നു. താഴ്‌വരയിലാകെ വിളഞ്ഞു പാകമായ ഗോതമ്പുവയലുകൾ. കൊയ്ത്തുകാലം സമീപിച്ചിരിക്കുന്നു...

ഗദ്സെമനു താഴെ സമൃദ്ധിയായ മുന്തിരിത്തോട്ടങ്ങൾക്കു സമീപത്തുള്ള കാവൽപ്പുരയിലേക്ക് അനനിയാദ് നടന്നു. അപരിചിതനെക്കണ്ട് കാവൽപ്പുരയിലെ വേലക്കാരൻ ചോദിച്ചു:

"നീ ആര്?"

"ഞാൻ ഹെർമ്മോണിലെ യാവോക്കിമിന്റെ പുത്രൻ, അനനിയാദ്..."

ധനാഢ്യനായ യാവോക്കിമിനെക്കുറിച്ച് വേലക്കാരിൽ ചിലർക്കു കേട്ടറിവുണ്ടായിരുന്നു. അവർ അവനെ സ്വീകരിച്ചിരുത്തി. ഭക്ഷണവും പാനീയവും കൊടുത്തു. കാവൽപ്പുരയിൽ വിശ്രമിക്കാനിടമൊരുക്കി. പക്ഷേ, അനനിയാദ് യാത്ര തുടരുകയാണെന്നറിയിച്ചു. പുറപ്പെടാനൊരുങ്ങവേ അവർ അവന് കുറെ ആപ്പിളും വീഞ്ഞും നല്കി. അനനിയാദ് അവയൊക്കെയും സ്വീകരിച്ച് അവരോടു വിട പറഞ്ഞു. താൻ യേശുവിനെ അന്വേഷിച്ചുള്ള യാത്രയിലാണെന്നാണ് അവരോടു പറഞ്ഞത്. എല്ലാ അന്വേഷണവുമവസാനിപ്പിച്ച് മഗ്ദലേനയിലേക്ക് മേരിയുടെ അടുത്തേക്ക് മടങ്ങുകയാണെന്നു പറഞ്ഞില്ല.

മടക്കയാത്ര കഠിനവും യാതനാപൂർണവുമായിരുന്നു. വിശ്രമരഹിതമായ യാത്രയിൽ മേരിയെക്കുറിച്ചുള്ള ഓർമകൾ മാത്രമായിരുന്നു ആശ്വാസം.

മേരി പാലസ്തീനയിലെ സമസ്തസൗന്ദര്യങ്ങളുടെയും മൂർത്തഭാവംപോലെ അവനിൽ നിറഞ്ഞുനിന്നു.

ഒരു സ്വപ്നംപോലെ...

പ്രണയത്തിന്റെ കാരാമണിപ്പാടങ്ങൾപോലെ...

ഇസ്രായേലിന്റെ സൗന്ദര്യംപോലെ...

ഇലവംഗസൗരഭ്യംപോലെ, മഗ്ദലേനയിലെ മോഹിനിയായ മേരി...

അവളാകുന്നു സർവവും...

അവൾക്കപ്പുറത്തേക്ക് ഒന്നുമില്ല.

ആകാശം വിമൂകവും വർണരഹിതവുമാകുന്നു...

കൊടുമുടികൾ നിർജീവങ്ങളാകുന്നു...

കാറ്റ് അതിന്റെ ഗുഹകളിൽ മയങ്ങിക്കിടക്കുന്നു...

എല്ലാം നിശ്ചലം...

സർവചരാചരങ്ങളും നിശ്ചേതനം... ചലിക്കുന്നതോ മേരി മാത്രം..

അവൾ ശാരോണിലെ പനിനീർപ്പൂവ്...

രത്നം പതിച്ച ഗോപുരം...

ഗിലയാദിലെ ആട്ടിൻപറ്റം...

കേദാറിലെ കൂടാരം...

അവൾക്ക് ശ്രേഷ്ഠതരമായ വീഞ്ഞിനേക്കാൾ ലഹരി...

തേനടയേക്കാൾ മധുരം...

അവൾ അകിലും ചന്ദനവും വമിക്കുന്ന സുഗന്ധം...

ദേവദാരുവിൽ കൊത്തിയ ശില്പം...

അവൾ ദാവീദിന്റെ പടക്കുതിര...

ശലമോന്റെ പ്രേമഗീതം...

അവൾ ഗലീലിയാക്കടലിലെ തിരമാലകൾ...

മരുഭൂമിയിലെ മരുപ്പച്ച...

അവൾ തഴുതിട്ടിരിക്കുന്ന ഉദ്യാനം...

ഒരു ഉദ്യാനജലധാര...

മാറാ നീരുറവ...

അവൾ ജീവജലമുള്ള ഒരു കിണർ...

ലെബനോണിൽനിന്നൊഴുകുന്ന അരുവി...

പൂന്തേനരുവി...

അനനിയാദ് മേരിയെക്കുറിച്ചുള്ള ഓർമകളിൽ പ്രേമഗായകനായി. കുന്നും സമതലങ്ങളും താണ്ടി, കുഴൽപ്പാട്ടുതിർത്തുകൊണ്ട് അവൻ മഗ്ദലേന ലക്ഷ്യമാക്കി നടന്നു. അവന്റെ കുഴൽപ്പാട്ട് ലോകത്തിനുമീതെ ഒരു വിരഹഗാനംപോലെ പരന്നൊഴുകി.

മരുഭൂമിയിലെത്തിയപ്പോഴേക്കും അനനിയാദ് തളർന്നിരുന്നു. ഒരു കാതംപോലും മുമ്പോട്ടു വയ്യ. അവൻ മണൽപ്പരപ്പിൽ തണൽ വിരിച്ചു നില്ക്കുന്ന ഒരു കരുവേലമരത്തിന്റെ ചുവട്ടിൽ ചെന്നിരുന്നു.

മരത്തണലിൽ കിടന്നിരുന്ന ഒരു കാട്ടുകഴുത ശിരസ്സുയർത്തി അവനെ ദയനീയമായി നോക്കി. അത് മരണം കാത്തുകിടക്കുകയാണെന്നേ തോന്നൂ. അനനിയാദ് അതിന്റെ മൂർദ്ധാവിൽ അരുമയോടെ തലോടി. അത് അപരിചിതമായ ഒരു ശബ്ദം പുറപ്പെടുവിച്ച് അനനിയാദിനു നേരേ കണ്ണുകളടച്ചു.

ക്ഷീണംകൊണ്ട് അനനിയാദ് മയങ്ങിപ്പോയി. പിന്നെയെപ്പോഴോ മയക്കം തെളിയുമ്പോൾ തനിക്കുമുമ്പിൽ കുതിരപ്പുറത്തുനിന്നിറങ്ങുന്ന അപരിചിതനെയാണ് അനനിയാദ് കണ്ടത്. ഒരു ധനാഢ്യന്റെ പ്രൗഢിക്കൊത്ത വണ്ണം വസ്ത്രം ധരിച്ചിരുന്ന അയാൾ സ്വയം പരിചയപ്പെടുത്തി:

"എന്റെ പേര് യോറ. ഡമാസ്കസിലേക്കുള്ള യാത്രയിലാണ്."

രത്നവ്യാപാരിയായിരുന്ന യോറയോടൊപ്പമായിരുന്നു അനനിയാദിന്റെ പിന്നീടുള്ള യാത്ര.

മരുഭൂമിയിലെ യാത്രയുടെ രണ്ടാം ദിനാന്ത്യത്തിലായിരുന്നു അവരുടെ പക്കൽ ആ വാർത്ത എത്തിയത്.

"സ്നാപകയോഹന്നാനെ കാരാഗൃഹത്തിലടച്ചു..."

ഒരു കൊടുങ്കാറ്റുപോലെ ആ വാർത്ത അനനിയാദിന്റെ ഹൃദയത്തിൽ വന്നു പതിച്ചു. സ്നാപകയോഹന്നാൻ, "പശ്ചാത്തപിക്കുവിൻ, സ്വർഗരാജ്യം സമീപിച്ചിരിക്കുന്നു എന്നു മരുഭൂമിയിൽ വിളിച്ചു പറയുന്നവൻ."

ഒരിക്കലേ അനനിയാദ് യോഹന്നാനെ കണ്ടിട്ടുള്ളൂ. യോർദാനു കുറച്ചകലെ ഒരു ഗുഹയിൽ വച്ച്. അഗ്നികുണ്ഡത്തിനരികെ ആകാശത്തേക്കു കരങ്ങളും കണ്ണുകളുമുയർത്തി ഒരു ദിവ്യരൂപംപോലെ നില്ക്കുന്ന, ഒട്ടകരോമംകൊണ്ടുള്ള വസ്ത്രവും തോൽവാറുമണിഞ്ഞവൻ.

യോറയും യോഹന്നാനെക്കുറിച്ചു കേട്ടിരുന്നു. അയാൾ ഒരു വഴിപോക്കനോടു ചോദിച്ചു:

"യോഹന്നാനെ കാരാഗൃഹത്തിലടയ്ക്കാൻ കാരണമെന്ത്?"

വഴിപോക്കൻ ചുറ്റും നോക്കി. മരുഭൂമി വിജനമായിരുന്നു. എങ്കിലും അയാളുടെ കണ്ണുകളിൽ ഒരു ഭയം നിറയുന്നത് അവർ കണ്ടു.

"എന്തിനാണ് നിങ്ങൾ ഇത്ര ഭയപ്പെടുന്നത്...?"

"ജീവനിൽ പേടിച്ചിട്ട്. നിങ്ങൾക്കറിയുമോ, ഇവിടുത്തെ കാറ്റിനുപോലും ചെവിയുണ്ട്. ഏതു നേരത്താ തുറുങ്കിലാകുന്നതെന്നു നിശ്ചയമില്ല. കണ്ടില്ലേ ആ പ്രവാചകന്റെ ഗതി."

"നിങ്ങൾ കാര്യം പറയൂ..." യോറ പറഞ്ഞു.

"ഗലീലിയിലെ സാമന്തരാജാവായിരുന്ന ഹെറോദോസ് ഇത്തൂറിയ, ത്രിവോത്തിനി എന്നീ പ്രദേശങ്ങളിലെ ഭരണാധികാരിയായ അയാളുടെ സഹോദരൻ ഫിലിപ്പിന്റെ ഭാര്യയെ സ്വന്തമാക്കി. അതു തെറ്റാണെന്നു പ്രവാചകൻ പറഞ്ഞു. അതുതന്നെ കാര്യം." അത്രയും പറഞ്ഞുതീർത്തിട്ട് വഴിപോക്കൻ ധൃതിപ്പെട്ടു നടന്നുപോയി.

"ഹെറോദോസിന്റെ ദുഷ്ചെയ്തികളിൽ ഒരെണ്ണംകൂടി..." യോറ പറഞ്ഞു.

അനനിയാദ് പ്രതികരിച്ചില്ല. മരുഭൂമിയുടെ അവസാനം യോറ യാത്ര പറഞ്ഞു. അനനിയാദിന്റെ മനസ്സിൽ യോഹന്നാനെക്കുറിച്ചുള്ള ചിന്ത ഒരു കടൽക്ഷോഭംപോലെ കിടന്നലയടിക്കാൻ തുടങ്ങി. കണ്ണുകളിൽ അഗ്നിയും വാക്കുകളിൽ കടലിരമ്പവും സൂക്ഷിക്കുന്ന യോഹന്നാൻ. പാപങ്ങൾക്കും പാപികൾക്കുമെതിരേ ചീറിയടിക്കുന്ന കൊടുങ്കാറ്റ്.

*ശേഷം 17-ാം പേജിൽ*




**മേയ് 9**
**ഉയിർപ്പുകാലം**
**ആറാം ഞായർ**



ഏശ. 52:7–12
ശ്ലീഹ. 10:9–16
എഫേ. 2:11–22
യോഹ. 17:20–26

**ഫാ. ആന്റണി ഞള്ളമ്പുഴ CMI**

# എല്ലാവരും ഒന്നാകുന്നതിന്



**യോ**ഹന്നാന്റെ സുവിശേഷം പതിനേഴാം അധ്യായത്തിൽ ഈശോ മനുഷ്യമക്കൾക്കു നല്കിയ മനോഹരമായ മൂന്നു കാര്യങ്ങളെക്കുറിച്ചു പറയുന്നു - നാമം, വചനം, മഹത്ത്വം. ഒരുമയ്ക്കുവേണ്ടിയുള്ള അപേക്ഷയോടെയാണ് ഈ പൗരോഹിത്യ പ്രാർത്ഥന പൂർണമാകുന്നത്.

**നാമം**

"എന്റെ ജനം എന്റെ നാമം അറിയും" (ഏശയ്യാ 52:6).

"അവിടുന്ന് എനിക്കു നൽകിയവർക്ക് അവിടുത്തെ നാമം ഞാൻ വെളിപ്പെടുത്തി" (യോഹ 17:6,26).

**വചനം**

''ദേശത്ത് ഞാൻ ക്ഷാമം അയയ്ക്കുന്ന നാളുകൾ വരുന്നു. ഭക്ഷണമോ ദാഹജലത്തിനുള്ള വറുതിയോ അല്ല, കർത്താവിന്റെ വചനം ലഭിക്കാത്തതുകൊണ്ടുള്ള ക്ഷാമമായിരിക്കും'' (ആമോസ് 8:11).

"അങ്ങ് എനിക്കു നല്കിയ വചനം ഞാൻ അവയ്ക്കു നല്കി (യോഹ. 17:7,14).

**മഹത്ത്വം**

"അങ്ങ് എനിക്കു തന്ന മഹത്ത്വം അവർക്കു ഞാൻ നൽകിയിരിക്കുന്നു (യോഹ. 17:22).

ഭൂമിയിലെ മനുഷ്യരോടുള്ള തീവ്രമായ സ്നേഹത്താൽ പ്രേരിതനായി സ്വർഗത്തിന്റെ സ്വന്തമായ തീ സ്വർഗത്തിൽനിന്നു മോഷ്ടിച്ച് ഭൂമിയിൽ എത്തിച്ച ഗ്രീക്കുദേവനാണ് പ്രൊമിത്യൂസ്. ഇക്കാരണത്താൽ പ്രൊമിത്യൂസ് ബന്ധിതനായി, പീഡിതനായി. കഴുകൻ പ്രൊമിത്യൂസിന്റെ ഹൃദയം നിരന്തരം കൊത്തിപ്പറിച്ച് ചുടുനിണമൊഴുക്കി. ഈ ഗ്രീക്കുദേവൻ മനുഷ്യർക്കു നൽകിയത് തീയാണ്. വെളിച്ചം പകരുന്ന തീ. ഭക്ഷണത്തിനു രുചിഭേദം വരുത്തുന്ന തീ. തണുത്ത ഭൂമിയെ ചൂടുപിടിപ്പിക്കുന്ന തീ. മനുഷ്യമനസ്സുകളെ ജ്വലിപ്പിക്കുന്ന അഗ്നി. ഇതൊരു ഗ്രീക്ക് കഥയാണ്. എന്നാൽ സുവിശേഷത്തിലെ ഈശോ പറയുന്നു: "ഞാൻ ഭൂമിയിൽ തീയിടാൻ വന്നിരിക്കുന്നു. അതു കത്തിജ്ജ്വലിച്ചിരുന്നെങ്കിൽ എന്നു ഞാൻ ആഗ്രഹിക്കുന്നു." ഇതു വെറും കഥയല്ല. ചരിത്രത്തിന്റെ ഭാഗമാണ്. വിശ്വാസത്തിന്റെ കാതലാണ്. രക്ഷാകരചരിത്രത്തിലെ 'ലോകരക്ഷക'ന്റെ (യോഹ. 4:42, 1 യോഹ. 4:14) ചരിത്രമാണ്. എല്ലാറ്റിന്റെയും 'മൂലക്കല്ലായ' ക്രിസ്തുചരിതമാണ്. ''അപ്പസ്തോലന്മാരും പ്രവാചകന്മാരുമാകുന്ന അടിത്തറമേൽ പണിതുയർത്തപ്പെട്ടവരാണ് നിങ്ങൾ. ഈ അടിത്തറയുടെ മൂലക്കല്ല് ക്രിസ്തുവാണ്" (എഫേ. 2:20).

വിദൂരസ്ഥരെ സമീപസ്ഥരാക്കിയത് അവന്റെ രക്തമാണ്. "ഒരിക്കൽ വിദൂരസ്ഥരായിരുന്നവർ ഇപ്പോൾ യേശുക്രിസ്തുവിൽ അവന്റെ രക്തംവഴി സമീപസ്ഥരായിരിക്കുന്നു" (എഫേ. 2:13).

ക്രിസ്തു ദൈവത്തിന്റെ നാമവും ദൈവത്തിന്റെ വചനവും അവിടുത്തെ മഹത്ത്വവും മനുഷ്യർക്കു വെളിപ്പെടുത്തി. അത് അവരിൽ സ്നേഹം ഉണ്ടാകുവാനായിരുന്നു. അവിടുന്ന് എനിക്കു നൽകിയ സ്നേഹം അവരിൽ ഉണ്ടാകേണ്ടതിന് ഞാൻ അത് ഇനിയും അവരെ അറിയിക്കുമെന്നും ഈശോ പറയുന്നു (യോഹ 17:26). അവന്റെ മനുഷ്യമക്കളോടുള്ള അധികസ്നേഹത്തിന്റെ അധികചിഹ്നമാണ് കുരിശും കുരിശിലെ ബലിയും അവിടുത്തെ തിരുരക്തവും.

"ക്രിസ്തുവിന്റെ സ്നേഹത്തിന്റെ നീളവും വീതിയും ഉയരവും ആഴവും ഗ്രഹിക്കാൻ നിങ്ങൾക്കു ശക്തി ലഭിക്കട്ടെ" (എഫേ. 2:18).

**എല്ലാവരും ഒന്നാകുന്നതിന്**

രണ്ടാം വത്തിക്കാൻ കൗൺസിൽ നടക്കുന്നതിനിടയിലാണ് കൗൺസിൽ വിളിച്ചു കൂട്ടിയ ജോൺ ഇരുപത്തിമൂന്നാമൻ പാപ്പാ നിര്യാതനാകുന്നത്. ചികിത്സയിലായിരുന്ന അവസാന നാളുകളിൽ ചില സമയങ്ങളിൽ പാപ്പാ ലത്തീനിൽ ഇപ്രകാരം പറഞ്ഞിരുന്നതായി ഗ്രന്ഥങ്ങളിലുണ്ട്: 'ഉത്ത് ഊനും സിന്ത്' - എല്ലാവരും ഒന്നാകുന്നതിന് എന്നു സാരം. ശിഷ്യന്മാർക്കു വേണ്ടിയുള്ള തന്റെ പൗരോഹിത്യപ്രാർത്ഥനയിൽ ഈശോ പറഞ്ഞു പ്രാർത്ഥിച്ച മനോഹരമായ വചനങ്ങൾതന്നെയായിരുന്നു ഇത്. "അവർക്കുവേണ്ടി മാത്രമല്ല, അവരുടെ വചനം മൂലം എന്നിൽ വിശ്വസിക്കുന്നവർക്കു വേണ്ടിക്കൂടിയാണ് ഞാൻ പ്രാർത്ഥിക്കുന്നത്. അവരെല്ലാവരും ഒന്നായിരിക്കാൻ വേണ്ടി, പിതാവേ, അങ്ങ് എന്നിലും ഞാൻ അങ്ങയിലും ആയിരിക്കുന്നതുപോലെ, അവരും നമ്മിൽ ആയിരിക്കുന്നതിനും അങ്ങനെ അവിടുന്ന് എന്നെ അയച്ചുവെന്ന് ലോകം അറിയുന്നതിനുംവേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു. നാം ഒന്നായിരിക്കുന്നതുപോലെ അവരും ഒന്നായിരിക്കുന്നതിന് അങ്ങ് എനിക്കു തന്ന മഹത്ത്വം അവർക്കു ഞാൻ നൽകിയിരിക്കുന്നു. അവർ പൂർണമായും ഒന്നാകേണ്ടതിന് ഞാൻ അവരിലും അവിടുന്ന് എന്നിലും ആയിരിക്കുന്നു. അങ്ങനെ അങ്ങ് എന്നെ അയച്ചുവെന്നും അങ്ങ് എന്നെ സ്നേഹിച്ചതുപോലെതന്നെ അവരെയും സ്നേഹിച്ചുവെന്നും ലോകം അറിയട്ടെ'' (യോഹ. 17:20–23).

'ബാബേൽ' ആശയക്കുഴപ്പത്തിന്റെ ആവിഷ്കാരമാണെങ്കിൽ പന്തക്കുസ്താ പരിശുദ്ധാത്മാവു തരുന്ന ഒരുമയുടെ ഉത്സവമാണ്. ബാബേലിൽ ആശയവിനിമയത്തിന്റെ തകരാറാണെങ്കിൽ പന്തക്കുസ്താനുഭവം വിവിധ ഭാഷക്കാരെ ഒരുമിപ്പിക്കുന്ന ഒരുമയുടെ അരൂപി തരുന്ന ആശയവിനിമയമാണ്. തകർന്നുപോയ ആശയവിനിമയത്തിന്റെ കേബിളുകൾ നേരെയാക്കുന്ന ഒരു വ്യക്തിയുടെ ചിത്രം വരച്ചതിനാണ് ഒരു കലാകാരൻ സമ്മാനാർഹനായത്. പൊട്ടിയ ബന്ധങ്ങളെ കൂട്ടിയിണക്കുന്നതാണ് ഇന്നിന്റെ ഏറ്റവും വലിയ ശുശ്രൂഷ എന്നു വ്യക്തമാക്കുന്ന ചിത്രം. കുഞ്ഞുണ്ണി മാഷ് പാടിയതുപോലെ, "എനിക്കുണ്ടൊരു ലോകം. നിനക്കുണ്ടൊരു ലോകം, നമുക്കില്ലൊരു ലോകം' - ഇതാണ് ഇന്നത്തെ അവസ്ഥ.

നിനക്ക് നിന്റെ ലോകമുണ്ട്. എനിക്ക് എന്റെ ലോകമുണ്ട്. എന്നാൽ നമുക്ക് നമ്മുടേതെന്നു പറയാവുന്ന ഒരു ലോകമില്ലെന്നു സാരം. ഓരോരുത്തരും അവരവരുടെ സ്വകാര്യലോകങ്ങളിലാണ്. 'ഞാൻ' പോയാൽ മാത്രമേ, 'നാം' ഉണ്ടാകൂ എന്നുള്ള ബോധ്യം തരുന്നതാണ് ഈ കുഞ്ഞുണ്ണിക്കവിത. ഫരിസേയന്റെയും ചുങ്കക്കാരന്റെയും ഉപമയിൽ ഫരിസേയൻ നാലുവട്ടം ആവർത്തിക്കുന്ന പദം 'ഞാൻ' എന്നതാണ്. ചിലർ നാഴികയ്ക്കു നാല്പതുവട്ടം ഇതാവർത്തിക്കുന്നു. ഈശോ പഠിപ്പിച്ച സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ എന്ന പ്രാർത്ഥനയിൽ 'ഞാൻ' അല്ല 'ഞങ്ങൾ' നിറഞ്ഞുനില്ക്കുന്നു, എട്ടുവട്ടം.

ഞാൻ എന്താകുന്നു എന്ന ഗബ്രിയേൽ മാർസലിന്റെ അന്വേഷണം ചെന്നെത്തിയത് 'നാം ആകുന്നു' എന്ന ഉത്തരത്തിലാണ്. രണ്ടോ മൂന്നോ പേർ എന്റെ നാമത്തിൽ ഒരുമിച്ചുചേരുന്നിടത്ത് എന്റെ സാന്നിധ്യമുണ്ടെന്നാണ് കർത്താവു പഠിപ്പിക്കുന്നത് (മത്താ. 18:20). നാം ഒരു ശരീരത്തിലെ പല അവയവങ്ങളാണെന്ന പൗലോസിന്റെ ഭാഷ്യവും ഒരുമയുടെ അരൂപിയെ ചിത്രീകരിക്കുന്നു. ഒരു ചങ്ങലയുടെ ബലം അതിന്റെ ബലഹീനമായ കണ്ണിയുടെ ബലത്തെ ആശ്രയിച്ചാണിരിക്കുന്നത്. ആ ബലഹീനമായ കണ്ണിയെ കണ്ടെത്തി ബലപ്പെടുത്തുകയാണ് ആ ചങ്ങല ബലപ്പെടുത്താനുള്ള വഴി.

"ആകയാൽ, ദൈവമഹത്ത്വത്തിനായി ക്രിസ്തു നിങ്ങളെ സ്വീകരിച്ചതുപോലെ നിങ്ങൾ അന്യോന്യം സ്വീകരിക്കുവിൻ" (റോമ. 15:7)

■


ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ



കെ.വി.ജെ.

ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ



സോണിയ ജോസഫ്

ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ



സോണിയ ജോസഫ്

ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ



ജോസ്
പ്രവിത്താനം

# കൊവിഡ് 19: മെയ് 7 ന് ഭാരതത്തിൽ ഉപവാസപ്രാർത്ഥനാദിനം പ്രഖ്യാപിച്ച് സി.ബി.സി.ഐ.

മുംബൈ: ഭാരതത്തിൽ കൊവിഡ് പകർച്ചവ്യാധിയുടെ രണ്ടാം തരംഗം അതിശക്തമായി തുടരുന്ന സാഹചര്യത്തിൽ മെയ് 7ന് രോഗികൾക്കുവേണ്ടി ഉപവാസ പ്രാർത്ഥനാദിനം ആചരിക്കണമെന്ന് ഭാരത കത്തോലിക്ക മെത്രാൻ സമിതി (സി.ബി.സി.ഐ.). കൊറോണയുടെ രണ്ടാം വരവ് ഇന്ത്യയെ സംബന്ധിച്ചിടത്തോളം ഒരു സുനാമിപോലെയാണെന്ന് സി.ബി.സി.ഐ. പ്രസിഡന്റ് കർദിനാൾ ഓസ്വാൾഡ് ഗ്രേഷ്യസ് ഇതുസംബന്ധിച്ചു പുറത്തിറക്കിയ കത്തിൽ പറയുന്നു.



ഈ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് കർദിനാൾ മാർ ജോർജ് ആലഞ്ചേരി, കർദിനാൾ മാർ ക്ലീമിസ് ബാവ, സി.സി.ബി.ഐ പ്രസിഡന്റ് ആർച്ചുബിഷപ് ഫിലിപ്പ് നേരി ഫെറാരോ എന്നിവരുമായുള്ള കൂടിയാലോചനകൾക്കുശേഷമാണ് മെയ് 7 വെള്ളിയാഴ്ച ഉപവാസപ്രാർത്ഥനാദിനമായി ആചരിക്കുവാൻ തീരുമാനിച്ചതെന്ന് കർദിനാൾ ഓസ്വാൾഡ് ഗ്രേഷ്യസ് കുറിച്ചു. വിവിധ ക്രൈസ്തവസഭകളുടെ കൂട്ടായ്മയായ നാഷണൽ കൗൺസിൽ ഓഫ് ചർച്ചസ് ഇൻ ഇന്ത്യ (എൻ.സി.സി.ഐ.)യും ഇവാഞ്ചലിക്കൽ ഫെലോഷിപ്പ് ഓഫ് ഇന്ത്യ(ഇ.എഫ്.ഐ.)യും പ്രാർത്ഥനാദിനത്തിൽ സഹകരിക്കുമെന്നറിയിച്ച കർദിനാൾ, ഉപവാസ പ്രാർത്ഥനാദിനത്തിൽ പങ്കെടുക്കാൻ രാജ്യത്തെ എല്ലാ വിശ്വാസികളെയും ക്ഷണിച്ചിട്ടുണ്ട്.

ഓരോ രൂപതയ്ക്കും അവരുടെ സൗകര്യത്തിനനുസരിച്ച് ഉപവാസപ്രാർത്ഥനാദിനാചരണം സംഘടിപ്പിക്കാമെന്നാണ് കത്തിൽ പറയുന്നത്. ഇക്കാര്യം തങ്ങളുടെ രൂപതയിലെ എല്ലാ ഇടവകകളെയും അറിയിക്കണം. കൊവിഡ് മഹാവ്യാധിയുടെ അന്ത്യത്തിനും രോഗികളുടെ സൗഖ്യത്തിനും ആരോഗ്യരംഗത്തു പ്രവർത്തിക്കുന്നവരുടെ ധൈര്യത്തിനും പ്രതിരോധമരുന്നുകളുടെ പരീക്ഷണത്തിൽ ഏർപ്പെട്ടിരിക്കുന്നവരുടെ വിജയത്തിനും വേണ്ടി ഒരു മണിക്കൂർ – 'വിശുദ്ധ മണിക്കൂർ' – പ്രാർത്ഥനയ്ക്കായി സജ്ജീകരിക്കണമെന്ന് എല്ലാ സന്ന്യാസസമൂഹങ്ങളോടും, പ്രത്യേകിച്ച് കന്യാസ്ത്രീമഠങ്ങളോട് അദ്ദേഹം ആഹ്വാനം ചെയ്തു.

അന്നേദിവസം ഉച്ചയോടടുത്ത് രാജ്യത്തെ എല്ലാ മെത്രാന്മാരും തങ്ങളുടെ അരമനകളിലോ കത്തീഡ്രലിലോ പ്രാർത്ഥനകൾ സംഘടിപ്പിച്ചാൽ നന്നായിരിക്കുമെന്നും കത്തിൽ പരാമർശമുണ്ട്. കൊറോണക്കെതിരേ കത്തോലിക്കാസഭയുടെ ഔദ്യോഗിക ജീവകാരുണ്യസംഘടനയായ കാരിത്താസ് ഇന്ത്യ നടത്തുന്ന പ്രവർത്തനങ്ങളെ അനുമോദിച്ചുകൊണ്ടാണ് തന്റെ കത്ത് അവസാനിപ്പിച്ചിരിക്കുന്നത്.

# മെഡിക്കൽ ഓക്സിജൻ അടിസ്ഥാന മനുഷ്യാവകാശമായി കണക്കാക്കണം

## കർദിനാൾ മാർ ജോർജ് ആലഞ്ചേരി

കാക്കനാട്: മെഡിക്കൽ ഓക്സിജന്റെ ലഭ്യത അടിസ്ഥാന മനുഷ്യാവകാശമായി കണക്കാക്കണമെന്നും രാജ്യത്തെ ആശുപത്രികളിലും ആരോഗ്യപരിപാലനകേന്ദ്രങ്ങളിലും മരണവുമായി മല്ലടിക്കുന്നവരുടെ ജീവൻ നിലനിർത്താൻ അത് അടിയന്തരമായി ലഭ്യമാക്കുന്നതിന് ആവശ്യമായ എല്ലാ നടപടികളും ഉടൻ സ്വീകരിക്കണമെന്നും സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പും കേരള കത്തോലിക്കാ മെത്രാൻ സമിതി പ്രസിഡന്റും കേരള ഇന്റർചർച്ച് കൗൺസിൽ ചെയർമാനുമായ കർദിനാൾ മാർ ജോർജ് ആലഞ്ചേരി കേന്ദ്ര സംസ്ഥാന സർക്കാരുകളോട് അഭ്യർത്ഥിച്ചു.

കൊവിഡ് 19 ന്റെ വ്യാപനത്തോടെ മെഡിക്കൽ ഓക്സിജന്റെ വലിയ അഭാവമുള്ളതിനാൽ ജനങ്ങളുടെ ജീവിതം അങ്ങേയറ്റം അപകടത്തിലാണ്. അതിനാൽ, ഈ ഘട്ടത്തിൽ മെഡിക്കൽ ഓക്സിജന് ഭക്ഷണം, വസ്ത്രം, പാർപ്പിടം എന്നിവയെപ്പോലെ പ്രാധാന്യം നൽകണം. വിവിധ വാണിജ്യ ഏജൻസികൾക്ക് ലാഭക്കച്ചവടത്തിനായി വിട്ടുകൊടുക്കാവുന്ന ഒരു വില്പനച്ചരക്കായി മെഡിക്കൽ ഓക്സിജനെ സർക്കാർ കാണരുത്. അമിതവില കാരണം ഓപ്പൺ മാർക്കറ്റിൽനിന്ന് മെഡിക്കൽ ഓക്സിജൻ വാങ്ങാൻ കഴിയാത്ത ധാരാളം ആളുകൾ നമ്മുടെ നാട്ടിലുണ്ട്. നമ്മുടെ രാജ്യത്തെ ഈ നിർണായക പ്രതിസന്ധിഘട്ടത്തിൽ മെഡിക്കൽ ഓക്സിജന്റെ ലഭ്യത ഒരു അടിസ്ഥാന ആവശ്യമായി കണക്കാക്കി ആവശ്യമുള്ള എല്ലാ ആളുകൾക്കും സൗജന്യമായി ലഭ്യമാക്കാൻ സർക്കാർ നടപടി സ്വീകരിക്കണം.

ജനങ്ങളുടെ അടിയന്തരാവശ്യം പരിഗണിച്ച് ആവശ്യമെങ്കിൽ വിദേശത്തുനിന്ന് ചാർട്ടേഡ് ഫ്ളൈറ്റുകൾവഴി ആവശ്യമുള്ള സംസ്ഥാനങ്ങൾക്ക് മെഡിക്കൽ ഓക്സിജൻ ലഭ്യമാക്കുന്നതിന് കേന്ദ്രസർക്കാർ നടപടി സ്വീകരിക്കണം.

രാജ്യത്തെ എല്ലാ ആശുപത്രികളിലും ആരോഗ്യപരിപാലന കേന്ദ്രങ്ങളിലും ആവശ്യമായ മെഡിക്കൽ ഓക്സിജൻ ലഭ്യമാക്കുന്നതുവഴി ഒരാളുടെപോലും ജീവൻ ഓക്സിജന്റെ അഭാവം കൊണ്ടു നഷ്ടപ്പെടുകയില്ലായെന്നു കേന്ദ്രസംസ്ഥാന സർക്കാരുകൾ ഉറപ്പാക്കണം. രാജ്യം നേരിട്ടുകൊണ്ടിരിക്കുന്ന അതീവ ഗുരുതരമായ ഈ ആരോഗ്യ പ്രതിസന്ധിയിൽ സർക്കാരുകളോടു ചേർന്നു സഭാസംവിധാനങ്ങളും സഹകരിച്ചുപ്രവർത്തിക്കുന്നുണ്ടെന്നും സാധ്യമായ മേഖലകളിലെല്ലാം സഹകരിച്ചു പ്രവർത്തിക്കാൻ ഇനിയും സന്നദ്ധമാണെന്നും കർദിനാൾ മാർ ജോർജ് ആലഞ്ചേരി പ്രസ്താവനയിൽ അറിയിച്ചു.

# പതിനാലാമെടം

*11-ാം പേജ് തുടർച്ച*

ആ കൊടുങ്കാറ്റ് ഹെറോദോസിന്റെ കൊട്ടാരക്കെട്ടുകളെപ്പോലും ഉലച്ചുകളഞ്ഞിരുന്നു.

"എന്നെക്കാൾ ശക്തനായവൻ എനിക്കു പിന്നാലെ വരുന്നു. അവൻ നിങ്ങൾക്കു പരിശുദ്ധാത്മാവിനാലും അഗ്നിയാലും സ്നാപനം ചെയ്യും. അവന്റെ കൈയിൽ വീശുമുറം ഉണ്ട്. അവൻ ഗോതമ്പുകളം വെടിപ്പാക്കി, ഗോതമ്പ് എടുത്ത് അറപ്പുരകളിൽ ശേഖരിക്കും. പതിർ കെടാതെ തീയിൽ എറിഞ്ഞുകളയും."

യോഹന്നാന്റെ വാക്കുകളോർമിക്കവേ അനനിയാദ് വീണ്ടും വീണ്ടും നടുങ്ങി. ഹെറോദോസിന്റെ അരമനയെപ്പോലും വാക്കുകളുടെ അഗ്നിശരം പായിച്ച് വിറപ്പിച്ച യോഹന്നാനെക്കാൾ ശക്തനായവൻ അവന്റെ പിന്നാലെയുണ്ട്. പ്രവാചകഗ്രന്ഥങ്ങളിൽ എഴുതപ്പെട്ടിരിക്കുന്നതുപോലെ ഇസ്രായേൽജനം കാത്തിരിക്കുന്ന രക്ഷകൻ.

സഹോദരഭാര്യയെ സ്വന്തമാക്കി വച്ചിരിക്കുന്ന ഹെറോദോസിന്റെ കൊട്ടാരക്കെട്ടുകൾ കടന്നുചെന്ന് യോഹന്നാൻ വിളിച്ചുപറഞ്ഞിരിക്കണം:

"ഹെറോദോസ് നീ പാപം ചെയ്തിക്കുന്നു. അണലിസന്തതികളേ, പശ്ചാത്തപിക്കുവിൻ."

ആ വാക്കുകളുടെ ഉഷ്ണത്തിൽ ഹെറോദോസ് നടുങ്ങിയിരിക്കണം. കൊട്ടാരം മുഴുവൻ നടുങ്ങിയിരിക്കണം.

ഹെറോദോസ് ഹെറോദ്യയെ സ്വന്തമാക്കിയതു തെറ്റാണെങ്കിൽ മേരിയുടെ പക്കലേക്കുള്ള യാത്രയും തെറ്റുതന്നെയാണെന്ന് അനനിയാദ് ഒരു വിറയലോടെ അറിഞ്ഞു. ആ അറിവ് ഒരഗ്നിവലയംപോലെ അനനിയാദിനെ ചുറ്റി. കാലുകൾ വിറകൊള്ളാൻ തുടങ്ങി. ഹൃദയം ഇരമ്പിത്തുടങ്ങി. കണ്ണുകളിൽ ഇരുൾ നിറഞ്ഞു. ആ ഇരുളിൽ മഗ്ദലേന മാഞ്ഞുപോകുന്നു. മേരി അവനിൽനിന്നു മറഞ്ഞുപോകുന്നു.

വഴി തെറ്റിയ യാത്രക്കാരന്റെ നിസ്സഹായതയോടെ അനനിയാദ് നടന്നു. അവനപ്പോൾ ലക്ഷ്യമില്ലായിരുന്നു. എവിടെയെങ്കിലും ചെന്നെത്താനും എവിടെയും ചെന്നെത്താതിരിക്കാനും അവൻ ശ്രമിച്ചില്ല. ഭ്രാന്തവും ഗൂഢവുമായ ഒരാത്മവ്യഥയുമായി അവൻ ലക്ഷ്യമില്ലാതെ നടന്നുകൊണ്ടേയിരുന്നു.

പകലും രാത്രിയും അവനോട് ദയാരാഹിത്യത്തോടെ പെരുമാറി. മഞ്ഞും മഴയും വെയിലും അവനെ ശത്രുവിനെയെന്നവണ്ണം ആക്രമിച്ചു. ഗദ്സമനിയിലെ മുന്തിരിത്തോട്ടത്തിൽനിന്നു ലഭിച്ച വീഞ്ഞും ആപ്പിളും തീർന്നുപോയിരുന്നു.

വിശപ്പും ക്ഷീണവും കൊണ്ട് അനനിയാദ് പാതയോരത്ത് വൃക്ഷത്തണലിൽ വീണുറങ്ങി. ഗാഢമായ ഉറക്കത്തിൽ അനനിയാദിന് ഒരു സ്വപ്നം ദൃശ്യമായി. ഒരിക്കൽ മേരിയുടെ ഭവനത്തിൽ വച്ച് കണ്ട അതേ സ്വപ്നം. കുന്നിൻമുകളിൽ അഗ്നിജ്വാലകൾ പടരുന്നതും അതിനകത്ത് ജറുസലേം ദേവാലയം മുങ്ങിപ്പോകുന്നതും കാണായി. അഗ്നിജ്വാലകൾക്കുള്ളിൽനിന്ന് മുഴക്കമുള്ള ശബ്ദമുണ്ടായി.

"അനനിയാദ്.... നീ കണ്ടെത്തിയതൊന്നും നീ അന്വേഷിച്ചതല്ല. അന്വേഷിക്കുക. കണ്ടെത്തും..."

ആ ശബ്ദം ഒരിടിമുഴക്കംപോലെ അനനിയാദിൽ വന്നു പതിച്ചു. അതിന്റെ ആഘാതത്തിലാണ് അനനിയാദ് കണ്ണു തുറന്നത്. എന്തെന്നില്ലാത്ത ഒരദ്ഭുതവും, അതിലുപരി ഒരുതരം ഭയവും അവനെ ഗ്രസിച്ചുകളഞ്ഞു. അനനിയാദ് എഴുന്നേറ്റ് നടക്കാൻ തുടങ്ങി. കടൽക്കരയിലെത്തിയപ്പോൾ നേരം ചാഞ്ഞു തുടങ്ങിയിരുന്നു.

മുന്നിൽ ഏതോ അന്തഃക്ഷോഭം കൊണ്ടെന്നപോലെ ഇളകിമറിയുന്ന കടൽ. പുറംകടലിലേക്ക് വലവീശാൻ പോകുന്ന മുക്കുവരുടെ വഞ്ചികൾ, സന്ധ്യാകാശത്തിനു താഴെ ചെറിയ കടൽപ്പക്ഷികളെപ്പോലെ തോന്നി.

കാണക്കാണെ തീരത്തേക്കലച്ചു കയറി വരുന്ന തിരകൾക്ക് സ്വർണനിറം ചേർന്നു.

കടലിനു മുകളിൽ സ്വർണം പൂശിയ മേലാപ്പുപോലെ ആകാശം. രക്തഗോളംപോലെ അസ്തമയസൂര്യൻ. പ്രകൃതിക്കു മുഴുവൻ ചോപ്പുനിറം പടർന്നിരുന്നു.

അനനിയാദ് തീരത്തേക്കലച്ചു വരുന്ന തിരകളിൽ പാദം നനയുന്ന വിധം കാലുകൾ നീട്ടിയിരുന്നു. ഉപ്പുവെള്ളം വ്രണങ്ങളിൽ നീറ്റലുയർത്തി. നീറ്റൽ അവന് സാരമായി അനുഭവപ്പെട്ടില്ല. അവന്റെ മനസ്സപ്പോൾ മുമ്പിൽ കിടന്നലയ്ക്കുന്ന കടൽപോലെ അശാന്തമായിരുന്നു. ഉറക്കത്തിൽ കണ്ട സ്വപ്നം അവനെ പീഡിപ്പിച്ചുകൊണ്ടിരുന്നു. ആ സ്വപ്നത്തിന്റെ പൊരുളെന്ത്? ഒരു വട്ടം കൂടി ആ സ്വപ്നം ദൃശ്യമാകാൻ കാരണമെന്ത്?

അറിഞ്ഞുകൂടാ... അനനിയാദിനപ്പോൾ ഒന്നും അറിഞ്ഞുകൂടായിരുന്നു. അജ്ഞതയുടെ കൂടാരമായിരുന്നു അവന്റെ മനസ്സ്. ഇരുൾ മൂടിയ ഒരു കൂടാരം. അവൻ തീരത്തെ മണൽവിരിപ്പിൽ മലർന്നുകിടന്നു. സ്വർണ്ണമേഘങ്ങൾ മേയുന്ന ആകാശത്തിനപ്പുറത്ത് ദൈവത്തിന്റെ ഉദ്യാനത്തിലേക്കു മനസ്സുനീട്ടി.

"ദൈവമേ, എന്റെ ദൈവമേ," അനനിയാദ് കേണു.

"നിന്റെ പുത്രൻ എന്നിൽനിന്ന് മറഞ്ഞുപോകുന്നതെന്ത്?"

"പകൽ മുഴുവൻ ഞാനവനെ അന്വേഷിക്കുന്നു."

"രാത്രിയിലും അന്വേഷിക്കുന്നു."

"എന്നാൽ, കണ്ടുകിട്ടുന്നില്ല."

"എന്റെ സന്ധിബന്ധങ്ങൾ ഉലഞ്ഞിരിക്കുന്നു."

"എന്റെ ഹൃദയം മെഴുകുപോലെയായി."

"അത് ഉരുകിക്കൊണ്ടിരുന്നു."

"മരണത്തിന്റെ നിഴൽ പതിച്ച മരുഭൂമിയിലൂടെ ഞാൻ നടക്കുന്നു."

"എവിടെയാണ് എനിക്കായുള്ള മരുപ്പച്ച."

"എവിടെ എനിക്കുള്ള നീർച്ചാൽ..."

സൂര്യൻ കടലിലേക്കിറങ്ങുകയായിരുന്നു. കിഴക്കേ ആകാശത്തിൽ ഇരുൾച്ചിറകുകൾ നിവർന്നു തുടങ്ങുന്നു. അപ്പോഴാണ് കുറച്ചകലെനിന്ന് കടലിരമ്പത്തിനു മുകളിലൂടെ ആളുകളുടെ ഉച്ചത്തിലുള്ള സംസാരം കേട്ടത്. കണ്ണുതുറന്നു നോക്കിയപ്പോൾ കുറച്ചുപേർ ഉച്ചത്തിൽ സംസാരിച്ചുകൊണ്ട് നടന്നടുക്കുന്നതു കണ്ടു. ഒറ്റനോട്ടത്തിൽ അവർ മീൻപിടിത്തക്കാരാണെന്ന് അനനിയാദിനു മനസ്സിലായി. അവർ എന്തോ ഗൗരവമായി സംസാരിക്കുകയാണ്. ഏതോ ഒരദ്ഭുതം സംഭവിച്ചമാതിരി. അനനിയാദ് അവരെ സാകൂതം ശ്രദ്ധിച്ചു. പക്ഷേ, ഒന്നും മനസ്സിലാക്കാൻ കഴിഞ്ഞില്ല. അവർ അടുത്തു വന്നപ്പോൾ അവൻ തിരക്കി.

"എന്താ... എന്താ സംഭവിച്ചത്...?"

"അദ്ഭുതം അല്ലാതെന്താ..." ഒരാൾ ആശ്ചര്യമടക്കാനാവാതെ പറഞ്ഞു.

"നിങ്ങൾ പറയുന്നതെന്ത്...?"

"എന്താണെന്നു നീ ചെന്നു കാണുക. അവിടെ ഗെന്നസറേ തടാകക്കരയിൽ യേശു എന്നു വിളിക്കുന്ന നസ്രായന്റെ അദ്ഭുതം."

യേശു എന്നു കേട്ടതും അനനിയാദിന്റെ ഹൃദയത്തിലൂടെ ഒരു മിന്നൽ കടന്നുപോയി.

പിന്നെ അവനോടു സംസാരിച്ച മീൻപിടിത്തക്കാരെ അമ്പരപ്പിച്ചുകൊണ്ടാണ് അനനിയാദ് തിടുക്കത്തിൽ ചാടിയെണീറ്റതും ഓടാൻ തുടങ്ങിയതും. കടിഞ്ഞാൺ മുറുക്കിയ ഒരു ഭ്രാന്തൻ കുതിരയെപ്പോലെ തീരത്തെ അസ്തമയനിഴലിലൂടെ അനനിയാദ് ഓടിക്കൊണ്ടിരുന്നു.

(തുടരും)

# ചങ്കാണു കൃഷി : ചങ്കിടിപ്പാണു വിളവ്!



**പ്രിൻസ്‌രാജ്**

മണ്ണിനോടും പ്രകൃതിയോടും പടവെട്ടി മണ്ണിൽ പൊന്നുവിളയിച്ച കർഷകസമൂഹമാണു നമ്മുടെ നാടിന്റെ ഇന്നു കാണുന്ന സാമൂഹികജീവിതത്തിനും സമ്പദ്ഘടനയ്ക്കും അടിത്തറ പാകിയത് എന്നതു ചരിത്രയാഥാർത്ഥ്യം. തിരുവിതാംകൂറും മലബാറും കൊച്ചിയും ചേർന്ന് ഐക്യകേരളം രൂപീകൃതമായിട്ട് ആറര പതിറ്റാണ്ടായെങ്കിലും കർഷകസമൂഹം ഇപ്പോഴും പടവെട്ടിക്കൊണ്ടേയിരിക്കുന്നു. അവർക്ക് അഭിമുഖീകരിക്കേണ്ടുന്ന ശത്രുക്കളും പ്രതിബന്ധങ്ങളും വർധിച്ചു എന്നതാണ് ഉണ്ടായ ഏക മാറ്റം.

അന്നം വിളയിക്കുന്നവർ അന്നത്തിനായി പ്രയാസപ്പെടുന്ന അതിദയനീയ കാഴ്ച നമ്മുടെ പച്ചയായ സാമൂഹികയാഥാർത്ഥ്യങ്ങളിലൊന്നാണ്. കർഷകർ പൊതുവിൽ എല്ലാക്കാലത്തും പ്രതിസന്ധിയിലാണ്. കാര്യകാരണങ്ങൾ മാറിക്കൊണ്ടിരിക്കും എന്നു മാത്രം. അതിൽ നെൽക്കർഷകരുടെ കാര്യമാണ് ഏറെ പരിതാപകരം. കൃഷിയിറക്കി മാസങ്ങൾ കഠിനാധ്വാനം ചെയ്ത് വിളവെടുക്കാറാകുമ്പോൾ, ചെകുത്താനും കടലിനും ഇടയിലായതിനു സമാനമായ അവസ്ഥയിലാകുന്നതാണു പതിവ്. ഇത്തവണയും ആ പതിവു തെറ്റിയില്ല. അപ്പർ കുട്ടനാടിനെ അടക്കം ഉൾക്കൊള്ളുന്ന കോട്ടയം ജില്ലയുടെ കാര്യംതന്നെയെടുക്കാം.

ഈ വൈകിയ വേളയിലും കൊയ്തതും കൊയ്യാനുമുള്ളതുമായി 7000 ടണ്ണിലേറെ നെല്ല് സംഭരിക്കാനുണ്ട്. 1500 ഏക്കറിലേറെ പാടം കൊയ്യാൻ അവശേഷിക്കുന്നു. ഇനിയും വൈകിയാൽ നൂറുകണക്കിനു കർഷകരുടെ മാസങ്ങൾ നീണ്ട അധ്വാനവും മുതൽമുടക്കും വെള്ളത്തിലാവും. 65000 ടൺ നെല്ല് ജില്ലയിൽ സംഭരിച്ചുകഴിഞ്ഞെന്നാണു കണക്ക്. സ്വകാര്യമില്ലുകളാണു നെല്ല് സംഭരിക്കുന്നത്. സംഭരണശേഷി മറികടന്നു എന്ന സ്ഥിരം കാരണം പറഞ്ഞാണ് അവർ സംഭരണത്തിൽനിന്നു പിന്നാക്കം പോയത്. 44 കൃഷിഭവനുകളുടെ പരിധിയിലായി കാൽലക്ഷത്തോളം രജിസ്റ്റേർഡ് നെൽക്കർഷകരാണു ജില്ലയിലുള്ളത്, 460 പാടശേഖരങ്ങളും. വിത്തുശേഖരണംമുതൽ തുടങ്ങുന്നു കർഷകരുടെ ആശങ്കകൾ. സർക്കാർ സംവിധാനത്തിലൂടെയാണു വിത്തുവിതരണം. ശുദ്ധജലം യഥേഷ്ടം ആവശ്യമായ വിളയാണു നെല്ല്. സമുദ്രനിരപ്പിൽനിന്നു താഴ്ന്ന മേഖലകളിലാണല്ലോ പരമ്പരാഗതമായി നെല്ല് കൃഷി ചെയ്യുന്നത്. ഒഴുക്കു നിലച്ചുകിടക്കുന്ന തോടുകളിലെ മലിനജലമാണ് മിക്ക പാടങ്ങളിലും കൃഷിക്കു കിട്ടുന്നത്. ഇതുമൂലം വിളവ് വലിയ തോതിൽ കുറയുന്നു. അടുത്ത കാലത്ത് ഇതിനൊരപവാദം ഉണ്ടായത്, 2018-19 ൽ ആണ്. മഹാപ്രളയത്തെത്തുടർന്ന് തോടുകളിൽ മാലിന്യം നീങ്ങി ശുദ്ധജലം നിറഞ്ഞതാണ് അതിനുള്ള കാരണം.

നെൽക്കർഷകർ നേരിടുന്ന മറ്റൊരു ഗുരുതരപ്രശ്നം ഗതാഗതസൗകര്യത്തിന്റെ അപാകതയാണ്. മണിക്കൂറുകൾ കാൽനടയായി സഞ്ചരിച്ചു കിലോമീറ്ററുകൾ പിന്നിട്ടുവേണം ഒട്ടുമിക്ക പാടശേഖരങ്ങളിലും എത്തിച്ചേരാൻ. വിത്തും വളവും എത്തിക്കുന്നതിനും കൊയ്ത നെല്ല് പാടശേഖരത്തിൽനിന്നു വാഹനത്തിൽ കയറ്റിവിടുന്നതിനുമൊക്കെ കർഷകർ ഏറെ പണിപ്പെടേണ്ടിവരുന്നു. ഇക്കാര്യത്തിൽ കേരളത്തിലെ വലിയൊരു വിഭാഗം നെൽക്കർഷകർക്കും അരനൂറ്റാണ്ടു മുമ്പത്തെ സൗകര്യങ്ങൾ മാത്രമാണു ലഭ്യമായിട്ടുള്ളത്. ഫലമോ? കർഷകർക്കു പാഴ്ചെലവുകൾ വർദ്ധിക്കുന്നു. പാടശേഖരങ്ങളെക്കൂടി ബന്ധിപ്പിച്ച് വില്ലേജു റോഡുകൾ ഉണ്ടാവുകയാണ് ഇതിനു പരിഹാരം. അടിസ്ഥാനസൗകര്യവികസനം ആവശ്യമില്ലാത്ത മേഖലയാണു നെൽക്കൃഷി എന്നൊരു മനോഭാവമാണ് കാലാകാലങ്ങളായി ഭരണകൂടവും ഉദ്യോഗസ്ഥവൃന്ദവും വച്ചുപുലർത്തുന്നത്.

എല്ലാ വിളവെടുപ്പുസീസണിലും കർഷകർ അഭിമുഖീകരിക്കുന്ന മറ്റൊരു വെല്ലുവിളി കൊയ്ത്തുയന്ത്രങ്ങളുടെ ദൗലഭ്യമാണ്. അയൽസംസ്ഥാനങ്ങളിൽനിന്നെത്തുന്ന കൊയ്ത്തു യന്ത്രങ്ങളെക്കൂടി ആശ്രയിച്ചാണു നമ്മുടെ നാട്ടിലെ കൊയ്ത്ത്. കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപറേറ്റ് ലിമിറ്റഡ്, കുട്ടനാട് പാക്കേജിന്റെ ഭാഗമായ കസ്റ്റം ഹയറിങ് സെന്റർ എന്നിവയുടെയൊക്കെ പക്കൽ കൊയ്ത്തുയന്ത്രങ്ങളുണ്ട്. പക്ഷേ, ഒന്നുപോലും സമയത്തിനു കർഷകർക്ക് ഉപയോഗപ്പെടുന്നില്ല എന്നതാണ് അനുഭവം. കൊയ്ത്തുയന്ത്രമാഫിയ സംസ്ഥാനത്തു ശക്തമാണെന്നു കർഷകസാക്ഷ്യം. മണിക്കൂറിന് 2000 രൂപ മുതലാണ് ചാർജ്. ഒരു മണിക്കൂർകൊണ്ട് ഒരേക്കർ കൊയ്യാനാവും. എന്നാൽ, കൂടുതൽ തുക ഈടാക്കാനായി കൊയ്ത്തുവേഗം കുറയ്ക്കുന്നതും സംഘടിതമായി യന്ത്രക്ഷാമം സൃഷ്ടിക്കുന്നതും പതിവാണ്.

നെല്ല് കൊയ്തെടുത്താലും കർഷകരുടെ ആശങ്ക ഒഴിയുന്നില്ല. ഗുണനിലവാരത്തിന്റെ പേരു പറഞ്ഞു സ്വകാര്യമില്ലുകാർ തരാതരംപോലെ താര ആവശ്യപ്പെടുന്നതും കർഷകരെ പ്രതിസന്ധിയിലാക്കുന്നു. സംഭരണവേളയിൽ നെല്ലിന്റെ ഗുണനിലവാരം നോക്കി ഒരു ക്വിന്റലിന് ഇത്ര കിലോ എന്ന നിരക്കിൽ വരുത്തുന്ന കിഴിവാണു താര. 5 മുതൽ 15 കിലോവരെ താര ആവശ്യപ്പെടാറുണ്ട്. 5 കിലോയിൽ കൂടുതൽ താര ചുമത്തിയാൽ കർഷകർക്കു നഷ്ടമുണ്ടാകുന്ന സാഹചര്യമാണു നിലവിലുള്ളത്. സമ്മർദതന്ത്രത്തിൽ കുരുക്കി ഉയർന്ന താരയ്ക്കു കർഷകരെ നിർബന്ധിതരാക്കുന്ന പ്രവണതകൂടിക്കൊണ്ടിരിക്കുന്നു. ഈ സ്ഥിതിഗതികളാണു കേരളത്തിലെ ആകമാനം നെൽക്കർഷകർ അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്നത്.

> **അന്നം വിളയിക്കുന്നവർ അന്നത്തിനായി പ്രയാസപ്പെടുന്ന അതിദയനീയ കാഴ്ച നമ്മുടെ പച്ചയായ സാമൂഹികയാഥാർത്ഥ്യങ്ങളിലൊന്നാണ്. കർഷകർ പൊതുവിൽ എല്ലാക്കാലത്തും പ്രതിസന്ധിയിലാണ്. കാര്യകാരണങ്ങൾ മാറിക്കൊണ്ടിരിക്കും എന്നു മാത്രം.**

കൃഷി കേവലം കർഷകന്റെ ഉപജീവനമാർഗം അല്ലെന്നും സമൂഹത്തിന്റെ പൊതുആവശ്യമാണെന്നും പ്രസ്താവനകൾക്കപ്പുറം ആത്മാർത്ഥമായി ഭരണാധികാരികൾ അംഗീകരിക്കുന്ന കാലത്തേ കർഷകർക്കു നീതി കിട്ടൂ. കാർഷികവൃത്തി ചങ്കായി കൊണ്ടുനടക്കുന്ന കർഷകർക്കു വിളവു ചങ്കിടിപ്പാകുന്ന സ്ഥിതി ആശാസ്യമല്ല. പ്രതിസന്ധികളുടെ പെരുമഴയത്തും കൃഷിയിടം വിട്ടു പോകാത്ത കർഷകർക്ക് ഒരു ബിഗ്സല്യൂട്ട്.

**ഉപസംഹാരം**

സായുധ പോലീസ് കാവൽ നിന്ന കണ്ണൂർ സെൻട്രൽ ജയിലിലെ ചപ്പാത്തി യൂണിറ്റിൽനിന്ന് രണ്ടു ലക്ഷത്തോളം രൂപ കവർന്നു. കള്ളൻ ജയിലിനുള്ളിൽത്തന്നെയോ? ■



---

**ശ്രേഷ്ഠമലയാളം / ഡോ. ഡേവിസ് സേവ്യർ**



## ഉത്പത്തി

രണ്ടു വകുപ്പിൽപ്പെട്ട പദങ്ങൾ ഒന്നുപോലെ ഉച്ചരിക്കുന്നതുമൂലം ഉണ്ടാകുന്ന അവ്യവസ്ഥ പരിഹരിക്കാൻ എളുപ്പമല്ലാതായിത്തീർന്നിട്ടുണ്ട്. സംസ്കൃതവാക്കുകളും മലയാളവാക്കുകളും തിരിച്ചറിയാൻ കഴിയാതെ പോകുന്നത് ശൈഥില്യങ്ങൾക്കു കാരണമാകുന്നു. സംസ്കൃതത്തിൽനിന്നു കടംകൊണ്ട വാക്കുകളിലാണ് ഉച്ചാരണവ്യതിയാനം അധികവും കാണപ്പെടുന്നത്. ഉത്പത്തി, ഉത്പാദനം, ഉത്കടം, ഉത്കൃഷ്ടം, സത്കാരം, താത്പര്യം, ആത്മാവ്, മത്സരം, വാത്സല്യം എന്നിങ്ങനെ തകാരത്തിന്റെ അർദ്ധചിഹ്നം വേണ്ടിടത്ത് 'ഉല്പത്തി, ഉല്പാദനം, ഉല്കൃഷ്ടം, ഉല്കടം, സല്കാരം, താല്പര്യം, ആല്മാവ്, മല്സരം, വാല്സല്യം എന്നെല്ലാം ലകാരം ചേർത്ത് ഇപ്പോൾ എഴുതിവരുന്നു.

തകാരത്തിനുശേഷം വ്യഞ്ജനം വന്നാൽ ആ തകാരത്തെ മലയാളികൾ ലകാരമാക്കിയാണ് ഉച്ചരിക്കുന്നത്. അതു ക്രമേണ എഴുത്തിലേക്കു കടന്നുകൂടി. സംസ്കൃതരീതിയനുസരിച്ച് ലകാരം ചേർത്തെഴുതുന്നത് തെറ്റാണ്. മലയാളത്തിലെ ലിപിവ്യവസ്ഥപ്രകാരം ലകാരത്തിന്റെ (തകാരത്തിന്റെ അല്ല) ഉപലിപി 'ൽ' ആണ്. (കാട്ടില് = കാട്ടിൽ). മിഥ്യാഭ്രമം മൂലമാകണം തകാരത്തിന്റെ ഉപലിപിയാണ് ൽ എന്നു ധരിക്കാനിടയായത്. ആകൃതിയിൽ തകാരലിപിയോടുള്ള സാദൃശ്യവും തെറ്റായ ധാരണ ഉണ്ടാവാൻ കാരണമായിട്ടുണ്ടാകണം. "സംസ്കൃതപദങ്ങളിലെ സംഘാതശബ്ദത്തിന്റെ ആദ്യഘടകം (തകാരം) ലകാരചിഹ്നം ഉപയോഗിച്ച് എഴുതിക്കാണിക്കരുത്. ഒന്നുകിൽ ഉൽപത്തി, മൽസരം, ഉൽസവം എന്ന മട്ടിൽ (ൽ എന്ന ലിപി സ്വരസ്പർശമില്ലാത്ത തകാരത്തെയും സൂചിപ്പിക്കും) എഴുതുക, അല്ലെങ്കിൽ ഉത്പത്തി, മത്സരം, ഉത്സവം എന്ന രീതിയിൽ സ്വീകരിക്കുക." * സംസ്കൃതപദമേത് മലയാളപദമേത് എന്ന തിരിച്ചറിവുണ്ടെങ്കിലേ അല്പം (അൽപ്പം) ശില്പം (ശിൽപ്പം) തല്പം (തൽപ്പം) കല്പന (കൽപ്പന) എന്നിവ എഴുതുമ്പോൾ ലകാരം ചിഹ്നവും സത്കാരം, ഉത്പത്തി, ഉത്കടം, തത്കാലം, ആത്മാവ്, താത്പര്യം, മത്സരം, വാത്സല്യം എന്നിവയിൽ തകാരത്തിന്റെ ശരിയായ ഉച്ചാരണം അനുസരിച്ചുള്ള ലിപിവിന്യാസവും സ്വാഭാവികമായി വന്നുചേരൂ. **

ഉത്പത്തി (സംസ്കൃതം) ഉൽപത്തി (മലയാളം) ഉച്ചാരണത്തിൽ പകാരത്തിന് ബലാഘാതം ഉള്ളതിനാൽ ഉൽപ്പത്തിയും ശരിയെന്നു ഗണിക്കണം. ഉച്ചാരണവ്യത്യാസങ്ങൾ കണക്കാക്കാതെ എഴുതാൻ തുടങ്ങിയാൽ എഴുത്തിൽ ഒരു ക്രമവും ദീക്ഷിക്കാൻ കഴിയാതെ വരും. ആയതിനാൽ 'ഉല്പത്തി' , 'ഉല്പാദനം' , 'സല്കാരം' മുതലായവയെ പരിനിഷ്ഠഭാഷയിൽനിന്ന് ഒഴിവാക്കുക.

* പ്രഭാകരവാര്യർ, കെ.എം., ഡോ., ശൈലീശില്പം ഒന്നാം ഭാഗം, മാളുബൻ പബ്ലിക്കേഷൻസ്, തിരുവനന്തപുരം, 1978, പുറം - 81, 82.

** ലീലാവതി, എം., ഡോ., നല്ലെഴുത്ത്, കേരള മീഡിയ അക്കാദമി, കൊച്ചി, 2016, പുറം - 42




# 'ജോജി'യുടെ മാന്വലുകൾ



സിനിമ

**ബിജോ രാജു ഗ്രേഷ്യസ്**

**ഈ**സ്റ്റർ-വിഷു ചിത്രമായി ആമസോൺ പ്രൈമിൽ റിലീസായ, ഫഹദ് ഫാസിൽ - ദിലീഷ് പോത്തൻ ടീമിന്റെ ജോജി എന്ന സിനിമ മികച്ച പ്രേക്ഷകസ്വീകാര്യത നേടിക്കൊണ്ടു മുന്നേറുകയാണ്. ശ്യാം പുഷ്കരന്റേതാണ് രചന. സൂപ്പർ ഹിറ്റായിരുന്ന 'മഹേഷിന്റെ പ്രതികാര'ത്തിനുശേഷം ഫഹദ്-ദിലീഷ്-ശ്യാം ടീം ഒന്നിച്ച 'ജോജി' കഥകൊണ്ടും കഥനംകൊണ്ടും പാത്രങ്ങളുടെ വിസ്മയാവഹമായ പ്രകടനംകൊണ്ടും ഛായാഗ്രഹണംകൊണ്ടും പശ്ചാത്തലസംഗീതം കൊണ്ടും മികച്ച ചലച്ചിത്രാനുഭവംതന്നെയാണ് പ്രേക്ഷകർക്കു സമ്മാനിച്ചിരിക്കുന്നത്. 2021 മാർച്ച്-ഏപ്രിൽ മാസങ്ങളിൽ കൊവിഡിന്റെ പശ്ചാത്തലത്തിലാണ് കഥ നടക്കുന്നത്.

വില്യം ഷേക്സ്പിയറുടെ വിശ്വപ്രസിദ്ധ നാടകമായ മാക്ബത്തിൽനിന്നു പ്രചോദനമുൾക്കൊണ്ടുള്ള ദൃശ്യാവിഷ്കാരമാണ് ജോജിയുടേത്. മധ്യതിരുവിതാംകൂറിലെ ഒരു മലയോരഗ്രാമത്തിൽ, പനച്ചേയിൽ എന്ന ക്രിസ്തീയതറവാട്ടിലെ ഉഗ്രപ്രതാപിയായ കുട്ടപ്പൻ എന്ന പിതാവും മക്കളും തമ്മിലുള്ള ബന്ധങ്ങളിലെ വൈകാരികതലങ്ങളാണ് ഈ സിനിമയിലെ പ്രമേയം. സ്വാർത്ഥതയും അത്യാഗ്രഹവും നിമിത്തം സത്യബോധവും ധാർമികതയും നഷ്ടപ്പെട്ടുപോയ ജോജി എന്ന ആ വീട്ടിലെ ഇളയ സന്തതി നടത്തുന്ന ചതിയുടെ ചോരക്കളികളിലൂടെ ദാരുണമായി പര്യവസാനിക്കുന്ന ഒരു സിനിമയാണിത്.

തിരക്കഥയിലെ സ്ഥിതിവർണനകൾക്കപ്പുറത്ത് മൂർത്തമായ ഒരു കഥാതന്തുവിനെ കഥാപാത്രങ്ങളുടെ ഇമയാട്ടംകൊണ്ടുപോലും പൊലിപ്പിച്ചവതരിപ്പിക്കുന്നതിലുള്ള കൈയടക്കം മഹേഷിന്റെ പ്രതികാരം, തൊണ്ടിമുതലും ദൃക്സാക്ഷിയും എന്നീ മുൻചിത്രങ്ങളിലൂടെ തെളിയിച്ചിട്ടുള്ള ദിലീഷ് പോത്തനെന്ന ഉജ്ജ്വലസംവിധായകന്റെ ആസൂത്രണമികവുതന്നെയാണ് ജോജിയുടെ മുന്നേറ്റത്തിലും എടുത്തുപറയേണ്ടത്. എരുമേലിയിലെ ഒരു ക്രിസ്തീയകുടുംബത്തിൽ അവരാരുമറിയാതെ ക്യാമറാ വച്ച്, അവരുടെ ജീവിതം ഒപ്പിയെടുത്തതുപോലെ, അത്ര റിയലിസ്റ്റിക്കായ അവതരണം. ചിത്രത്തിലെ നായകൻ പിതാവിനെയും ജ്യേഷ്ഠനെയും കൊല്ലാൻ ഉപയോഗിക്കുന്ന മെഡിക്കൽ ക്യാപ്സൂളും വെടിയുണ്ടയും കലാപരമായി സമന്വയിക്കുന്ന JOJI എന്ന ടൈറ്റിലിൽപ്പോലും ആ വിദഗ്ധവിരൽസ്പർശം നമുക്കു കാണാം.

**ഷേക്സ്പിയറുടെ മാക്ബത്തിന്റെ കാലികപ്രസക്തി**

വില്യം ഷേക്സ്പിയറുടെ നാടകങ്ങൾ പൊതുവായി ശുഭമായോ ശോകമായോ (Comedy/Tragedy) പര്യവസാനിക്കുന്നതാണ്. മാക്ബത്ത് ശോകപര്യവസായിയായ നാടകമാണ്. സ്കോട്ലന്റിലെ രാജാവായിരുന്ന ഡങ്കന്റെ വലംകൈയായ സൈന്യാധിപനായിരുന്ന മാക്ബത്ത്, അധികാരാസക്തികളുടെ ശമനത്തിനുവേണ്ടി, തന്റെ ഭാര്യയായ ലേഡി മാക്ബത്തിന്റെ ദുഷ്പ്രേരണയാൽ, കുത്സിതമായ മാർഗത്തിലൂടെ രാജാവിനെ വധിക്കുന്നു. ആ പാതകം മറച്ചുവയ്ക്കാനും പരമലക്ഷ്യത്തിന്റെ സാഫല്യത്തിനുംവേണ്ടി കൂടുതൽ നിഷ്ഠുരകൊലപാതകങ്ങളും ചതികളും നടത്തി, കുറ്റബോധം താങ്ങാനാവാതെ ഉന്മാദചിത്തനായി ജീവിച്ച് നാടകാന്ത്യത്തിൽ അപമൃത്യു ഏറ്റുവാങ്ങുന്ന കഥ വിശ്വപ്രസിദ്ധമാണ്.

പഠിക്കാനും മെച്ചപ്പെട്ട ജീവിതസാഹചര്യങ്ങൾ കെട്ടിപ്പടുക്കാനും വേണ്ടതെല്ലാം ഒരുക്കിക്കൊടുത്തിട്ടും അതൊന്നും സമുചിതമായി വിനിയോഗിക്കാതെ ആലസ്യം പൂണ്ടു ജീവിച്ചിട്ട്, പിതൃസമ്പാദ്യം കരഗതമാക്കിയാൽ ജീവിതം കൂടുതൽ മെച്ചപ്പെടുത്തിയെടുക്കാമെന്ന മിഥ്യാബോധത്താൽ അതിലേക്കുമാത്രം കണ്ണുംനട്ട്, ഏതുവിധേനയും അതു കൈയാളാൻ, പുറമേ പരുക്കനെങ്കിലും സ്നേഹമുള്ള പിതാവിനെ രോഗക്കിടക്കയിൽ വച്ച് മരുന്നു മാറ്റി നൽകിയും, മദ്യപനും തകർന്നുപോയ ഒരു കുടുംബജീവിതത്തിന്






ഉടമയുമാണെങ്കിലും അപ്പനോടുള്ള അടങ്ങാത്ത സ്നേഹം ഉള്ളിൽ സൂക്ഷിക്കുന്ന മൂത്ത ജ്യേഷ്ഠനെ പന്നിപ്പടക്കമെറിഞ്ഞും കൊല്ലുന്ന ജോജിയും, ഈ നിഷ്ഠുരപ്രവൃത്തിക്കു സക്രിയമായിത്തന്നെ പ്രേരണയും പിന്തുണയും നൽകുന്ന മറ്റൊരു ജ്യേഷ്ഠപത്നി ബിൻസിയും 'ജോജി'യിൽ യഥാക്രമം അഭിനവ മാക്ബത്തായും ലേഡി മാക്ബത്തായും പകർന്നാടുന്നു.

**ക്രിസ്ത്യാനിയുടെ മാന്വൽ ബൈബിൾ**

ഫ്രിഡ്ജും മറ്റും വാങ്ങുമ്പോൾ അതിന്റെ പ്രവർത്തനരീതിയെങ്ങനെയെന്നു വ്യക്തമാക്കുന്ന മാന്വൽ അതോടൊപ്പം ലഭിക്കുന്നതുപോലെ, ഒരു ക്രിസ്ത്യാനി എങ്ങനെ സമൂഹത്തിൽ ജീവിക്കണമെന്നുള്ള മാനദണ്ഡങ്ങളടങ്ങിയ മാന്വലാണ് വിശുദ്ധ ബൈബിളെന്ന് ഊന്നിപ്പറഞ്ഞുകൊണ്ട്, പനച്ചേയിൽ കുടുംബം അംഗങ്ങളായിരിക്കുന്ന ഇടവകയിലെ വികാരി ഫാദർ കെവിൻ, അത്യാധുനികതയുടെ തരംഗവേഗത്തിനൊപ്പം സത്തകളും മൂല്യങ്ങളും നഷ്ടപ്പെട്ടു പായുന്ന പുതിയ തലമുറയിലെ ക്രിസ്ത്യാനികളോടു പൂർവിക നന്മകളിലേക്കു മടങ്ങിവരാൻ ആഹ്വാനം നൽകുന്നുണ്ട്. മറ്റു മതങ്ങൾ എന്തു വിലകൊടുത്തും അവരുടെ ആചാരങ്ങളും അനുഷ്ഠാനങ്ങളും സംരക്ഷിക്കേണ്ടതിന് വെറിയും വ്യഗ്രതയും പൂണ്ട് പൊതുഗതാഗതം പോലും സ്തംഭിപ്പിക്കുമ്പോൾ, ആചാരവും അതിന്റെ സംരക്ഷണവും ക്രൈസ്തവർക്ക് ഏതുമല്ലെന്നാണോ! പിതൃവിയോഗത്തിൽ പൊട്ടിക്കരഞ്ഞ് ശോകാന്തരീക്ഷം സൃഷ്ടിച്ചില്ലെങ്കിലും, പടക്കം പൊട്ടിച്ച് ആഘോഷിച്ച്, ക്രൈസ്തവപൈതൃകമൂല്യങ്ങൾക്കു കളങ്കം വരുത്തരുതെന്ന, കെവിനച്ചന്റെ പ്രബോധനങ്ങൾ ദൈവത്തെ ഭയവും മനുഷ്യനെ ശങ്കയുമുള്ള, ക്രിസ്തീയ അച്ചടക്കത്തിലധിഷ്ഠിതമായ ജീവിതശൈലിയെപ്പറ്റിയാണ് പ്രേക്ഷകനെ ഓർമിപ്പിക്കുന്നത്. ഏതു മഹത്തായ പാരമ്പര്യത്തിന്റെ പ്രൗഢിയിൽ പുകഴുന്നവനായാലും ദൈവഭയമില്ലാതെയും ആധ്യാത്മികസംസർഗമില്ലാതെയും ധനസമ്പാദനത്തിനു മാത്രമായി ജീവിക്കുന്നതും പൗരോഹിത്യത്തെ അവഹേളിക്കുന്നതും, ധാർഷ്ട്യം പുലമ്പുന്നതുമൊക്കെ ദൈവനിന്ദാപരവും ദൈവത്തിൽനിന്നകന്നതുമായ പോക്കാണെന്നും, അതുകൊണ്ടു സംഭവിച്ച ശിക്ഷകളാണ് പനച്ചേയിൽകുടുംബത്തിൽ വന്നുഭവിച്ച ദുരന്തങ്ങളെന്നും ഒരു പുരോഹിതന്റെ മകൻകൂടിയായ സംവിധായകൻ ബേസിൽ ജോസഫ് അവതരിപ്പിച്ച ഫാദർ കെവിൻ എന്ന കഥാപാത്രം ജോജിയിലൂടെ ഊന്നിപ്പറയുന്നു.

ദൈവഭയമില്ലാതെ അനാത്മീയരായി ജീവിക്കുന്ന കഥാപാത്രങ്ങളെ അവതരിപ്പിക്കുമ്പോൾ, കഥയോടും ആവിഷ്കാരസ്വാതന്ത്ര്യത്തോടും നീതി പുലർത്തുന്നുണ്ടെങ്കിലും, ജോജിയിലെ ചില സംഭാഷണങ്ങളിൽ കുടുംബപ്രേക്ഷകരെ അലോസരപ്പെടുത്തുന്ന തെറിപ്പദങ്ങളുടെ അതിപ്രസരം ഉണ്ടായിരുന്നതിനാൽ അത് സെൻസറിങ് കത്രികയ്ക്കു വിധേയപ്പെടേണ്ടിയിരുന്നു. സണ്ണി വാകത്താനം, ബാബുരാജ്, ജോജി മുണ്ടക്കയം, ഷമ്മി തിലകൻ, ഉണ്ണിമായ പ്രസാദ് തുടങ്ങിയവരുടെ മികച്ച പ്രകടനങ്ങളാണ് ജോജിയിൽ കാണുന്നത്.

Deepanalam Weekly

RNI No : 16998/68
Vol. 54 No. 9 Date of Publication 29 April 2021
Annual Subscription Rate ₹ 300 (For Abroad ₹ 3000)

Registered No. KL/KTM/12/2021-2023
License No.KL/CR/KTM/WPP-11/2021-2023
Licensed to post without pre-payment

916 സ്വർണ്ണാഭരണങ്ങളുടെ പാലായിലെ
അതിവിശാലമായ ഷോറൂം..!



# മൂഴയിൽ ജൂവലറി

മെയിൻ റോഡ്, പാലാ,
Phone: 212498 , 211028

സഹോദരസ്ഥാപനം: **മൂഴയിൽ ബാങ്കേഴ്സ്**
മാർക്കറ്റ് റോഡ്, OPP. സിവിൽസ്റ്റേഷൻ, പാലാ
ഫോൺ: 212269

100 രൂപയ്ക്ക് മാസം 1½ രൂപാ മാത്രം പലിശ

# വചന ക്ലോക്കുകൾ

ഓരോ മണിക്കൂർ ഇടവിട്ട്
(രാവിലെ 5 മുതൽ രാത്രി 10 വരെ)

ഭക്തിഗാനവും
ദൈവവചനവും
കേൾക്കാൻ കഴിയുന്ന
ക്ലോക്കുകൾ

വ്യത്യസ്ത
മോഡലുകളിൽ





WOODEN
GRANDFATHER &
GRANDMOTHER
CLOCKS
(ROSEWOOD, TEAK & OAK)

വിശേഷ സന്ദർഭങ്ങളിൽ കൊടുക്കുവാൻ
ഒരു ഉത്തമ സമ്മാനം

പാലാ സെന്റ് തോമസ് ബുക്സ്റ്റാളിൽ ലഭ്യമാണ്
PH: 04822 215321
www.stthomasbookstall.com
Email: stbookstallpala@gmail.com

# കൊറ്റത്തിൽ ആയുർവ്വേദ ഹോസ്പിറ്റൽ




അയർക്കുന്നം, കോട്ടയം
Phone: 0481-2545588, 9447054461
E-mail : mail@kottathilayurveda.com
Website: www.kottathilayurveda.com

മസ്തിഷ്കരോഗങ്ങൾ, നട്ടെല്ല് രോഗങ്ങൾ, അസ്ഥിരോഗങ്ങൾ, സന്ധിരോഗങ്ങൾ, ശിശുരോഗങ്ങൾ



സ്ത്രീരോഗങ്ങൾ
(ആനോ–റെക്റ്റൽ രോഗങ്ങൾ) ത്വക്‌രോഗങ്ങൾ
വാർദ്ധക്യരോഗങ്ങൾ

വിവിധങ്ങളായ കേരളീയ ചികിത്സാക്രമങ്ങളും പഞ്ചകർമ്മങ്ങളും (നസ്യം, വമനം, വിരേചനം, കഷായവസ്തി, രക്തമോക്ഷം) വിദഗ്ധരുടെ മേൽനോട്ടത്തിൽ ഔട്ട്പേഷ്യന്റായും (O.P.) ഇൻപേഷ്യന്റായും (I.P.) ചെയ്യുന്നു.

# ലിത്തോസ് പാവിംഗ് ടൈൽസ് നിങ്ങളുടെ മുറ്റം കൂടുതൽ സുന്ദരമാക്കും..

വ്യത്യസ്തവും, മനോഹരവുമായ ഡിസൈനുകളുടെ വിപുല ശേഖരവുമായി ലിത്തോസ് പാവിംഗ് ടൈൽസ് വിപണിയിൽ. കുറഞ്ഞ വിലയിൽ ഏറ്റവും മികച്ചതും ദീർഘകാലം ഈട് നിൽക്കുന്നതുമായ പാവിംഗ് ടൈലുകളാണ് ലിത്തോസ് നൽകുന്നത്. ഏറ്റവും ആധുനിക മെഷിനറികളുടെ സഹായത്തോടെ സ്വന്തം ഫാക്ടറിയിൽ നിർമ്മിക്കുന്നതിനാൽ മാർക്കറ്റ് വിലയേക്കാൾ കുറഞ്ഞ നിരക്കിൽ ആവശ്യക്കാർക്ക് ടൈലുകൾ തിരഞ്ഞെടുക്കുവാൻ കഴിയുന്നു. നിർമ്മാണത്തിന്റെ ഓരോ ഘട്ടങ്ങളിലും ഗുണമേന്മ പരിശോധിച്ച് ഉറപ്പ് വരുത്തുന്നു എന്നതാണ് ലിത്തോസിന്റെ മറ്റൊരു പ്രത്യേകത. വിവിധ ഡിസൈനുകളിലുള്ള ടൈലുകൾ കേരളത്തിൽ എവിടെയും കുറഞ്ഞ നിരക്കിൽ വിരിച്ച് കൊടുക്കാനുള്ള സൗകര്യവും ഇവിടെ ഏർപ്പെടുത്തിയിട്ടുണ്ട്.

- പൂർണ്ണമായും വൈറ്റ് സിമന്റിൽ നിർമ്മിക്കുന്നതിനാൽ പായൽ പിടിക്കാനുള്ള സാധ്യത തീർത്തും കുറവ്.
- സാധാരണ ഇന്റർ ലോക്കുകളെ അപേക്ഷിച്ച് ഏറ്റവും മികച്ച കളർ ഓക്സൈഡ് ഉപയോഗിക്കുന്നു.
- പരിചയ സമ്പന്നരായ തൊഴിലാളികളാൽ പൂർണ്ണ ഉത്തരവാദിത്വത്തോടെ സൈറ്റിൽ വിരിച്ചു കൊടുക്കപ്പെടും

LITHOS PAVING TILES
ISO 9001:2015





**Royal Industries**
Near St Antony's Abbot Church,
Elamthottam, Pala, Pin 686651
907 264 7007
907 264 7008

Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 • Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
• Ph: 04822-212842, 7306874714 • Fax: 04822-212842 • Email: editordeepanalam@gmail.com • deepanalam@rediffmail.com • website: www.deepanalam.org